ജനുവരി 2017

Price ₹ 25

ജീവനും വെളിച്ചവും

പ്രകാശത്തിലേക്ക് നിന്നെ വഴിനടത്താൻ അവൻ കൂടെയുണ്ട്
പക്ഷേ, കൂടെ നടക്കാൻ നീ മനസ്സാകണം

കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും.
(അപ്പ : 16 : 31)

12-ാമത്

അനന്തപുരി
കാത്തലിക് ബൈബിൾ കൺവെൻഷൻ

ജോൺ പോൾ രണ്ടാമൻ നഗർ
(പുത്തരിക്കണ്ടം മൈതാനം)

2017 ഫെബ്രുവരി 22, 23, 24, 25, 26

തീയതികളിൽ വൈകു : 4 മുതൽ 9.30 വരെ

കൃപാഭിഷേക ധ്യാനം
നേതൃത്വം നൽകുന്നത്

ഫാ.ഡൊമിനിക് വാളന്മാനാൽ & ടീം

അണക്കര മരിയൻ ധ്യാനകേന്ദ്രം

ഏവർക്കും സ്വാഗതം

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 ജനുവരി
പുസ്തകം - 41 ലക്കം - 1
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. സൂസപാക്യം
സഹ രക്ഷാധികാരി
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
ഉപദേശക സമിതി
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. ഇഗ്നാസി രാജശേഖർ
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. തീയോഡേഷ്യസ് ഡിക്രൂസ്
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
എഡിറ്റർ ഇൻ-ചാർജ്
മോൺ. തോമസ് ജെ. നെറ്റോ
സഹ പത്രാധിപർ
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
പത്രാധിപ സമിതി
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ലിസ്ബ യേശുദാസ്
ഓഫീസ് നിർവ്വഹണം
സി. ലീല മുഴയിൽ ഡി.എസ്.പി
രൂപകല്പന
സുനിൽകുമാർ

ഒരു നല്ല നാളേക്കുവേണ്ടി

കേരളത്തിലെ ലത്തീൻസഭ വളരെ പ്രതീക്ഷയോടെയാണ് 2017 നെ നോക്കിക്കാണുന്നത്. ജനുവരിമാസം മുതൽ ഒക്ടോബർ മാസംവരെ നീണ്ടുനിൽക്കുന്ന പന്ത്രണ്ട് രൂപതകളിലെ ശുശ്രൂഷകളെയും, കുടുംബയൂണിറ്റുകളെയും കേന്ദ്രീകരിച്ചുള്ള നവീകരണപ്രവർത്തനം സഭയുടെ സമഗ്രമായ പ്രേഷിതദൗത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. അജപാലന രംഗത്തെ ചുവടുവയ്പുകളിൽ തുടങ്ങി കുടുംബ നവീകരണം, സാമൂഹ്യോത്ഗ്രഥനം, അല്മായ ശക്തീകരണം, കുടുംബ കൂട്ടായ്മകൾ, വിദ്യാഭ്യാസം, യുവചേതനാനുഭവം, സമർപ്പിതർ, വൈദികർ തുടങ്ങി സഭയുടെ വിവിധ പ്രേഷിത രംഗങ്ങൾക്ക് നവോന്മേഷം പകരുവാനുള്ള ദൗത്യമാണ്. ഒക്ടോബർ മാസം വല്ലാർപാടത്ത് നടക്കുന്ന "മിഷൻ കോൺഗ്രസ് - ബിസിസി കൺവെൻഷൻ' ഒരു ദശവത്സരപദ്ധതിക്ക് രൂപം നൽകി ഭാവി പ്രവർത്തനങ്ങൾക്ക് വഴിത്തിരിവാകും.

"സഭ ദൈവജനം" ആണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ടാണ് 2014-15, 15-16, 16-17 വർഷങ്ങളിൽ കേരളത്തിലും തമിഴ്നാട്ടിലുമായി വ്യാപിച്ചുകിടക്കുന്ന ലത്തീൻ സഭ ഈ പ്രയാണമാരംഭിച്ചത്. സഭയുടെ കീഴ്ഘടകങ്ങളായ കുടുംബകൂട്ടായ്മകൾ, അവയിൽനിന്ന് രൂപപ്പെടുന്ന ആറ് ശുശ്രൂഷകൾ, ഇടവകതല, ഫെറോനതല, രൂപതതല സംവിധാനങ്ങൾ ആനുകാലിക ലോകം പ്രതീക്ഷയോടെ നോക്കിക്കാണുന്ന പങ്കാളിത്ത സംവിധാനമാണ്. അധികാര കേന്ദ്രീകരണത്തിന്റെയും കമ്പോളകുത്തകകളുടെയും മേൽക്കോയ്മ ജീർണത നേരിടുമ്പോൾ, വ്യക്തികളെയും, കുടുംബങ്ങളെയും അവരുടെ യഥാർത്ഥ ജീവിത സംസ്കൃതികളെയും കേന്ദ്രീകരിച്ച നീക്കം ഏറെ പ്രതീക്ഷ ഉണർത്തുന്നു.

ഈ സന്ദർഭത്തിലാണ് തിരുവനന്തപുരം അതിരൂപത വേണ്ടത്ര മുന്നൊരുക്കത്തോടെ പുതിയ സംവിധാന ക്രമങ്ങൾക്ക് രൂപം നൽകിവരുന്നത്. ഈ സംവിധാനങ്ങൾ ജനങ്ങൾ യഥാർത്ഥ സഭയായി, വിശ്വാസികൾ സഭയുടെ കാതലായ നയ-തീരുമാന-നടപടി പ്രക്രിയകളിൽ നേതൃത്വം നൽകി, ദൈവജനമാണെന്ന സന്ദേശവും, ദൈവരാജ്യ നിർമ്മിതിയിൽ പങ്കുകാരും ചുറ്റും വസിക്കുന്ന എല്ലാവരുമായി കൈകോർക്കുന്നവരും ആയിത്തീരുന്ന നല്ല നാളുകൾ രൂപപ്പെടട്ടേ എന്ന് പ്രത്യാശിക്കുന്നു. ഈ മാസം അജപാലന ശുശ്രൂഷയ്ക്കാണ് നാം ഊന്നൽ നൽകിയിരിക്കുന്നത്.

പുതുവത്സരാശംസകളോടെ,

- പത്രാധിപർ

പ്രതികരണങ്ങൾ

ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു

ഡിസംബറിന്റെ ചൈതന്യവും മനോഹാരിതയും സൗന്ദര്യവും നിറഞ്ഞുകവിയുന്നതായിരുന്നു ജീവനും വെളിച്ചവും ക്രിസ്മസ് പതിപ്പ്. വർണവൈവിധ്യങ്ങളുടെ വിസ്മയങ്ങൾ പെയ്തിറങ്ങുംവിധം പേജുകൾ ചേതോഹരമായി രൂപകൽപ്പന ചെയ്തവർക്ക് അഭിനന്ദനങ്ങൾ.

ജീവനും വെളിച്ചവും സഹപത്രാധിപർ എം.ജി.ശ്രീകുമാറുമായി നടത്തിയ അഭിമുഖം വായിച്ചു. പലപ്പോഴും ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നുവെന്ന് എം.ജി.ശ്രീകുമാർ ധൈര്യത്തോടെ പറഞ്ഞു കേട്ടിട്ടുണ്ട്. ക്രൈസ്തവരല്ലാത്ത അനേകർക്ക് യേശു ക്രിസ്തു വഴികാട്ടിയാണ്, വെളിച്ചമാണ്, ഗുരുവാണ്, നേതാവാണ്. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസമാണ് പരമപ്രധാനം. സത്യത്തിൽ 'ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു' എന്ന തലക്കെട്ടല്ലേ വേണ്ടിയിരുന്നത്? ഏതായാലും അഭിമുഖം നന്നായിരുന്നു.

– വിയന്നാ, ചെമ്പകമംഗലം

തിരസ്കൃതരെ പേറുന്നവർ

ഡിസംബർ ലക്കം പത്രാധിപരുടെ മുഖവിചാരം കാലിത്തൊഴുത്തിനെക്കുറിച്ചുള്ള വേറിട്ട ചിന്തകളാൽ ധന്യമായിരുന്നു. സത്രത്തിലായിരുന്നു തിരുപ്പിറവിയെങ്കിൽ അവിടെ കാലികൾക്കും ഇടയന്മാർക്കുമൊന്നും പ്രവേശനം ഉണ്ടായിരിക്കുകയില്ല. തുർക്കിയിലെയും പശ്ചിമേഷ്യൻ രാജ്യങ്ങളിലെയും മുസ്ലീം അഭയാർത്ഥികളെ എന്തുകൊണ്ടു സമ്പത്തും സ്ഥലസൗകര്യങ്ങളുമുള്ള മുസ്ലീം രാജ്യങ്ങൾ സ്വീകരിക്കുന്നില്ലെന്ന് കത്തോലിക്ക സഭ ഓർത്താൽ നന്ന്. സഭയുടെ ശക്തി കേന്ദ്രങ്ങൾ മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങളായി മാറുകയാണ് ഇന്ന്.

നമ്മുടെ സഭയിലും പാർശ്വവൽക്കരിക്കപ്പെട്ടവരോടും ദളിതരോടും പാവങ്ങളോടും എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും മാത്രമേ ഗാഢമായ സ്നേഹവും പരിഗണനയും പ്രകടിപ്പിക്കുന്നു എന്നതല്ലേ സത്യം? വെടിയൊച്ചകളും ചാവേറുകളും അക്രമവും അനീതിയും അനാചാരവും പീഡനങ്ങളും ഭീകരതയുമില്ലാത്ത ലോകം വെറുമൊരു സ്വപ്നം മാത്രമല്ലേ? ദേവാലയത്തിന്റെ നാലുചുവരുകൾക്കുള്ളിലും സുരക്ഷിത ഇടങ്ങളിലും മാത്രം ക്രിസ്തുവിനെ പങ്കുവയ്ക്കുന്ന സഭ എന്നാണ് ജനങ്ങളിലേക്കിറങ്ങിച്ചെല്ലുന്നത്? പല കാരണങ്ങളാൽ സഭയിൽ നിന്നകന്ന് 'അഭയാർത്ഥികളെപ്പോലെ' കഴിയുന്നവരുടെ വേദന നാം കാണുന്നുണ്ടോ? സ്വർഗം ലക്ഷ്യമാക്കി ഭൂമിയിൽ അഭയാർത്ഥികളെപ്പോലെ കഴിയുന്നവരല്ലേ ക്രൈസ്തവരും? ഹൃദയം പൂൽത്തകിടിയാക്കി അവിടെ ഉണ്ണിയേശു വന്നുപിറക്കണമെങ്കിൽ അതിനേറെ കടമ്പകൾ കടക്കാനുണ്ട്.

– ജെറാൾഡ് ബി.

നീർച്ചാലുകൾ എന്ന പംക്തിയെ അവഗണിക്കരുത്

ബിസിസികളിലൂടെ പൊതുജനങ്ങൾക്കായി സഭ തുറന്നിട്ട സാധ്യതകൾ പ്രയോജനപ്പെടുത്താൻ മുന്നോട്ടുവരുന്ന സാധാരണക്കാർക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ് ജീവനും വെളിച്ചവും എന്ന സവിശേഷ പ്രസിദ്ധീകരണം. ഇതിലെ നീർച്ചാലുകൾ എന്ന പംക്തിയെ പ്രാദേശിക വിശ്വാസ കൂട്ടായ്മകൾ പ്രതിമാസയോഗവേളകളിലും മറ്റുവേദികളിലും പ്രധാനമായി ആശ്രയിച്ചുവരുന്നു. ഇതിലെ ഉള്ളടക്കമായ ഞായറാഴ്ചകളിലെ തിരുവചന വിചിന്തനം, അനുബന്ധ സാക്ഷ്യങ്ങൾ, ഇതുമായി ചേർന്നുപോകുന്ന ആനുകാലിക ചിന്തകൾ എന്നിവ ബിസിസി പ്രവർത്തകർക്ക് പകർന്നുനൽകുന്ന ആത്മവിശ്വാസം വലുതാണ്. എന്നാൽ ഈയിടെയായി നീർച്ചാലുകൾ എന്ന പംക്തി ആത്മാവ് നഷ്ടപ്പെട്ട ഒരു ചടങ്ങുമാത്രമായി അനുഭവപ്പെടുന്നു. ആഴത്തിലുള്ള ചിന്തക്കോ മാനങ്ങൾക്കോ ഇതിലെ എഴുത്തുകാർ മെനക്കെട്ടുകാണുന്നില്ല. മറ്റുലേഖനങ്ങൾക്കുനൽകുന്ന പ്രാധാന്യം ഇതിന് നൽകുന്നുണ്ടോ എന്ന് സംശയം. ഇതിലെ മറ്റുലേഖനങ്ങളും ഫീച്ചറുകളും നന്നാകുന്നത് പ്രശംസനീയം തന്നെ. എന്നാൽ അതോടൊപ്പം പ്രാധാന്യം നീർച്ചാലുകൾ എന്ന പംക്തിക്കും നൽകണം. കാരണം ആഴ്ചകളിൽ നിന്നും ആഴ്ചകളിലേക്കുള്ള ഈ ഒഴുക്ക് ചെന്നെത്തുന്നത് സാധാരണ പ്രവർത്തകരുടെ ഹൃദയത്തിലാണ്. അതിനാൽ മടുപ്പിക്കാത്ത വായനാനുഭവം നൽകുന്നതും സാധാരണ അല്മായരെ മുന്നിൽകണ്ടുകൊണ്ടുള്ളതും മറക്കാനാകാത്ത അനുഭവപാഠങ്ങൾ പകർന്നുനൽകുന്നതുമായ പംക്തിയാക്കി നീർച്ചാലുകളെ ഉണർത്തണം. നീരുണ്ടെങ്കിലേ ചാലുകൾ രൂപപ്പെടൂ.

– ജെ.സൈമൺ, പുതിയതുറ

താളുകളിൽ

ലേഖനം

6 അജപാലനം എന്ത്? എന്തിന്, എങ്ങനെ?
ഫാ. നിക്കോളസ് താർസിയൂസ്

10 ഓർമകൾ ഒരുക്കുന്നു, ഈ പുതുവർഷപ്പാതകൾ
ഫാ. ഡോ. ഗാസ്പർ സന്യാസി

12 വിശ്വാസ രൂപീകരണത്തിൽ എക്യുമെനിസത്തിന്റെ ആവശ്യകത
ഫാ. ലോറൻസ് കുലാസ്

20 നിധി കാത്തുസൂക്ഷിക്കുന്ന കളിമൺപാത്രങ്ങൾ
ഡീക്കൻ ഇമ്മാനുവേൽ

14 അന്വേഷണം

കവിത

19 കട്ടമരം
ഫാ. പോൾ സണ്ണി

24 ചർച്ച

സ്ഥിരം പംക്തികൾ

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

26 വാർത്തകൾ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ



ലേഖനം
ഫാ. നിക്കൊളസ് താർസിയൂസ്

അജപാലനം

എന്ത്, എന്തിന്, എങ്ങനെ?

ഈ ലോകത്തെ ദൈവരാജ്യമാക്കി പരുവപ്പെടുത്താൻ, ദൈവരാജ്യമാക്കാൻ ചില വ്യാഖ്യാന ശാസ്ത്രങ്ങളും അടിസ്ഥാന ദർശനങ്ങളും ഉപയോഗിക്കണം. അതാണ് അജപാലനശുശ്രൂഷ ചെയ്യേണ്ടത്.

കൂരിരുട്ടിലും ഒരു വെള്ളി വെളിച്ചം നമ്മെ നയിക്കും. ദിശാബോധമുണ്ടായിരുന്നാൽ ഇരുളിൽ തപ്പേണ്ടി വരില്ല. അജപാലനത്തിന്റെ ഹൃദ്യതയും വശ്യതയും ഊഷ്മളബന്ധത്തിൽ നിന്ന് രൂപപ്പെടുന്നതാണെന്നറിയുമ്പോൾ, ഈ ബന്ധം വ്യക്തിപരമല്ല സമൂഹപരമാണെന്ന തിരിച്ചറിവിലേക്കും സമൂഹബന്ധങ്ങളിലും മനുഷ്യബന്ധങ്ങളിലും പിറക്കേണ്ട ദൈവരാജ്യമാണെന്നും അറിയുന്നതുവഴി അജപാലനം എന്തിനെന്ന് വ്യക്തമാക്കപ്പെടുമ്പോഴും എങ്ങനെ അജപാലനം ധർമ്മം ഇന്ന് ചെയ്യണമെന്ന് ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നു ഈ ലേഖനം.

അജപാലനം: എന്ത് ?

പ്രപഞ്ചസ്രഷ്ടാവായ ദൈവം പറഞ്ഞു: പ്രപഞ്ചം നന്നായിരിക്കുന്നു (ഉല്പ 1:10). പ്രപഞ്ചത്തെ നയിക്കാനും നിയന്ത്രിക്കാനും ആദത്തെ സൃഷ്ടിച്ചുകഴിഞ്ഞ് ദൈവം പറഞ്ഞു: വളരെ നന്നായിരിക്കുന്നു (ഉല്പ 1:31). കാലത്തിന്റെ കുത്തൊഴുക്കിൽ സംരക്ഷകൻ സംഹാരിയായി. ദൈവം സൃഷ്ടിയെ ഓർത്തു പരിതപിച്ചു (ഉത്പ 6:6). തിന്മയെ നിയന്ത്രിച്ച് നന്മ വിജയം കൊള്ളുമെന്ന് ദൈവം പ്രഖ്യാപിച്ചു (ഉത്പ 3:15). കാരണം ഈ ലോകവും ദൈവവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഈ ബന്ധമാകട്ടെ അമ്മയും കുഞ്ഞും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധം പോലെയുള്ളതും. ദൈവത്തിന് ലോകത്തെ ഉപേക്ഷിക്കാൻ പറ്റില്ല, മറിച്ച് രക്ഷിക്കാനെ കഴിയൂ. അതാണ് ദൈവം.

നെടുവീർപ്പിട്ട് നിലവിളിക്കുന്നവ

രെ ദൈവം കേട്ടു (പുറ 2:23). ക്ലേശങ്ങൾ കാണുകയും രോദനം കേൾക്കുകയും യാതനകൾ അറിയുകയും ചെയ്യുന്ന ദൈവം (പുറ 3:7) മോശയിലൂടെ ഇറങ്ങി ജനങ്ങളുടെയടുക്കലേയ്ക്ക് വരികയും ജനങ്ങളുടെ ചരിത്രം ജനങ്ങൾക്കുവേണ്ടി ജനങ്ങളോടൊപ്പം നയിക്കുകയും ചെയ്യുന്നു. ദൈവം ജനത്തെ നയിക്കുന്നതു പാലും തേനും ഒഴുകുന്ന സമൃദ്ധിയുടെ നാട്ടിൽ. പാൽ സ്വാതന്ത്ര്യത്തെയും തേൻ കൂട്ടായ്മയെയും സൂചിപ്പിക്കുന്നു. അടിമകൾക്കിതിനപ്പുറം ഒന്നും വേണ്ട. അടിമകളായി ഭിന്നിപ്പിക്കപ്പെട്ട ജനതയ്ക്ക്, ഒറ്റപ്പെട്ട ജനതയ്ക്ക്, സ്വാതന്ത്ര്യം അമൃതാണ്; കൂട്ടായ്മ ജീവൻ പകരുന്നതും.

സ്വാതന്ത്ര്യവും കൂട്ടായ്മയും നിലനിറുത്താൻ 10 കല്പനകൾ നൽകിയും 10 അത്ഭുതങ്ങൾ പ്രവർത്തിച്ചും (പുറ 20:1-17; 13:17-17:7) ദൈവം ഇസ്രായേൽക്കാരെ ഒരു കുടുംബമായി നയിക്കുന്നു. ദൈവം നായകത്വം ഏറ്റെടുക്കുമ്പോൾ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് കുടുംബത്തിന്റെ ദൈവമായിട്ടാണ്: അബ്രഹാത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം (പുറ 22:32). ദൈവം അപ്പനും അമ്മയും നമ്മൾ മക്കളും. നമ്മൾ പരസ്പരം സഹോദരങ്ങൾ. ഭൂമി ദൈവത്തിന്റേത് അതുകൊണ്ടു തന്നെ ദൈവമക്കളുടേതും (പുറ 19:5; ലേവ്യർ 25:23, സങ്കീ 24:1). ഭൂമിക്കു വേണ്ടിയുള്ള, സ്വാതന്ത്ര്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടിയുള്ള മനുഷ്യന്റെ യാത്രയിൽ ദൈവത്തിന്റെ പാലനമാണ് അജപാലനം. അതുകൊണ്ടാണ് ദൈവത്തിന്റെ മനസ്സിനിണങ്ങിയ ഇടയന്മാരെ നല്കുമെന്നും (ജറെ. 3:15, എസെ. 34:1-25) ഈ ഇടയൻ കർത്താവു തന്നെയാണെന്നും പ്രഘോഷിക്കപ്പെടുക.

യേശു സന്ധിയില്ലാതെ സമരം ചെയ്തതും ദൈവരാജ്യത്തിനുവേണ്ടിയാണ്. ദൈവരാജ്യം ഈ ഭൂമിയിൽ വരണമെന്നത് യേശുവിന് നിർബന്ധമായിരുന്നു (ലൂക്കാ 11:2-4). ദൈവരാജ്യത്തിന്റെ വിരുദ്ധശക്തികളുമായി സഹകരിക്കാനോ സന്ധിസംഭാഷണം ചെയ്യാനോ യേശു ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു തന്നെയാണ് യുവത്വം നിറഞ്ഞ ജീവിതം 3 കൊല്ലത്തിനിടയിൽ ഹോമിക്കേണ്ടി വന്നത്.

യേശു സന്ധിയില്ലാതെ സമരം ചെയ്തതും ദൈവരാജ്യത്തിനുവേണ്ടിയാണ്. ദൈവരാജ്യം ഈ ഭൂമിയിൽ വരണമെന്നത് യേശുവിന് നിർബന്ധമായിരുന്നു (ലൂക്കാ 11:2-4). ദൈവരാജ്യത്തിന്റെ വിരുദ്ധശക്തികളുമായി സഹകരിക്കാനോ സന്ധിസംഭാഷണം ചെയ്യാനോ യേശു ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു തന്നെയാണ് യുവത്വം നിറഞ്ഞ ജീവിതം 3 കൊല്ലത്തിനിടയിൽ ഹോമിക്കേണ്ടി വന്നത്.

ചുരുക്കത്തിൽ അജപാലനം എന്ന വാക്കിനെ സ്ഥാനം മാറ്റുമ്പോൾ ലഭ്യമാകുന്ന വാക്കാണ് ജലപാനം. ദാഹിക്കുന്നവൻ യേശുവാകുന്ന ഉറവയിൽ നിന്ന്, രക്ഷയുടെ നീരുറവയിൽ നിന്ന് കുടിക്കണം (യോഹ 7: 37; 4:14; ഏശയ്യാ 12:3). ദാഹാർത്തർ വിലകൂടാതെ വന്നു വാങ്ങുന്ന നിധിയാണ് അജപാലനം (ഏശ 55:1). അജപാലനം ദൈവകരുണയിൽ നിന്നൊഴുകുന്ന ദൈവത്തിന്റെ അഭേദ്യമായ അതുല്യമായ ദാനം. ദൈവമനുഷ്യബന്ധത്തിന്റെ ഊഷ്മള ഭാവമാണ് അജപാലനം.

അജപാലനം എന്തിന്?

ഈ ലോകത്തെ ദൈവരാജ്യമാക്കി പരുവപ്പെടുത്തുക. പരുവപ്പെടുത്തലിന് പിതാവിന്റെ മാതാവിന്റെ കരുണയോടെ, കരുതലോടെ സ്വന്തം ജനത്തിന്റെ (പുറ 19:5; 1 പത്രോ 2:9) കൂടെ നിൽക്കുകയാണ് കൂട്ടിനു നിൽക്കുകയാണ് അജപാലനം. അജപാലനത്തിൽ മുഖ്യം മനുഷ്യനാണ്. മനുഷ്യന്റെ സജീവതയിലാണ് ദൈവത്തിന്റെ മഹത്വം (വി. ഇരണേവൂസ്).

ഈ ലോകത്തെ ദൈവരാജ്യമാക്കി പരുവപ്പെടുത്താൻ, ദൈവരാജ്യമാക്കാൻ ചില വ്യാഖ്യാന ശാസ്ത്രങ്ങളും അടിസ്ഥാന ദർശനങ്ങളും ഉപയോഗിക്കണം. അതാണ് അജപാലനശുശ്രൂഷ ചെയ്യേണ്ടത്.

1. കാലത്തിന്റെ സൂചനകൾക്കനുസരിച്ച് വചനത്തെ വ്യാഖ്യാനിക്കണം (മത്താ 16:3). വചനം ജീവിതസാഹചര്യങ്ങളോടും ജീവിതസാഹചര്യങ്ങൾ വചനത്തോടും ചോദ്യങ്ങൾ ചോദിക്കുമ്പോൾ പുതിയ ഉത്തരങ്ങൾ കണ്ടെത്തും. ഈ കണ്ടെത്തലുകളെ ഉൾക്കൊള്ളാനും അതിനനുസരിച്ച് ജീവിതവും സമൂഹവും മാറാനും മാറ്റാനും തയ്യാറാകണം. ചോദ്യങ്ങൾക്കാണ് ഉത്തരം കണ്ടെത്തേണ്ടത്. നേരെ മറിച്ചല്ല. നേരത്തെ എഴുതി തയ്യാറാക്കിയ ചോദ്യോത്തര പംക്തി അജപാലനം ഉ

പേക്ഷിക്കേണ്ട കാലം കഴിഞ്ഞു. കാലത്തിന്റെ സൂചനകളെ ഉൾക്കൊണ്ടില്ലെങ്കിൽ യേശു പറയും: മന്ദബുദ്ധികളേ ഭോഷന്മാരേ എന്ന് (ലൂക്കാ 24:25). മാറാൻ മടിക്കുന്നവരെ കുറുക്കനെന്നു പോലും വിളിക്കാൻ മടിക്കാത്ത പ്രവാചകനാണ് യേശു (ലൂക്കാ 13:32). അജപാലനശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവരെല്ലാം അന്വേഷണ കുതുകികളും കാലത്തിന്റെ മാറ്റങ്ങളെ വിമർശനബുദ്ധ്യാ വീക്ഷിക്കുന്നവരുമാകണം.

2. ഫലത്തിൽ നിന്നുവൃക്ഷത്തെ തിരിച്ചറിയണം (മത്താ 7: 15-20): തിരിച്ചറിവ് ഏറെ ആവശ്യമാണ്. പന്നിക്കുഴിയിൽ കഴിയേണ്ടവനല്ല ഞാൻ (ലൂക്കാ 15:17) എന്ന തിരിച്ചറിവ് വേണം. പിതാവിന്റെ ഭവനത്തിലായിരിക്കണമെന്ന് ഓർമിക്കണം. പിതാവിന്റെ ഭവനത്തിലെല്ലാമുണ്ട്. അപ്പന്റെ വീട്ടിൽ അപ്പനും അമ്മയും സഹോദരങ്ങളും ബന്ധുമിത്രാദികളും സുഹൃത്തുക്കളും ഉണ്ട്. അപ്പന്റെ വീട്ടിൽ അപ്പമുണ്ടാകണം (മലാക്കി 3:10) (അജപാലനം) അറിവുണ്ടാകണം (വിദ്യാഭ്യാസം) ആരോഗ്യമുണ്ടാകണം (സാമൂഹ്യശുശ്രൂഷ) അപ്പന്റെ വീട് സ്നേഹകുടുംബമാണ് (കുടുംബശുശ്രൂഷ). ഈ കുടുംബത്തിൽ യുവത്വം നിറഞ്ഞു നിൽക്കണം (യുവജനശുശ്രൂഷ). ഈ കുടുംബത്തിൽ സംഘടിതമായ പ്രവർത്തനങ്ങളും മുന്നേറ്റങ്ങളുമുണ്ടാകണം (അല്മായർ). ഭക്തിയും വിശുദ്ധിയും അറിയലും അറിയിക്കലും ഉണ്ടാകണം. എല്ലാവരും അധ്വാനിക്കുകയും ആവശ്യാനുസരണം പങ്കുവച്ചു നൽകുകയും ചെയ്യുന്ന കുടുംബമാണ് ഈ ലോകം. ഈ ലോകത്തിൽ ആവശ്യമാണ് അളവുകോലാകേണ്ടത് (ആർച്ച്ബിഷപ്പ് സൂസപാക്യം). ആവശ്യം നിശ്ചയിക്കപ്പെടേണ്ട മാനദണ്ഡം നാം ജീവിക്കുന്ന സമൂഹമാണ്.

3. അജപാലനം ആരംഭിക്കേണ്ടത് ജനങ്ങളിൽ നിന്നാണ്. ജനം എവിടെയോ അവിടെയാണ് വിശ്വാസം. ജനങ്ങളുടെ വിശ്വാസം ചന്തയിലും ബാർബർ ഷാപ്പിലും പണിയിടങ്ങളിലുമാണ്. ഈ വിശ്വാസത്തിന്റെ വിശകലനത്തിന് സൂതികർമ്മിണികളാകേണ്ടവരാണ് ശാസ്ത്രീയ പഠനങ്ങൾ നടത്തുന്ന ദൈവശാസ്ത്രജ്ഞർ. വേദനിക്കുന്ന, അധ്വാനിക്കുന്ന മനുഷ്യരുടെ മിഴിനീരിലും രക്തത്തിലും വിയർപ്പിലുമാണ് വിശ്വാസവിശകലനം നടത്തേണ്ടത് (സാമുവൽ രായൻ).

4. ദൈവകരുണയുടെ മുഖം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുന്നതാണ് സഭയുടെ അജപാലനം (ഫ്രാൻസിസ് പാപ്പ). ഒന്നും ചെയ്യാതെ കടന്നുപോകുന്ന സഭയെക്കാൾ എന്തെങ്കിലും ചെയ്തു മുറിവേറ്റ സഭയെയാണ് ഫ്രാൻസിസ് പാപ്പ ഇഷ്ടപ്പെടുക. ലോകത്തിൽ ദൈവകരുണ എല്ലാവർക്കും: വിശുദ്ധ പത്രോസ് മുതൽ ഫ്രാൻസിസ് പാപ്പവരെയും (വിശ്വാസികൾ മുതൽ സഭാശുശ്രൂഷകർ വരെയും) ആവശ്യമാണ് (ഫ്രാൻസിസ് പാപ്പ, ദൈവനാമം കരുണ).

5. സഭയുടെ അജപാലനം മുറിവേല്ക്കലും മുറിവേറ്റ യേശുവിനെ നൽകലുമാണ്. വാർത്താ മാധ്യമങ്ങളിലും പുസ്തകങ്ങളിലും ഇന്റർനെറ്റിലും സോഷ്യൽമീഡിയയിലും തിളങ്ങി നിൽക്കുന്ന ഇടയധർമങ്ങളിലല്ല ശ്രദ്ധിക്കേണ്ടത്. മറിച്ച് ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോകുമ്പോൾ ബ്രാഹ്മണ അധീശത്വവും സാമ്പത്തികപ്പിശാചുക്കളും സ്ഥാപനങ്ങളും സ്ഥാപിത താല്പര്യങ്ങളും ശക്തിപ്പെടുമ്പോൾ കുഞ്ഞാടുകളെ രക്ഷിക്കാൻ പരിശ്രമിച്ചു കുഞ്ഞാടിനൊപ്പം മുറിവേറ്റു കിടക്കുന്ന അജപാലനമാണ് കാലഘട്ടത്തിന്റെ ആവശ്യം. ക്രൂശിതനെക്കുറിച്ചുള്ള പ്രഘോഷണവും ജീവിതവുമാണ് അജപാലനം (ആർച്ച്ബിഷപ്പ് സൂസപാക്യം; ഡോ. ജോൺ കെന്നഡി എസ്.ജെ, 'ചരിത്രം തിരുത്തുന്ന വിദ്യാഭ്യാസനയം' കാരുണികൻ Vol. 13, No.12 Dec 2016, പേജ് 36-39).

6. അജപാലനം ശിഷ്യരാകാൻ: ശിഷ്യത്വം സഹനവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. സഹനത്തിന്റെ താഴ്‌വരയിലൂടെയുള്ള യാത്രയാണ് ശിഷ്യത്വം. സഹനം സംഭവിക്കാതിരിക്കാൻ പത്രോസും സഹനത്തിന്റെ ഭീകരമുഖം കണ്ടപ്പോൾ യേശുവും പതറി (മത്താ 16:22; 26:39) എങ്കിലും യേശുവിനെപ്പോലെ ആത്മാവിൽ സന്നദ്ധരായി കാൽവരിയിലും കുരിശിലും പങ്കുപറ്റുന്ന അജപാലനമാണ് കരണീയം. സഹനം ഉണ്ടായിക്കൊണ്ടേയിരിക്കും (മത്താ 16:18) എന്നാൽ അവസാനം വരെയും പിടിച്ചു നില്ക്കുന്നവനാണ് രക്ഷ പ്രാപിക്കുക (മത്താ 24:13).

അജപാലനം: എങ്ങനെ?

കതിരിന്മേൽ വളം വെച്ചിട്ടു കാര്യമില്ല. Chartiy begins at home. സ്നേഹം ഭവനത്തിൽ ആരംഭിക്കണം. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും, ക്രിസ്തുദാസ് സഹായമെത്രാനും ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസും അടിവരയിട്ടു പറയുന്നത് അജപാലനം കുടുംബം വഴിയാണ് നൽകേണ്ടത്. കുടുംബകേന്ദ്രീകൃത അജപാലനത്തിൽ വ്യക്തിബന്ധങ്ങളിലൂടെയെ കാര്യക്ഷമമായ അജപാലനം സാധ്യമാവുകയുള്ളുവെന്ന് സൂസപാക്യം മെത്രാപ്പൊലീത്തയും പറയുന്നു. ചൊട്ടയിലെ ശീലം ചുടല വരെയെന്നാണല്ലോ ചൊല്ല്. വിശ്വാസപ്രതിസന്ധിയും,വിശ്വാസമില്ലായ്മയും വെറും ലൗകികതയ്ക്ക് മാത്രം പ്രാധാന്യം കൊടുത്തു ജീവിക്കുന്ന പുതിയ കാലത്തിൽ എങ്ങനെ കാര്യക്ഷമമായ അജപാലനം ക്രമീകരിക്കാമെന്ന് സൂചിപ്പിക്കുന്നിവിടെ.

1. ഇസ്രേയേലിലെ അമ്മ മുലയൂട്ടുമ്പോൾ താരാട്ടു താളത്തിൽ പാടിക്കൊടുക്കും അല്ലയോ ഇസ്രായേലേ കേൾക്കുക നിന്റെ ദൈവമായ കർത്താവ് ഏകകർത്താവാണ്. ദൈവത്തെ പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും സ്നേഹിക്കുക (നിയമ 6:4-9). ഭക്ഷണവും വിശ്വാസവും ഒരുമിച്ചു നല്കുക. ഒരു വർഷം കൂടിയാൽ 41 മണിക്കൂറുകൾ മാത്രമാണ് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസ്സുകൾ. മാതാപിതാക്കൾ അറിയുക: നിങ്ങളാണ് ഏറ്റവും നല്ല മതബോധനാദ്ധ്യാപകർ. മാതാപിതാക്കളുടെ പങ്ക് ഏറെ നിർണ്ണായകമാണ്.

2. ഫ്രാൻസിസ് പാപ്പ ആഗമന കാലം ഒന്നാം ബുധനാഴ്ച പറഞ്ഞതു പോലെ മാതാപിതാക്കൾ മക്കളെ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിച്ചനുഗ്രഹിച്ചു വേണം വീടിനു പുറത്തുവിടാൻ.

3. പ്രഭാതപ്രാർത്ഥനയും സന്ധ്യാപ്രാർത്ഥനയും ജപമാലയും ബൈബിൾ വായനയും ശീലമാക്കണം.

4. മാസാദ്യവെള്ളിയോ, മാസാദ്യശനിയോ അനുരഞ്ജനകൂദാശയും പരിശുദ്ധ കുർബ്ബാനയും സ്വീകരിച്ച് ഒരു നേരമെങ്കിലും ഉപവസിച്ചുപ്രാർത്ഥിച്ച് ഉപവാസ കാണിക്ക ധർമ്മദാനം ചെയ്യണം.

5. ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ ദൈവസ്നേഹത്താലും വചനത്താലും വിശ്വാസത്താലും ജ്വലിക്കുന്നവരായി ഹൃദയംകൊണ്ട് വിശ്വസിക്കുകയും അധരംകൊണ്ടു യേശുവിനെ പ്രഘോഷിക്കുന്നവരാകണം (റോമാ 10:9-10). അവർ സമകാലീന ചിന്തകളെ അപഗ്രഥിക്കുകയും ആധുനിക മാധ്യമ സങ്കേതങ്ങളിലൂടെ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പും ഉള്ളവരാകണം. നിർബന്ധം കൂടാതെ സ്വമനസ്സാലെ ചെയ്ത് വിശ്വസ്തസേവകർക്കുള്ള ഫലം അവർ അനുഭവിക്കണം (1 കോറി 9:16).

6. ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസ്സിലെ ആവശ്യമില്ലാത്ത ആഘോഷങ്ങൾ ആവോളം കുറയ്ക്കുകയും വിശ്വാസത്തിന്റെ വിശദീകരണം ചോദിച്ചാൽ പറഞ്ഞുകൊടുക്കാൻ തക്ക രീതിയിൽ ക്രിസ്തീയ തത്ത്വങ്ങൾ ബൗധികമായി ബോധ്യപ്പെടുത്തുകയും വേണം.

7. വചനം വായിക്കുക, വിശ്വസിക്കുക, പഠിപ്പിക്കുക. ബി.സി.സികളിൽ വചനവായനയും കാലോചിതമായ വചനവിചിന്തനവും പ്രോത്സാഹിപ്പിക്കണം. ദിവ്യബലിക്കുള്ള ആമുഖം, വായന,വിശ്വാസികളുടെ പ്രാർത്ഥന,ഗാനങ്ങൾ എന്നിവ വചനാധിഷ്ഠിതമാക്കുകയും അവ വ്യക്തമായും സ്ഫുടമായും സ്പഷ്ടമായും ക്രമീകരിക്കുകയും വേണം. കർത്താവിന്റെ ആലയത്തിലേക്ക് നമുക്ക് പോകാം എന്നവർ എന്നോട് പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു എന്ന അനുഭവം ദൈവാലയത്തിലേയ്ക്ക് പോകാൻ രൂപപ്പെടുത്തണം (സങ്കീ 122).

8. ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, ആദ്യകുർബാന എന്നിവയുടെ സ്വീകരണത്തിന് അർത്ഥികളെയും മാതാപിതാക്കളെയും ജ്ഞാനമാതാപിതാക്കളെയും ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് നന്നായി ഒരുക്കണം.

9. അനുരഞ്ജനകൂദാശയുടെ അർത്ഥവത്തായ സ്വീകരണത്തിന് ഇടവകത്തിരുനാളിലും ആഗമനകാലത്തിലും തപസ്സുകാലത്തിലും ആവശ്യമായ ഒരുക്കങ്ങൾ ക്രമീകരിക്കണം. ദൈവത്തിലേക്ക് തിരിച്ചു വരണമെന്ന ആഗ്രഹമെങ്കിലും ഒരു വ്യക്തി പ്രകടിപ്പിച്ചാൽ ദൈവകരുണ ലഭിക്കുമെന്നാണ് ഫ്രാൻസിസ് പാപ്പ പറയുക. കരുണാർദ്രസ്നേഹമായ യേശുവിന്റെ ഹൃദയം വെളിപ്പെടുത്തുന്ന, പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന അനുരഞ്ജനകൂദാശ സ്വീകരണം ഉണ്ടാകണം.

10. യുവതിയും യുവാവും 18, 21 വയസ്സു പൂർത്തിയാകുമ്പോൾ തന്നെ വിവാഹ ഒരുക്ക സെമിനാറിന് നിർബന്ധമായും ഫലപ്രദമായും ക്ലാസ്സിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തണം. വിവാഹ ജീവിതത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ പ്രാപ്തരാക്കുവാൻ തക്കരീതിയിലുള്ള ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നത് ഉചിതമാണ്.

11. വിവാഹത്തിനു മുമ്പും പിമ്പും ഗുണപരമായ ക്ലാസ്സുകൾ കൗൺസിലിംഗ് ക്രമീകരിക്കണം.

12. വിവിധ മത വിശ്വാസികൾ ഒരുമിച്ച് അധിവസിക്കുന്ന പ്രദേശങ്ങളിൽ യേശുസ്നേഹത്തിന് സാക്ഷ്യം വഹിക്കത്തക്ക രീതിയിൽ അവരുമായുള്ള ഇടപെടലുകൾ ക്രമീകരിക്കണം. റസിഡൻസ് അസോസിയേഷനുകളിലൂടെ പ്രവർത്തന മാതൃകകൾ നൽകണം.

13. ഗുണപരമായ വിദ്യാഭ്യാസവും സ്വഭാവശുദ്ധിയും രൂപപ്പെടുത്താനും അച്ചടക്കം ക്രമീകരിക്കാനും പി.റ്റി.എ വഴി ശ്രദ്ധിക്കണം. പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നാക്കം കൊണ്ടുവരാനുള്ള നടപടി ക്രമങ്ങൾ ചെയ്യണം.

14. മനുഷ്യന്റെ സമഗ്രമായ വളർച്ച അഥവാ മനുഷ്യമുഖമുള്ള വളർച്ചയെ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ പഠനങ്ങളും ചർച്ചകളും നടപടികളും സാമൂഹിക ഇടപെടലുകളും സാമൂഹിക ശുശ്രൂഷയും അല്മായ ശുശ്രൂഷയും ക്രമീകരിക്കണം.

15. മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവല്കരണവും പ്രവർത്തനവും അത്യന്താപേക്ഷിതം. സൗന്ദര്യവർദ്ധകവസ്തുക്കൾ, വസ്ത്രഭ്രമം,ആഭരണഭ്രമം എന്നിവയിൽനിന്ന് യുവജനം മോചിതരാകാൻ ജീവിതലാളിത്യത്തിന്റെ മാതൃകകളെ പരിചയപ്പെടുത്തി അനുകരിക്കാൻ പ്രേരിപ്പിക്കണം.

16. നേതൃത്വശൈലിയും രീതിയും വളരണം, വളർത്തണം. നമ്മിലെ നേതൃത്വങ്ങളെ അംഗീകരിക്കാൻ ആദരിക്കാൻ ശ്രദ്ധിക്കണം ശ്രമിക്കണം. സാമൂഹ്യബോധനത്തിലൂടെയും സംഘടിതമായ പ്രവർത്തനങ്ങളിലൂടെയും ഈ നേട്ടം ക്രമീകരിക്കണം.

17. സാമൂഹ്യശ്രേണിയിലെ പിന്നാക്കാവസ്ഥ മാറാൻ സ്വാഭിമാനം വളർത്തണം.

18. സർക്കാർ മേഖലകളിലേക്ക് ഉദ്യോഗാർത്ഥികളെ പ്രോത്സാഹിപ്പിക്കണം. പഠനത്തിൽ മുന്നേറാൻ അനേകരെ നാം പ്രോത്സാഹിപ്പിക്കണം.

സമാപനം:- മനുഷ്യമുഖമുള്ള വളർച്ചയ്ക്കാണ് അജപാലശുശ്രൂഷ ഉന്നം വയ്ക്കുന്നത്. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്ക് മോചന ദ്രവ്യമാകുവാനും വന്ന യേശുവിന്റെ (മർക്കോ 10: 45) ശുന്യവല്കരണത്തിലുള്ള (ഫിലിപ്പി 2:7) നമ്മുടെ പങ്കാളിത്തത്തിനനുസരിച്ച് അജപാലനശുശ്രൂഷ മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കും (മത്താ 13:8). ■

ലേഖനം

ഫാ. ഡോ. ഗാസ്പർ സന്യാസി

ഓർമ്മകൾ ഒരുക്കുന്ന ഇന്നു പുതുവർഷപ്പാതകൾ

വിശുദ്ധനാട് കണ്ടുമടങ്ങിവന്നപ്പോൾ അമ്മയ്ക്ക് കൊടുക്കാൻ കരുതിയത് ചെറുകുപ്പിയിലാക്കിയ സുഗന്ധകൂട്ടായിരുന്നു. ഏതുയാത്ര കഴിഞ്ഞെത്തുമ്പോഴും അമ്മയ്ക്ക് കൊടുക്കാൻ കൊന്തയും കരുതാറുണ്ട്. വലിയ ശേഖരമായി കൊന്തകൾ അമ്മ സൂക്ഷിക്കുന്നു. പള്ളിയിൽ പോകുമ്പോഴും സന്ധ്യാമണി കേൾക്കുമ്പോഴും അമ്മയുടെ കൈവിരലുകളിൽ കൊന്തമണിയാണ്. വീട്ടിൽ എല്ലാവരുടെയും ബലം അതാണ്. തുമ്പേച്ചിറ അച്ചനെഴുതിയ പാട്ടിലെ വരികൾ ഓർക്കുന്നു: "പൊട്ടിയിട്ടും കുട്ടിക്കെട്ടിയ പഴിയൊരു ജപമാല വീട്ടിലുണ്ടായിരുന്നു." അമ്മയുടെ ഹൃദയതാളം അതിലായിരുന്നെന്ന് അച്ചനെഴുതുമ്പോൾ അമ്മയെ ഓർക്കുകയാണ് ഞാൻ. എത്ര പുതിയ കൊന്ത കൊടുത്താലും പ്രിയപ്പെട്ട നിയോഗമോർമിപ്പിക്കുന്ന പൊട്ടിത്തുടങ്ങിയ കൊന്തയാണ് അമ്മയുടെ കൈയിൽ. മാറിയിട്ട് പുതിയത് എടുത്തുകൂടെ എന്ന് ഞാൻ ചോദിച്ചു. അമ്മയുടെ കൈയിൽ തൊലി ചുളിഞ്ഞുതുടങ്ങിയിട്ടുണ്ട്. ആ കൈയെടുത്ത് എന്റെ കൈയിൽ വച്ചാണ് ചോദിച്ചത്. നിനക്കോർമയുണ്ടോ, ഈ പൊട്ടിത്തൂങ്ങിയ കൊന്ത ആദ്യം എന്റെ കൈയിൽ തന്നത്? ഞാനോർക്കുന്നുണ്ടായിരുന്നില്ല. നീ സെമിനാരിയിൽ നിന്ന് ആദ്യത്തെ അവധിക്കുവന്നപ്പോൾ കൊണ്ടുവന്നുതന്നതാണ്. ഇരുപത്തിയേഴ് വർഷങ്ങൾക്കുമുൻപ് ഞാൻ കൊടുത്ത കൊന്തയാണ് അമ്മയുടെ കൈവിരലുകളെ തഴുകി ഇപ്പോഴും പ്രാർത്ഥനയാകുന്നത്. ഞാൻ മറന്നിരുന്നു. അമ്മ ഒക്കെ ഓർത്തുവച്ചിരിക്കുന്നു. പുതിയവർഷം തുടങ്ങുമ്പോൾ അമ്മയെ ഓർത്തുതുടങ്ങാനാണ് എനിക്കിഷ്ടം. പ്രിയപ്പെട്ടവരെക്കുറിച്ചുള്ള ഓർമകൾ തന്നെയാണ് പുതുവർഷത്തിന്റെ ആദ്യപ്രാർത്ഥന. 'എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന ക്രിസ്തുവാക്യത്തോളം ഓർമകളെ പ്രഘോഷിക്കുന്ന ഏതുവാക്യമാണുള്ളത്? അമ്മ, അപ്പൻ, സഹോദരങ്ങൾ, വീട് - ഓർമകൾ വീണ്ടെടുക്കാത്തവർക്ക് ഏത് പുതിയ വർഷത്തെയാണ് സ്വാഗതം ചെയ്യാൻ അവകാശമുള്ളത്.

വീട്ടിൽ ചെല്ലുമ്പോഴൊക്കെ അമ്മയ്ക്കും അപ്പനും സ്തുതി ചൊല്ലും. അപ്പൻ കടന്നുപോയി. അമ്മയുടെ കൈയിലേക്ക് കൈകൾ വച്ച് ഞാൻ ചൊല്ലുകയാണ്: ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ എന്ന് മറുപടിയായി അമ്മ തന്റെ വലതുകരം ചുംബിക്കാൻ നീട്ടുന്നു. കൈയൊക്കെ പരുപരുത്ത്, ചുക്കിച്ചുളിഞ്ഞ്, തൊലിവരണ്ട് ആകപ്പാടെ വല്ലാതായിരിക്കുന്നു. കയറുപിരിച്ചും പാടത്ത് പണിയെടുത്തും വീട്ടുപണികൾ ചെയ്തും തേഞ്ഞുപോയ കൈയ്യാണത്. അപ്പൻ തയ്യൽക്കാരനായിരുന്നു. അപ്പനും അമ്മയും കൂടി തുഴഞ്ഞുനീക്കിയ വീടെന്ന ചെറുവഞ്ചിയിൽ ഞങ്ങൾ മക്കളെ അവർ കാത്തുപോന്നു. തിരുനടയിൽ നിന്ന് കർത്താവിനു വാക്കുകൊടുത്തതാണ്: ആരോഗ്യത്തിലും അനാരോഗ്യത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ഒരുമിച്ചായിരിക്കാമെന്ന്. ഒരു

പുതിയവർഷം തുടങ്ങുമ്പോൾ അമ്മയെ ഓർത്തുതുടങ്ങാനാണ് എനിക്കിഷ്ടം. പ്രിയപ്പെട്ടവരെക്കുറിച്ചുള്ള ഓർമകൾ തന്നെയാണ് പുതുവർഷത്തിന്റെ ആദ്യ പ്രാർത്ഥന. 'എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന ക്രിസ്തുവാക്യത്തോളം ഓർമകളെ പ്രഘോഷിക്കുന്ന ഏതുവാക്യമാണുള്ളത്?

മിച്ചു തുഴഞ്ഞ വഞ്ചിയിൽ നിന്ന് മരണം ഒരാളെ കൊണ്ടുപോയി.

വി. കുർബാനയ്ക്ക് അവിടുത്തെ അപ്പവും വീഞ്ഞും വാഴ്ത്തി മുറിക്കുമ്പോൾ അമ്മയുടെ കൈകൾ ഞാൻ ഓർക്കുന്നു. അപ്പന്റെ തഴമ്പുവീണ കൈകൾ പ്രാർത്ഥനയായി മാറുന്നു. പുതിയവർഷത്തിൽ കൈകൾ മക്കളുടെ നേരെ നീട്ടിക്കൊടുത്തു പറയാനാകുമോ - നിങ്ങൾക്കുവേണ്ടി മുറിയപ്പെട്ട എന്റെ ജീവിതത്തിന്റെ അടയാളമെന്ന്. ഒരുപാട് കഷ്ടപ്പെട്ടാണ് മക്കളെ വളർത്തിയതെന്ന് പറയുന്ന അപ്പനും അമ്മയും തഴമ്പുവീണ അവരുടെ കൈകൾ പുതുവർഷത്തിൽ മക്കൾക്കുള്ള പാഠമായി വിടർത്തി കാണിക്കണേ. അൾത്താരയുടെ മുന്നിൽ നിന്നു ചെയ്ത വാഗ്ദാനത്തിന്റെ കാണപ്പെടുന്ന അടയാളമാണത്. ഈശോമിശിഹായ്ക്ക് സ്തുതി ചൊല്ലി വളർന്നമക്കൾ എപ്പോഴും ഇപ്പോഴും അവിടുത്തേക്കുള്ള സ്തുതിയായി മാറാതിരിക്കുന്നതെങ്ങനെ? നമ്മുടെ സ്തുതി പാരമ്പര്യത്തെ ഈ പുതുവർഷത്തിൽ വീണ്ടെടുക്കണം നമ്മൾ. അപ്പന്, അമ്മയ്ക്ക് പതിരിഞ്ഞപ്പനും പതിരിഞ്ഞമ്മയെന്നും വിളിക്കുന്ന തലതൊട്ടപ്പനും തലതൊട്ടമ്മയ്ക്കും സ്തുതിചൊല്ലി വളരുന്ന കുടുംബം സ്തുതിയുടെ പ്രാർത്ഥനയായി അവിടുത്തെ മുൻപിൽ മാറുകയല്ലേ?

കെടാത്ത നാളവും വറ്റാത്ത എണ്ണയുമായി കെടാവിളക്ക് വീട്ടിന്റെ ഉമ്മറത്ത് ഇപ്പോഴുമുണ്ട്. വീട്ടിൽ കറന്റ് കിട്ടിയ ദിവസം എനിക്കോർമയുണ്ട്. തിരുഹൃദയത്തിന്റെയും തിരുക്കുടുംബത്തിന്റെയും നടയിൽ മിന്നിക്കൊണ്ടിരിക്കുന്ന പുതിയ സീറോ വാട്ട് ബൾബ്. കെടാവിളക്ക് നടയിൽ നിന്ന് മാറ്റാൻ അമ്മ അനുവദിച്ചില്ല. പുറത്തേക്കു പോകുമ്പോഴൊക്കെ നടയിലെ വിളക്കിൽ നിന്ന് വിരൽത്തുമ്പിൽ എണ്ണതൊട്ട് ശിരസ്സിൽ വിഴ്ത്താൻ അമ്മ ഞങ്ങളെ പഠിപ്പിച്ചു. പള്ളിയുടെ വാതിലിൻ മറയിലുള്ള ഹാനാൻ വെള്ളത്തിൽ വിരൽമുക്കി നെറ്റിയിലണിയുന്നതുപോലെ വീടിന്റെ നടയിലെ കെടാവിളക്കിൽ അനുഗ്രഹമായി അവിടുത്തെ മുമ്പിലെരിയുന്ന എണ്ണയും തീനാളവും എപ്പോഴുമുണ്ടായിരുന്നു.

തിരിഞ്ഞുനോക്കുമ്പോൾ അത്ഭുതകരമായി തോന്നുന്ന കാര്യമിതാണ്. ഒരിക്കലും അണയാനനുവദിക്കാതെ ആ വിളക്കിലേക്ക് അമ്മ എപ്പോഴാണ് എണ്ണ ഒഴിച്ചുകൊണ്ടിരിക്കുന്നത്? ഞാൻ ശ്രദ്ധിച്ചിട്ടില്ല. കളിയും ചിരിയും ഒച്ചപ്പാടുമായി നടന്ന കുട്ടിക്കാലത്ത് ആര് ഇതൊക്കെ ഓർക്കുന്നു! തിരിഞ്ഞുനോക്കുമ്പോൾ ഓർമ്മകൾ ധ്യാനമാവുകയാണ്. കയർ പിരിക്കുന്ന റാട്ടുവഴിയിലും പാടത്തും പറമ്പിലുമായിരിക്കുമ്പോഴും, അടുക്കളയിൽ വിറകൂതി കത്തിക്കുമ്പോഴും നടയിലെ കെടാവിളക്കിനെപ്പറ്റി അമ്മ ഓർത്തുകൊണ്ടേയിരുന്നു. ധ്യാനത്തെയും പ്രാർത്ഥനയിലെ ഏകാഗ്രതയെയുംകുറിച്ചുള്ള ഏത് ക്ലാസിക് ഗ്രന്ഥമാണ് ഇതിനേക്കാൾ വലിയ പാഠം പറഞ്ഞിട്ടുള്ളത്. നടന്ന വഴികളിലെല്ലാം തിരുനടയിലെ കെടാവിളക്കിനെയോർത്ത് പ്രാർത്ഥനയായി മാറിയ അമ്മമാരെ വീണ്ടെടുക്കണം. പുതുവർഷത്തിന്റെ ആഹ്ലാദനിമിഷങ്ങളിൽ പള്ളിയിലെത്തുമ്പോഴൊക്കെ സക്രാരിയിലെ കെടാവിളക്കിനു മുന്നിൽ അമ്മയെ മറക്കുന്നതെങ്ങിനെ? കെടാവിളക്കിലെ തീനാളത്തെ ഞങ്ങൾ മറന്നപ്പോഴും അമ്മ ഓർമ്മയിൽ സൂക്ഷിച്ചു. സക്രാരി പറയുന്ന കെടാവിളക്കിന്റെ പാഠവും മറ്റെന്താണ്? വി. കുർബാന കഴിഞ്ഞ് മടങ്ങിയപ്പോഴും കൊന്തജപം കഴിഞ്ഞ് വീട്ടിലേക്ക് പോയപ്പോഴും, വഴിയിലും പറമ്പിലും പണിയിടങ്ങളിലും സക്രാരിയെ ഒരാൾ മറന്നുപോയിട്ടുണ്ടാകാം. എന്നിട്ടും സക്രാരിയുടെ മുന്നിലെ കെടാവിളക്ക് വലിയൊരു ഓർമയായി. ഓർമയുടെ ഹൃദയത്തിൽ അയാളെ പേറിക്കൊണ്ട് അപ്പോഴും കിനിഞ്ഞു

കത്തുന്നുണ്ടായിരുന്നു. "പെറ്റമ്മ മറന്നാലും, മറക്കാത്ത സ്നേഹമേ, ക്രൂശിത നായവനേ, നീയെന്നാശ്രയം'' എന്ന് നെഞ്ചുപൊള്ളി പ്രാർത്ഥനയായി ഒരാൾക്ക് പാടാതിരിക്കാനാകുന്നതെങ്ങനെ? ഏതെങ്കിലും ഒരു സായാഹ്നത്തിൽ, ഒന്നിനും വേണ്ടിയല്ലാതെ, ആരും നിർബന്ധിക്കാതെ, വീട്ടിലെല്ലാവരും കൂടി പള്ളിയിലേക്കു വന്നിട്ടുണ്ടോ? തിരുമുമ്പിലെ കെടാവിളക്കിന്റെ അർത്ഥം തെളിഞ്ഞുകിട്ടുന്നത് അറിയാനാകും. പുതുവർഷത്തിൽ നെഞ്ചോട് ചേർത്തുപിടിക്കാൻ സക്രാരിയുടെ ഓർമയുണ്ടാകട്ടെ. ദൂരെയ്ക്കു പോയ ആരെയൊക്കെയോ കാത്ത് സക്രാരിയുടെ വെട്ടം ഒരു പാതിരാവിലും അണയുന്നില്ല. തന്റെ പങ്കെല്ലാം മുറുക്കിക്കെട്ടി കടന്നുപോയ മകനെ ഓർത്തുകഴിഞ്ഞ അപ്പന്റെ വീട്ടുമുറ്റത്ത് പിന്നീട് അവൻ തിരികെയെത്തുവോളം വിളക്ക് അണഞ്ഞിട്ടുണ്ടാവില്ല. ക്രിസ്തുപറഞ്ഞ കഥയാണ്. കെടാവിളക്ക് ഉമ്മറത്ത് അണയാൻ അനുവദിക്കല്ലേ.

വാതിൽക്കൽ നക്ഷത്രം തിളങ്ങുന്നുണ്ട്. ദൂരെ നിന്നും വന്ന ജ്ഞാനികൾക്ക് വഴിതെളിഞ്ഞത് നക്ഷത്രം മുന്നേ നടന്നപ്പോഴാണ്. കൺവെട്ടത്ത് നിന്നും നക്ഷത്രം മാഞ്ഞതേയില്ല. അവരാണ് നക്ഷത്രത്തിൽ നിന്ന് കണ്ണെടുത്തത്. മുന്നിൽ രാജകൊട്ടാരം. കണ്ണ് മഞ്ഞച്ചുപോയി. പക്ഷേ, തൊട്ടുപിന്നാൽ മരണവിധിയുണ്ടായി. നക്ഷത്രം പുറത്തു കാത്തുനിൽക്കുകയായിരുന്നു. പുൽക്കൂട്ടിലേക്ക് അവരെ അത് സാവധാനത്തിൽ നടത്തി. ഓർമകൾ നക്ഷത്രം പോലെ. അത് നമ്മളെ എത്തേണ്ടിടങ്ങളെ ഓർമപ്പെടുത്തുന്നു. ഓർമകളിൽ നിന്നു നോട്ടം പാളുമ്പോൾ, മുന്നിൽ കൊട്ടാരങ്ങളുയരാം. പക്ഷേ ദിവ്യശിശു അവിടെ ഉണ്ടാകണമെന്നില്ലല്ലോ! അമ്മ, അപ്പൻ, സഹോദരങ്ങൾ, കുട്ടിക്കാലം, പള്ളിമുറ്റങ്ങൾ, പള്ളിമണിമുഴക്കം - ഓർമകൾ ആത്മാവിനെ തൊട്ടുണർത്തട്ടെ. പുതുവർഷം നക്ഷത്രത്തിളക്കമുള്ള ഓർമകൾ തെളിക്കുന്ന വഴിയേയുള്ള നടത്തമാകണം. പ്രാർത്ഥനപോലെ ഓർമകൾ പൂത്തുനിൽക്കുന്ന നടപ്പാതയായി പുതുവർഷമെത്തുകയായി. ■

ലേഖനം

ഫാ. ലോറൻസ് കുലാസ്

വിശ്വാസരൂപീകരണത്തിൽ എക്യുമെനിസത്തിന്റെ ആവശ്യകത

പരസ്പര ബഹുമാനത്തിന്റെയും അംഗീകാരത്തിന്റെയും സങ്കലനമാണ് എക്യുമെനിസത്തിന്റെ ചേരുവകൾ. ഇവ ക്രിസ്തീയ വിശ്വാസ രൂപീകരണത്തിൽ നിർണായകവുമാണ്.

വിശ്വാസികളുടെ കൂട്ടായ്മയും ക്രിസ്തുവിന്റെ ശരീരവുമായ, സഭയിലൂടെയാണല്ലോ വിശ്വാസം നമുക്ക് ലഭിച്ചിരിക്കുന്നത്. വിശ്വാസം ഓരോ വ്യക്തിയിലും വളർന്നു മറ്റുള്ളവർക്കുപകർന്നുനൽകുവാനുള്ളതാണ്. അപ്പസ്തോലന്മാർ ക്രിസ്തുവിൽ നിന്നും നേരിട്ടുവിശ്വാസം സ്വീകരിക്കുകയും പരിശുദ്ധാത്മാവ് അവരുടെ വിശ്വാസം സ്ഥിരീകരിക്കുകയും അവർ അതിനെ ലോകാതിർത്തികൾ വരെ എത്തിക്കുകയും ചെയ്തു. അപ്പസ്തോലനായ പത്രോസ് സുവിശേഷം പ്രസംഗിച്ചപ്പോൾ എല്ലാ തടസ്സങ്ങളും മറികടന്നു അവനെ ശ്രവിച്ചവരെല്ലാം വിശ്വാസം സ്വീകരിച്ചു (അപ്പ പ്രവ. 2:14-39). ഇങ്ങനെ ഉടലെടുത്ത വിശ്വാസം പലസംസ്കാരങ്ങളുടെയും നല്ല വശങ്ങൾ ഒപ്പിയെടുത്തു ശക്തി ആർജിച്ചു. അങ്ങനെ മറ്റു രാജ്യങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും വിശ്വാസം വ്യാപിച്ചു.

പക്ഷെഈവൈവിധ്യംസുവിശേഷപ്രഘോഷണത്തിന് ഒരിക്കലും തടസ്സമായി വന്നില്ല. ഈ നാനാത്വം വളരെ ഭംഗിയായി ഒരു വിശ്വാസത്തിന്റെ കുടക്കീഴിൽ ഒന്നിച്ചു; അതാണ് ആദിമസഭയുടെ സൗന്ദര്യവും. പഴയവേരുകളിലേക്ക് ഇറങ്ങിച്ചെന്ന് ദൈവം തന്ന നിരവധിയായ കൃപകൾക്കു നന്ദി പറയാം; പുതുനാമ്പുകൾ മുളച്ചു വരുവാനായി മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. സഭയിലുള്ള വിവിധ സംസ്കാരങ്ങളും പാരമ്പര്യങ്ങളും 'ഒന്ന്'യായ ക്രിസ്തുവിൽ എത്തിനിൽക്കുന്നു. ഈ വൈവിധ്യത്തിൽ അടിയുറച്ചുതന്നെയാവണം ക്രിസ്തു സന്ദേശം പ്രചരിപ്പിക്കേണ്ടത്.

സഭയ്ക്കുള്ളിലെ വൈവിധ്യത്തിന്, ക്രിസ്തുവിന്റെ തിരുമുറിവുകൾ പോലെ, കാലം ആഴമേറിയ തരത്തിലുള്ള ആഘാതമാണ് ഏൽപ്പിച്ചിട്ടുള്ളത്. എ.ഡി. 1054-ൽ പാശ്ചാത്യ-പൗരസ്ത്യ സഭകൾ ആയിരം വർഷത്തോളം നീണ്ടുനിന്ന ഐക്യം നഷ്ടപ്പെടുത്തിയതാണ് ഏറ്റവും വലിയ ആഘാതം എന്ന് വിശേഷിപ്പിക്കാനാവും. പിന്നീട് 1517-ൽ പാശ്ചാത്യ സഭയിലെ തന്നെ പിളർപ്പുകൾ വളരെ വേദനാജനകമായിരുന്നു. അന്ന് പ്രൊട്ടസ്റ്റന്റ് നവീകരണം (Protestant Reformation) സഭയെ ലൂഥറൻ സഭയെന്നും കത്തോലിക്ക സഭയെന്നും രണ്ടായി പിളർത്തി. ഈ വിഭജനം സംഭവിച്ചിട്ട് 2017-ൽ 500 വർഷം തികയുകയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭ മുറിക്കപ്പെടുമ്പോൾ "എല്ലാവരും ഒന്നായിരിക്കാൻ" (യോഹ 17:21) യേശു പിതാവിനോടു പ്രാർത്ഥിച്ചത് നമ്മുടെ ചെവികളിൽ മുഴങ്ങുന്നു. ക്രിസ്തുവിന്റെ ഈ പ്രാർത്ഥന സാക്ഷാത്കരിക്കാൻ എല്ലാ മുറിവുകളും ഉണക്കുവാൻ സഭ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയാണ് സഭാഐക്യത്തിന്റെ അഥവ എക്യുമെനിസത്തിന്റെ പ്രാധാന്യം.

ക്രൈസ്തവർക്കിടയിലെ ഐക്യമില്ലായ്മയാണ് സുവിശേഷപ്രഘോഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിബന്ധം. ക്രിസ്തുവിനെപോലെ ഏക സ്വരത്തിൽ സംസാരിക്കുവാൻ ക്രിസ്തു ശിഷ്യർക്കായില്ല. ഈ വിഷമം ഏറ്റവും കൂടുതൽ അലട്ടിയത്മിഷനറിമാരെയാണ്. സുവിശേഷം പ്രസംഗിക്കുന്നതിനായി ക്രിസ്തുവിൽ വിശ്വസി

ക്കുന്ന എല്ലാവരുടെയും ഐക്യം ബ്രിട്ടണിൽ നിന്നുള്ള മിഷനറിയായ വില്യം കാരിയെ പോലെയുള്ള എക്യുമെനിസത്തിന്റെ പ്രവാചകന്മാർ സ്വപ്നം കണ്ടിരുന്നു. അങ്ങനെയിരിക്കെ 1910-ൽ എഡിൻബർഗ്ഗിലെ ലോക മിഷനറി സമ്മേളനത്തിൽ പ്രോട്ടസ്റ്റന്റ് സഭകൾക്കിടയിലെ എക്യുമെനിക്കൽ പ്രസ്ഥാനം രൂപംകൊണ്ടു. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം കത്തോലിക്കാസഭയും ഈ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ പങ്കുകാരാവുകയും നല്ലൊരു മാറ്റം അനുഭവപ്പെടുകയും ചെയ്തു. അമ്പതുകൊല്ലത്തെ ചർച്ചകൾക്കൊടുവിൽ എക്യുമെനിക്കൽ പ്രസ്ഥാനം വളർന്നുവെങ്കിലും അപ്പസ്തോലന്മാരുടെ സമയത്തുള്ള ഐക്യം തിരിച്ചറിയുവാൻ ഇനിയും അധികം ദൂരം താണ്ടേണ്ടിയിരിക്കുന്നു.

എക്യുമെനിസത്തെ കുറിച്ച് കത്തോലിക്കാ സഭയുടെ നിലപാടുകളും പഠനങ്ങളും രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ സഭൈക്യത്തെക്കുറിച്ചുള്ള ഡിക്രിയിലും (Unitatis Ridintegratio) സഭൈക്യത്തെക്കുറിച്ച് 1993-ൽ സഭ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശകത്തങ്ങളിലും നിയമങ്ങളിലും (Directory for the Application of Principles and Norms on Ecumenism) ജോൺപോൾ രണ്ടാമൻ പാപ്പയുടെ ചാക്രിക ലേഖനമായ ഉത്ത് ഊണും സിന്ത് (Ut Unum Sint, 1995)ലും പ്രതിപാദിക്കുന്നുണ്ട്. കത്തോലിക്കാസഭയും മറ്റുസഭകളും തമ്മിലുള്ള ചർച്ചകളുടെയും നിരന്തര സംഭാഷണങ്ങളുടെയും ഫലമായി നിരവധി ധാരണകളും രേഖകളും വന്നിട്ടുണ്ട്. പക്ഷെ ഈ രേഖകളുടെ അന്തഃസത്ത സഭയുടെ ദൈനംദിന ജീവിതത്തിൽ പ്രതിഫലിച്ചിട്ടില്ല എന്ന് വേണമെങ്കിൽ പറയാം.

ക്രൈസ്തവർ, വിശേഷിച്ച് മെത്രാന്മാർ, വൈദികർ, സന്യസ്തർ, മതബോധന അധ്യാപകർ എന്നിവർക്ക് സഭാഐക്യത്തെക്കുറിച്ച് ശരിയായ ബോധ്യം ഉണ്ടാകണം. ഭവനത്തിലും, സ്കൂളിലും ഇടവകകളിലും നല്കപ്പെടുന്ന മതബോധനത്തിലൂടെ സഭൈക്യത്തെക്കുറിച്ച് വിശ്വാസികളിൽ ശരിയായ അവബോധം ജനിപ്പിക്കാൻ കഴിയണം. കൂടാതെ സെമിനാരി-സന്യസ്ത പരിശീലനത്തിൽ സഭാഐക്യം പാഠ്യവിഷയമാക്കുകയും വൈദീകരുടെയും സന്യസ്തരുടെയും തുടർ പരിശീലനത്തിൽ ഈ വിഷയം ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്: "സഭയുടെ പാരമ്പര്യമായ പ്രവർത്തനങ്ങൾക്ക് ഉപരിയായി ചെയ്യേണ്ട കാര്യമല്ല എക്യുമെനിസം; സഭയുടെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും അവിഭാജ്യ ഘടകമാണ് എക്യുമെനിസം" എന്ന ജോൺപോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ് (UUS 20).

സ്വന്തം സഭയുടെയും മറ്റുസഭകളുടെയും സവിശേഷതകൾ എക്യുമെനിസം അംഗീകരിക്കുന്നു. മറ്റു സഭകളുടെ പ്രത്യേകതകളും അസ്തിത്വവും അംഗീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ സ്വന്തം സഭയെ കുറിച്ച് നാം മനസ്സിലാക്കുന്നത് അപൂർണമായിരിക്കും. മറ്റു സഭകളെ വളർത്തുവാനും പരിപോഷിപ്പിക്കുവാനുമുള്ള ധാരാളം ഘടകങ്ങൾ ഓരോ സഭയ്ക്കുള്ളിൽ തന്നെ കാണാനാകും. തെറ്റിധാരണകളും മുൻധാരണകളും മാറ്റിവച്ച് വ്യത്യാസങ്ങളും പിളർപ്പുകളുടെ ചരിത്രപരമായ വസ്തുതകളും ഉപേക്ഷിച്ച് ഒരുമിച്ച് പ്രവർത്തിക്കാൻ എല്ലാ ക്രൈസ്തവ സഭകളും ഒന്നിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. ഈ അവസരത്തിൽ സ്വീഡനിലെ മാൽമോയിൽ ഒക്ടോബർ 31, 2016-ൽ ലോക ലൂഥറൻ ഫെഡറേഷനിലെ നേതാക്കളുമായുള്ള കൂടിക്കാഴ്ചയിൽ ഫ്രാൻസിസ് പാപ്പ പറഞ്ഞ വാക്കുകൾ പ്രസക്തമാണ്. "ഇരു സഭകൾ ലൂഥറൻ- കത്തോലിക്ക തമ്മിലുള്ള വിശ്വാസപരമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നു. എന്നാൽ ഇവയെക്കെ ദൂരെയകറ്റി ഇരുസഭകൾക്കും പാവങ്ങൾ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിവരെ സഹായിക്കുക എന്ന സാമൂഹികപരമായ മേഖലയിലും ക്രൈസ്തവർ നേരിടുന്ന പീഡനങ്ങൾ ചെറുക്കുക എന്ന വിഷയത്തിലും ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിയുന്നതാണ്." ■

പാത്രിയാർക്കിസും ഫ്രാൻസിസ് മാർപാപ്പയും

എക്യുമെനിസത്തിന് ചില നിർദ്ദേശങ്ങൾ

- ക്രിസ്തീയ വിശ്വാസപരിശീലന പാഠപുസ്തകത്തിൽ മറ്റുസഭകളെ കുറിച്ചുള്ള ഒരു പഠനം ഉൾപ്പെടുത്തുക
- ഇതര സഭകളെ ഉൾപ്പെടുത്തിയുള്ള സമ്മേളനങ്ങൾക്ക് പ്രാധാന്യം നൽകുക.
- 'ക്രൈസ്തവ സഭൈക്യവാരത്തിൽ' ആത്മീയ എക്യുമെനിസത്തിന് പ്രാധാന്യം നൽകുക.
- ഇതര സഭകളുമായി ക്രിസ്തുമസ് - ഈസ്റ്റർ ദിനങ്ങൾ ആഘോഷിക്കുക.
- യേശുവിന്റെ പഠനങ്ങൾ, പ്രത്യേകിച്ച് മത്താ 25:34 - 46 പ്രാവർത്തികമാക്കുന്ന രീതിയിൽ "പ്രാവർത്തിക എക്യുമെനിസം" (Practical Ecumenism) നടപ്പിലാക്കുക.

ഇലകൊഴിയുമ്പോൾ മരം വേദനിക്കും

യേശുനാഥൻ അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ച പ്രഘോഷണദൗത്യം സഭ തന്റെ ദൗത്യമായി ഏറ്റെടുത്തിട്ട് രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു. എന്നിട്ടും ഭാരതത്തിൽ സുവിശേഷവൽക്കരിക്കപ്പെട്ടവരുടെ എണ്ണം വെറും രണ്ടര ശതമാനത്തിൽ താഴെമാത്രമാണെന്നാണ് കണക്കുകൾ പറയുന്നത്. ഇക്കാര്യത്തിൽ സഭാമക്കളെല്ലാവരും ഉത്തരവാദികളുമാണ്.

വിശ്വാസികൾ കത്തോലിക്കസഭ വിട്ട് മറ്റു മതങ്ങളിലും സമുദായങ്ങളിലും ചേക്കേറുന്നുവെന്നൊരാക്ഷേപം ഇന്ന് പരക്കെയുണ്ട്. അങ്ങനെ ഒന്നുണ്ടെങ്കിൽ അത്തരം കൊഴിഞ്ഞുപോക്കിനാധാരമായ കാരണങ്ങൾ കണ്ടെത്താനും അതുപരിഹരിച്ചു സഭ വിട്ടുപോയവരെ ദൈവവചനാധിഷ്ഠിത ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാനും എന്തുകൊണ്ട് കഴിയുന്നില്ല എന്നൊരു ചോദ്യവും സഭയ്ക്ക് മുന്നിലുണ്ട്. തീവ്രഹിന്ദുത്വമെന്ന ആക്ഷേപം ഏറ്റുവാങ്ങിയ ഘർവാപ്പസിയും, ലൗജിഹാദും മതാധിഷ്ഠിത തിരിച്ചുവരവിനും കൂട്ടിച്ചേർക്കലിനും ഹിന്ദു മുസ്ലീം മതവിഭാഗങ്ങൾ വഴിവയ്ക്കുമ്പോൾ കത്തോലിക്കർ മാത്രം ഇക്കാര്യത്തിൽ നിസംഗത കാണിക്കുന്നു. നൂറാടുകളിൽ ഒന്നു നഷ്ടപ്പെട്ടുപോയാൽ തൊണ്ണൂറ്റി ഒൻപതിനേയും വിട്ട് നഷ്ടപ്പെട്ട ഒന്നിനെ തേടിപ്പോകുന്ന, തേടിപ്പോകാൻ കൽപ്പിച്ച ക്രിസ്തുവിന്റെ അനുയായികളാണ് പോയവർ പോകട്ടെയെന്നും, അല്ലെങ്കിൽ പോയത് നന്നായി എന്നും ആശ്വാസം കൊള്ളുന്നത്. പക്ഷേ സഭയാകുന്ന മരത്തിൽ നിന്നും ഇലകളാകുന്ന വിശ്വാസികൾ കൊഴിഞ്ഞുപോകുമ്പോൾ വേദനിക്കുന്ന ഒരുവനുണ്ട്, യേശു. എന്നോർക്കണം.

എന്തുകൊണ്ട് പോയി എന്തിനുപോയി എന്നൊരു വിലയിരുത്തലിന് കൊഴിഞ്ഞുപോയവരും ആയതിന് നിമിത്തമായവരും ചിന്തിക്കാൻ തയ്യാറാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പലപ്പോഴും നിലപാടുകളാണ് ഇത്തരമൊരു അവസ്ഥയ്ക്ക് കാരണം. സഭ വിട്ടുപോയവർക്ക് സഭയെക്കുറിച്ചും സഭാപഠനങ്ങളെക്കുറിച്ചും സഭാഅധികാരികളെക്കുറിച്ചും ഏറെ ആക്ഷേപങ്ങൾ നിരത്താനുണ്ടാകും. അതുപോലെ സഭാധികാരികൾക്കും വിശ്വാസികൾക്കും തങ്ങളുടെ നിലപാടുകൾ ശരിയാണെന്ന് സമർത്ഥിക്കാനും ഉണ്ടാകും കാരണങ്ങൾ ഏറെ. ഇത് മനുഷ്യസഹജമായ ഒരുതരം മാനസികാവസ്ഥയാണ്. അമ്മയെ തല്ലി

യാലും രണ്ടുണ്ട് പക്ഷം എന്നാണ് പഴമൊഴി.

അടുത്തിടെ ഒരു കുടുംബം കത്തോലിക്കാ സഭ വിട്ട് മറ്റൊരു സഭയിൽ ചേർന്നു. കാരണം വളരെ നിസാരം. ഇടവക പ്രവർത്തനങ്ങളിൽ വളരെ സജീവമായിരുന്നു ആ കുടുംബം. എല്ലാ ആഴ്ചയിലും ഒരു ദിവസം മറ്റൊരു സഭാ വിഭാഗം സംഘടിപ്പിക്കുന്ന പ്രാർത്ഥന കൂട്ടായ്മയിൽ അവർ പങ്കെടുക്കും. ഇത് ഇടവകാംഗങ്ങളിൽ ചിലർ ബിസിസി ജനറൽ ബോഡിയിൽ ചോദ്യം ചെയ്തു. ഇടവക വികാരി പ്രസ്തുത കുടുംബത്തെ വിളിച്ച് സംസാരിക്കുകയും ഈ പ്രവൃത്തി പ്രോത്സാഹിപ്പിക്കപ്പെടാൻ പാടില്ലെന്നും അത് സഭയുടെ വിശ്വാസത്തിനും പഠനത്തിനും എതിരാണെന്നും അവരെ താക്കീത് ചെയ്യുകയും ചെയ്തു. എന്നാൽ തങ്ങളുടെ നിലപാട് സാധൂകരിക്കാനുള്ള വ്യഗ്രതയിൽ ആ കുടുംബം സഭാപഠനങ്ങളെക്കുറിച്ച് ഇടവകാംഗങ്ങളെ ചോദ്യം ചെയ്യാനും, പ്രാർത്ഥിക്കാനുള്ള തങ്ങളുടെ അവകാശത്തെ തടയാൻ ആരെയും അനുവദിക്കില്ലെന്ന് ശാഠ്യം പിടിക്കാനും തുടങ്ങി കാലക്രമേണ അവർ ഇടവകയിൽ ഒറ്റപ്പെടുകയും നാലംഗകുടുംബം കത്തോലിക്കാസഭവിട്ട് പോവുകയും ചെയ്തു.

ഇത് വിശ്വാസത്തിന്റെ പേരിലാണെങ്കിൽ മറ്റൊന്ന് സംഭവിച്ചത് ഇടവക ഭരണസമിതിയുടെ നിലപാടിന്റെ പേരിലാണ്. ഒരുവിശ്വാസി വല്ലപ്പോഴും മാത്രം ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുക്കും. ഭരണസമിതിയെ നിശിതമായി വിമർശിക്കും. തിരുനാൾ സംഭാവനയെന്നു മാത്രമല്ല ഇടവകക്ക് ഒരു നയാപൈസയുടെ സഹായവും കൊടുക്കില്ല. അയാൾ പുതിയൊരു വീടുവച്ചു. വീട് ആശീർവദിക്കാൻ അയാൾ ഇടവക വികാരിയെ സമീപിച്ചു. ഇടവക കൗൺസിൽ ഇടവക വികാരിയെ വിലക്കി. ഇതുവരെ തരാനുള്ള കുടിശിക മുഴുവൻ അടച്ചുതീർത്ത് പരസ്യമായി ക്ഷമാപണം നടത്തിയാൽ മാത്രമേ വീട് ആശീർവദിക്കാൻ പാടുള്ളൂവെന്ന് ഇടവക കൗൺസിൽ. അയാൾ ഒരു പെന്തക്കോസ്ത പാസ്റ്ററെ വിളിച്ചു പ്രാർത്ഥന നടത്തി വീട്ടിൽ താമസമാക്കി. പിന്നെ ഇടവക പള്ളിയിലേക്ക് തിരിഞ്ഞുനോക്കിയിട്ടില്ല.

പലരും ഇതിനെ നിശിതമായി വിമർശിച്ചു രംഗത്തുവന്നു. യേശു പാപിനിയോട് ക്ഷമിച്ചില്ലേ. ചുങ്കക്കാരനായ സക്കേവൂസിന്റെ വീട്ടിൽ പോയില്ലേ. എന്തുകൊണ്ട് ഇടവകവികാരിക്ക് അയാളെ സഹായിക്കാൻ കഴിഞ്ഞില്ല - ഒരുകൂട്ടർ. അങ്ങനെ അയാളുടെ വീട് ആശീർവദിച്ചുകൊടുക്കുന്നതു ശരിയാണോ. ഇടവക കാര്യങ്ങളിൽ ഒരു വീഴ്ചയും വരുത്താതെ സഭാ നിയമങ്ങൾ അനുസരിക്കുന്ന ഞങ്ങൾക്കു പോലും ബിസിസി യൂണിറ്റിന്റെ കത്തു കൊടുത്താൽ മാത്രമേ ഇത്തരം കർമ്മങ്ങൾ നടത്തിക്കിട്ടുകയുള്ളൂ. അപ്പോൾ പിന്നെ എന്തിന് കൗൺസിൽ അംഗങ്ങളെ വിമർശിക്കുന്നു - മറ്റൊരുകൂട്ടർ.

രണ്ടുകൂട്ടരും പറയുന്നത് ശരിയാണ്. ഇവിടെ ധൂർത്തപുത്രന്റെ കഥയ്ക്ക് പ്രസക്തിയുണ്ടോയെന്ന് നാം ചിന്തിക്കണം. ഇങ്ങനെ കാഴ്ചപ്പാടുകൾ കുരുക്കഴിയാതെ കിടക്കുന്നതാണ് വിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നത്. ഇതിനൊരു പരിഹാരം വേണ്ടേ? വേണം എന്നാണ് ഏറെപ്പേരും ആഗ്രഹിക്കുന്നത്. ■

സഭയും വിശ്വാസവും ഉപേക്ഷിക്കേണ്ടിവരുന്നത് എന്തുകൊണ്ട്

ഫാ. ഡി.തോമസ്

ആഗോള കത്തിലോക്കാ സഭാനേതൃത്വം തങ്ങളുടെ പ്രഘോഷണ ദൗത്യം കാര്യക്ഷമമാക്കാൻ 'നവ സുവിശേഷവൽക്കരണ'വുമായി മുന്നോട്ടുപോകാനുള്ള പരിശ്രമത്തിലാണ്. യേശുനാഥൻ അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ച പ്രഘോഷണ ദൗത്യം സഭ തന്റെ ദൗത്യമായി ഏറ്റെടുത്തിട്ട് രണ്ടായിരം വർഷങ്ങൾ കഴിഞ്ഞു. എന്നിട്ടും ഭാരതത്തിൽ സുവിശേഷവൽക്കരിക്കപ്പെട്ടവരുടെ എണ്ണം വെറും രണ്ടര ശതമാനത്തിൽ താഴെ മാത്രമാണെന്നാണ് കണക്കുകൾ പറയുന്നത്. ഇക്കാര്യത്തിൽ സഭാമക്കളെല്ലാവരും ഉത്തരവാദികളുമാണ്. ഇതിനൊരുപരിഹാരമായി കൂടിയാണ് സഭാനേതൃത്വം നവസുവിശേഷവൽക്കരണമെന്ന ആശയവുമായി മുന്നോട്ടുവന്നിരിക്കുന്നത്.

'കത്തോലിക്കരെ' സുവിശേഷവൽക്കരിക്കുന്ന പ്രക്രിയയാണ് നവ സുവിശേഷവൽക്കരണം. ഒരിക്കൽ സുവിശേഷവൽക്കരിക്കപ്പെട്ടവരും, നിർഭാഗ്യവശാൽ കാലക്രമത്തിൽ, തങ്ങളുടെ കുറ്റംകൊണ്ടും അല്ലാതെയും വിശ്വാസം ഉപേക്ഷിച്ചു പോകുന്നവരുടെ എണ്ണം കൂടിവരുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഒരുവിശ്വാസിക്ക് സഭയ്ക്കകത്തുനിന്നും പുറത്തുനിന്നുമുള്ള ഒട്ടേറെ വെല്ലുവിളികൾ നേരിടേണ്ടിവരുന്നുണ്ട്. അത്തരം സന്ദർശനങ്ങളിൽ ആഴമേറിയ ഒരു 'യേശു അനുഭവം' ഉണ്ടെങ്കിൽ മാത്രമേ വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ സാധിക്കൂ.

എങ്ങനെ വിശ്വാസം ആഴപ്പെടുത്താം

എം.നെൽസൻ ഫെർണാണ്ടസ്, വലിയതുറ

ദൈവവചനത്തോടുള്ള തുറവി ഇല്ലായ്മയാണ് വിശ്വാസികൾ ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നം. 'ദൈവവചനം എന്റെ പാദങ്ങൾക്കുവിളക്കും പാതയിൽ പ്രകാശവു" മാണെന്നുള്ള ബോധ്യം വിശ്വാസികളിൽ ആഴപ്പെടണം. വചനം അനുദിനം വായിക്കാനും ധ്യാനിക്കാനും പഠിക്കാനും പഠിപ്പിക്കാനും നാം പരിശ്രമിക്കണം. അനുദിന ജീവിതത്തിലെ പ്രശ്നങ്ങൾക്ക് വചനവുമായുള്ള സംഭാഷണത്തിലൂടെ പരിഹാരം കണ്ടെത്തൻ കഴിയുമ്പോൾ സഭയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാനാകും.

കൂട്ടായ്മ അനുഭവം

"നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ അതുമൂലം നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം പറയും" ക്രിസ്തുശിഷ്യന്റെ പ്രധാന ലക്ഷണം സ്നേഹമാണ്. ബന്ധങ്ങളുടെ ഊഷ്മളതയിൽ വളരാനാണ് കുടുംബയൂണിറ്റുകൾ രൂപപ്പെടുത്തിയത്. എന്നാൽ യൂണിറ്റുകളുടെ ചൈതന്യമില്ലായ്മ വ്യക്തി വൈരാഗ്യങ്ങൾക്കും ബന്ധങ്ങളുടെ അകൽച്ചയ്ക്കും ഇടയാക്കുന്നു.

ഒരാൾ മറ്റൊരാൾക്ക് സാന്നിധ്യമാകാനും ആശ്വാസത്തിന്റെ തിരിനാളമാകാനും വിളിക്കപ്പെട്ടിരിക്കെ ഒറ്റപ്പെടുന്നവരുടെ സംഖ്യ സഭയിൽ ഏറിവരുന്നു. കുടുംബബന്ധങ്ങളിലെ അകൽച്ച നമ്മെ അലട്ടുന്ന ഒരു പ്രശ്നമായിരിക്കുന്നു. ഭിന്നിച്ചുകഴിയുന്ന ദാമ്പത്യബന്ധത്തിൽ ഒന്നും ചെയ്യാനില്ലെന്ന് നിസംഗതയോടെ അജപാലകർ മാറിനിൽക്കുമ്പോൾ ഈ സാഹചര്യം മുതലെടുത്ത് പെന്തക്കുസ്താ സഭാ ശുശ്രൂഷകർ ചെയ്യുന്ന ഭവന സന്ദർശനവും നല്കുന്ന ഉപദേശവും അവർക്ക് ഏറെ ആശ്വാസകരമാകുന്നു. പിന്നെ അവരുടെ പിന്നാലെയുള്ള പരക്കം പാച്ചിലായി. ബസിസി യൂണിറ്റുകൾ പണപിരിവിന്റെ വേദികൂടിയായി മാറുന്നതുകൊണ്ട് അകല്ച്ച കൂടിവരുന്നു. തിരുനാളുകൾ നടത്തുന്നതിനും സ്ഥാപനങ്ങൾ നിർമിക്കുന്നതിനുമുള്ള പണം ബിസിസി യൂണിറ്റുകൾ തന്നെ പിരിച്ചുനൽകണം. അവിടെ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ ഉള്ള യാതൊരു വ്യത്യാസവുമില്ല. ഇത് കൂടുതൽ ആൾക്കാർ സഭവിട്ടുപോകാൻ കാരണമാകുന്നു. ഇതിനുമാറ്റം സംഭവിക്കണം. തിരുനാളുകളിലെ ആഢംബരങ്ങളും ധൂർത്തും ഇന്നും യഥേഷ്ടം നടക്കുന്നതിനാൽ മാനസാന്തരത്തിനുള്ള, തിരിച്ചുവരവിനുള്ള വഴികൾ അടഞ്ഞുപോകുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് ബി.സി.സി. യൂണിറ്റുകളിൽ നിന്ന് ഇല്ലാതാകണം. സമൂഹത്തിലെ ബലഹീനരോട് പ്രത്യേകമായ അനുകമ്പയുള്ള സമൂഹമായി ഇടവക വളരണം. ഒരാൾ മറ്റൊരാൾക്ക് സാന്നിധ്യമാകണം.

സുവിശേഷത്തിലെ, വഴിയരികിൽ വീണ വിത്തുപോലെ, ഫലംനൽകാത്ത അത്തിമരംപോലെ, ഉറകെട്ടുപോയ ഉപ്പുപോലെ, ജീവിതത്തിൽ ദൈവരാജ്യനിർമിതിയിൽ പങ്കുചേരാനാകാത്തവരെ വീണ്ടും സുവിശേഷവൽക്കരിക്കുന്ന പ്രക്രിയയാണ് നവസുവിശേഷവൽക്കരണം.

പലകാരണങ്ങളാൽ സഭവിട്ടുപോയവരെയും, ഏതാണ്ട് അതേ അവസ്തയിൽ സഭയിൽ തുടരുന്നവരെയും വീണ്ടും സുവിശേഷവൽക്കരിക്കാൻ നവസുവിശേഷവൽക്കരണത്തിന് കഴിയണം.

സഭയും വിശ്വാസവും ഉപേക്ഷിച്ചുപോകുന്നവർ

തങ്ങളുടെ കുറ്റംകൊണ്ടും അല്ലാതെയും വിശ്വാസം ഉപേക്ഷിച്ചുപോകുന്നവരുടെ എണ്ണം കൂടിവരുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഒരുവിശ്വാസിക്ക് സഭയ്ക്കകത്തുനിന്നും പുറത്തുനിന്നുമുള്ള ഒട്ടേറെ വെല്ലുവിളികൾ നേരിടേണ്ടിവരുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ ആഴമേറിയ ഒരു 'യേശു അനുഭവം' ഉണ്ടെങ്കിൽ മാത്രമേ വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ സാധിക്കൂ.

അകമേനിന്നുള്ള വെല്ലുവിളികൾ

യേശു അനുഭവത്തിൽ ആഴപ്പെടാൻ സഹായിക്കാത്ത, കുടുംബപശ്ചാത്തലം നാമമാത്രവിശ്വാസ പരിശീലനം, ആഢംബരവും ധൂർത്തും നിറഞ്ഞുനിൽക്കുന്ന കൂദാശാപരികർമങ്ങൾ കഥയും കവിതയും മാത്രമല്ല, വചനപ്രഘോഷണങ്ങൾ, ധൂർത്തിന്റെ പര്യായമായി മാറുന്ന തിരുന്നാളാഘോ

എന്തുകൊണ്ട് കത്തോലിക്കവിശ്വാസം ഉപേക്ഷിക്കാൻ ഒരു വ്യക്തി പ്രേരിതനാകുന്നു. മുറിയപ്പെടുന്നതിലൂടെയും മുറിക്കപ്പെടുന്നതിലൂടെയും വെളിപ്പെടുന്ന ക്രിസ്തുവിനെ പകർന്നുകൊടുക്കാൻ നമുക്ക് കഴിയാത്തതാണ് കാരണം. അതുകൊണ്ട് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പങ്കിടൽ മനസ്ഥിതി നമ്മിൽ വളരണം.

ബലിജീവിതം

ദിവ്യബലി ക്രൈസ്തവജീവിതത്തെ കരുപിടിപ്പിക്കുന്ന ശക്തിസ്രോതസ്സാണ് എന്ന് സഭ പഠിപ്പിക്കുന്നു. എന്നാൽ ദിവ്യബലിയിൽ പങ്കെടുക്കുന്ന വിശ്വാസിയുടെ ജീവിതവും ബലിയർപ്പണവും തമ്മിൽ യാതൊരു ബന്ധവുമില്ല. ചടങ്ങിനായി മാത്രം ദിവ്യബലിയിൽ പങ്കെടുക്കുന്നവർ ആരൊക്കെയോ നിർബന്ധിക്കുന്നതുകൊണ്ടും തിരുസഭയുടെ കല്പന അനുശാസക്കുന്നതുകൊണ്ടും ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുത്തുമടങ്ങുന്നവർ സഭയിൽ ധാരാളമുണ്ട്. ബലിയർപ്പയണം ഒരനുഭവമായി മാറുന്നില്ല. കാഴ്ചക്കാരായി, സംഘാടകരായി വന്നുപോകുന്നവർ. ക്രിസ്തുവിന്റെ ബലിയൽ പങ്കെടുത്തവർ മറ്റുള്ളവർക്ക് ബലിയാകാനുള്ള ആഹ്വാനം സ്വീകരിച്ച് ദേവാലയത്തിന് പുറത്തേക്കിറങ്ങിയശേഷം ശത്രുതാമനോഭാവത്തോടെ ജീവിക്കുന്നുവെങ്കൽ അത് കത്തോലിക്കാവിശ്വാസത്തിന് എതിർസാക്ഷ്യമാണ് നൽകുന്നത്. അനുരഞ്ജനം സാധ്യമല്ലാത്തവിധത്തിൽ ഞാൻ ചെയ്യുന്നതു ശരി, ഞാൻ മാത്രം ശരി എന്ന ഭാവം വളരുന്നു. ചെയ്തുപോയ തെറ്റ് തെറ്റെന്ന് സമ്മതിക്കാനോ ഏറ്റുപറയാനോ ഉള്ള സന്നദ്ധതയില്ലായ്മ കാരണം അനുഭവിക്കുന്ന മാനസിക സംഘർഷവും ഒറ്റപ്പെടലും ഒരു കൗദാശിക ജീവിതത്തിന് എതിർസാക്ഷ്യമാണ്. ഞാൻ മാത്രമല്ല, ശരി അപരനും ശരിയാണെന്ന ചിന്ത വളരണം. സ്വയമേവയും മറ്റുള്ളവരേയും അംഗീകരിക്കാൻ തയ്യാറാകണം

സ്വാർത്ഥത നിറഞ്ഞ ഒരു സമൂഹമാണ് നമുക്കു ചുറ്റും കാണപ്പെടുന്നത്. ഉള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല, വീണ്ടും വീണ്ടും എനിക്കുതന്നെയിരുന്നോട്ടെ എന്ന ചിന്ത.

ഷങ്ങൾ എന്നിവയൊക്കെ വിശ്വാസം ഉപേക്ഷിക്കാൻ പ്രേരകമാകുന്ന അകമെ നിന്നുള്ള വെല്ലുവളികളാണ്.

കൂടാതെ ശിശുവായിരിക്കുമ്പോൾ തന്നെ കുടുംബത്തിൽ നിന്നും ലഭിക്കേണ്ട - പ്രത്യേകിച്ച്, അമ്മയിൽ നിന്നുള്ള വാത്സല്യം, സ്നേഹം, പരിചരണം, നല്ല മാതൃക, ശിക്ഷണം തുടങ്ങിയവ ലഭിക്കാത്ത അവസ്ഥയുണ്ട്. അറിവു പകരുന്നതിനെക്കാൾ യേശു അനുഭവം സാധ്യമാകുന്ന വിശ്വാസപരിശീലനംത്തന്റെ അഭാവം കാരണം വർഷങ്ങൾ നീണ്ട വിശ്വാസപരിശീലനത്തിനുശേഷവും പലർക്കും യേശു അന്യനായി നിൽക്കുന്നു. മാത്രവുമല്ല, വിശ്വാസത്തിലാഴപ്പെടേണ്ട, വിശ്വാസപ്രഖ്യാപനത്തിന്റെ അവസരങ്ങളായി മാറേണ്ട തിരുനാളാഘോഷങ്ങൾ മനസ്സിൽ ശൂന്യതയും, നഷ്ടബോധവും സൃഷ്ടിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. ഇന്നത്തെ തിരുനാൾ ആഘോഷങ്ങൾ നൽകുന്ന വൈകാരിക സംതൃപ്തി നിലനിൽക്കില്ലെന്നുമാത്രമല്ല, ഇത് യേശു അനുഭവം സൃഷ്ടിക്കുന്നുമില്ല. അനുഷ്ഠാനങ്ങൾ വെറും കൂദാശ പരിക്രമങ്ങളായി അധഃപതിക്കുന്നു. ചുരുക്കത്തിൽ വിവിധതലങ്ങളിലുള്ള വിശ്വാസപരിശീലനവും, കൂദാശാപരിക്രമങ്ങളുമൊക്കെ ഒരാളെ സുവിശേഷത്തിലെ യേശുവിനെ കണ്ടുമുട്ടുന്നതിനും, യേശുവുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതിനും, വിശ്വാസത്തിൽ വളർന്ന് ആഴപ്പെടുന്നതിനും, യേശുവിനെ സുഹൃത്തും വഴികാട്ടിയുമൊക്കെയായി സ്വീകരിക്കുന്നതിനും സഹായിക്കുന്നില്ലെന്നർത്ഥം. ഇക്കാരണത്താലാണ് കത്തോലിക്കാവിശ്വാസം ഉപേക്ഷിച്ച് എതിർസാക്ഷ്യം നൽകാൻ ഒരാൾക്ക് എളുപ്പത്തിൽ സാധിക്കുന്നത്. ■

സമൂഹത്തിലെ അവശരെയോ ബലഹീനരേയോ സഹായിക്കാനുള്ള മനസ്സില്ലായ്മ. മറ്റുള്ളവർ ബുദ്ധിമുട്ടനുഭവിക്കുമ്പോൾ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും തിരുനാളുകൾ മോടിപിടിപ്പിക്കുന്നതിലും ഉത്സുകരാകുന്നു. ഈ സാഹചര്യത്തിൽ മറ്റുവിഭാഗക്കാർ സഹായഹസ്തം നീട്ടുമ്പോൾ എന്തുകൊണ്ടും കത്തോലിക്കവിശ്വാസം ഉപേക്ഷിക്കാൻ ഒരു വ്യക്തി പ്രേരിതനാകുന്നു. മുറിയപ്പെടുന്നതിലൂടെയും മുറിക്കപ്പെടുന്നതിലൂടെയും വെളിപ്പെടുന്ന ക്രിസ്തുവിനെ പകർന്നുകൊടുക്കാൻ നമുക്ക് കഴിയണം. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പങ്കിടൽ മനസ്ഥിതി നമ്മിൽ വളരണം. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ദിവസം മുഴുവനും കുത്തിയിരുന്നു പ്രാർത്ഥിക്കുന്നു എന്നതിനെക്കാൾ അതിൽ നിന്ന് ചൈതന്യമുൾക്കൊണ്ട് അയൽക്കാരിന്റെ അവശതകളിലേക്ക് ഇറങ്ങിച്ചെല്ലുന്നതും പരിഹാരം കണ്ടെത്തുന്നതും ആരാധനയാണെന്ന ബോധ്യം ആഴപ്പെടണം.

വേദനയിലെ ആശ്വാസം

രോഗീസന്ദർശനം ഒരു വലിയ അജപാലന ശുശ്രൂഷയാണ്. രോഗശയ്യയിലായിരിക്കുന്ന ഒരു വ്യക്തിയുടെ വീട്ടിലേക്കോ ആശുപത്രി കിടക്കയ്ക്കരികിലേക്കോ നമ്മിൽ എത്രപേർ കടന്നുചെല്ലുന്നു, പ്രാർത്ഥിക്കുന്നു, ആശ്വാസം പകരുന്നു? ബിസിസിയൂണറ്റു നേതൃത്വംപോലും അതിന് പരിശ്രമിക്കാറില്ല. പലരും വേദനയോടെ പങ്കുവച്ച ഒരു അവസ്ഥയാണിത്. ഇന്ന് ഇതിന് കുറെയൊക്കെ മാറ്റം വന്നെങ്കിലും നല്ലൊരു ശതമാനം കത്തോലിക്കരും രോഗീസന്ദർശനം ഒരു ശുശ്രൂഷയായി ഏറ്റെടുക്കാൻ മടിക്കുന്നിടത്തേക്ക് ഇതര ക്രൈസ്തവ സഭാനേതൃത്വങ്ങൾ കടന്നുവരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവരുടെ അജപാലന ശുശ്രൂഷയിൽ ആകൃഷ്ടരായി കത്തോലക്കാ വിശ്വാസം ഉപേക്ഷിച്ച് പെന്തക്കോസ്താ സഭാസമൂഹങ്ങളിൽ ചേക്കേറുന്നു.

സ്വരൂപ പ്രീണനം

ഓരോ മുക്കിലും മൂലയിലും ഉയർന്നുവരുന്ന കുരിശടികളും തുടർന്നുള്ള സ്വരൂപവന്ദനവും തിരുന്നാളുകളുമാണ് കത്തോലിക്കാ വിശ്വാസത്തെ വെല്ലുവിളിക്കുന്ന മറ്റൊരു ഘടകം. കൂടാതെ വിദൂരസ്ഥലങ്ങളിൽ നിന്ന് ഏതെങ്കിലും വിശുദ്ധന്റെ തിരുശേഷിപ്പ് എഴുന്നെള്ളിച്ചുകൊണ്ടുള്ള പ്രയാണവും അതിന്റെ മുമ്പിൽ പ്രണമിക്കുന്നവർക്ക് പൂർണ ദണ്ഡവിമോചന പ്രഖ്യാപനവും തുടർന്നുള്ള പണപിരിവും ഇതരസഭാവിഭാഗങ്ങൾക്ക് നമ്മെ കളിയാക്കാനുള്ള വേദിയായി മാറുന്നു എന്നതോന്നൽ പലരും (വൈദികർ പോലും) പങ്കുവയ്ക്കുന്നു. തിരുന്നാളുകൾ ഒരു വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയുടെയും ആഘോഷത്തിന്റെയും ആദ്ധ്യാത്മികതയുടെയും സ്നേഹം പങ്കിടലിന്റെയും അവസരങ്ങളാണ്. പലപ്പോഴും അത് മാതൃത്തിന്റെയും ഫാഷൻ പരേഡിന്റെയും ശത്രുതാ മനോഭാവത്തിന്റെയും സാഹചര്യമായി രൂപപ്പെടുന്നു. അതുവഴി പള്ളിയോടും സഭാശുശ്രൂഷകളോടും എന്നെന്നേക്കുമായി സഹകരിക്കാത്തവരുടെ എണ്ണം കൂടുന്നു. ഈ സാഹചര്യം മുതലെടുക്കുന്ന ഇതര ക്രൈസ്തവസഭാവിഭാഗക്കാർ വചനത്തിന്റെ പിൻബലത്തിൽ ഇവയൊക്കെ തെറ്റാണെന്ന് പഠിപ്പിക്കുമ്പോൾ വചനമറിയാത്ത കുഞ്ഞുമസ്സുകൾ തീർത്തും കത്തോലിക്കാവിശ്വാസം ഉപേക്ഷിക്കാൻ പ്രേരിതരാകുന്നു. നമ്മിൽ സാഹോദര്യവും സൗഹാർദ്ദവും വളരണം. തിരുനാളിലെ ആത്മീയത നഷ്ടപ്പെടാതെ സൂക്ഷിക്കണം. ശത്രുത എന്നതിനേക്കാൾ രമ്യതയുടെ വഴികൾ തേടണം. വചനത്തിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയണം. വചനബോധ്യമുണ്ടാകണം.

സമൃദ്ധ ജീവനിലേക്ക് നയിക്കുന്ന ഇടയൻ

ഇന്ന് അധികവും ഉയർന്നുവരുന്ന മറ്റൊരു പരാതി വൈദികരെക്കുറിച്ചാണ്. ആടുകളെ ജീവന്റെ സമൃദ്ധിയിലേക്ക് നയിക്കലാണ് ഇടയധർമമെന്ന് സുവിശേഷം ഉദ്ബോധിപ്പിക്കുന്നു. എന്നാൽ വൈദികരുടെ സുഖലോലുപതയും ആഡംബര ജീവിതവും ക്രിസ്തുവെന്ന രക്ഷകനെ സാക്ഷ്യപ്പെടുത്താൻ പര്യാപ്തമാണോയെന്ന് ചിന്തിക്കണം. വളർത്തേണ്ടവർ തന്നെ തളർത്താൻ ശ്രമിച്ചാൽ പിന്നെ വളർച്ചയെവിടെ എന്ന ചോദ്യം പ്രതിഫലിക്കുന്നു. വൈദികരായാൽ എല്ലാമായി എന്നുകരുതുന്നു. മാത്രവുമല്ല സഭയുടെ ഹൈരാർക്കിക്കൽ സംവിധാനത്തിൽ ഇന്നും അല്മായൻ വലിയൊരളവുവരെ പിന്നാക്കം നിൽക്കുന്നു. അവന്റെ വിശ്വാസ തീഷ്ണതയോ സേവനതൽപ്പരതയോ മുഖവിലക്കെടുക്കാതെ പുരോഹിതനിഷ്ടമില്ലെന്ന് കണ്ടാൽ യഥേഷ്ടം പുറത്താക്കാനും മഹറോൻ ചൊല്ലാനും കാണിക്കുന്ന വ്യഗ്രതമൂലം വിശ്വാസം ഉപേക്ഷിച്ചവർ, വൈദികരോട് പിണങ്ങി ഇതരവിശ്വാസങ്ങൾ സ്വീകരിച്ചവരും വിരളമല്ല. മറ്റൊരു പ്രധാന പ്രശ്നം പാവങ്ങളെ അവഗണിക്കുന്നു എന്നതാണ്. കാശുള്ളവൻ പള്ളിക്ക് സംഭാവന നൽകിയാൽ അവരുടെ കാര്യങ്ങൾ സുഗമമായി നടത്തിക്കൊടുക്കുന്നു. പാവപ്പെട്ടവനെ പലയാ



മറ്റൊരു പരാതി
വൈദികരെക്കുറിച്ചാണ്.
ആടുകളെ ജീവന്റെ സമൃദ്ധിയിലേക്ക്
നയിക്കലാണ് ഇടയധർമമെന്ന്
സുവിശേഷം ഉദ്ബോധിപ്പിക്കുന്നു.
എന്നാൽ വൈദീകരുടെ
സുഖലോലുപതയും
ആഡംബര ജീവിതവും
ക്രിസ്തുവെന്ന രക്ഷകനെ
സാക്ഷ്യപ്പെടുത്താൻ പര്യാപ്ത
മാണോയെന്ന് ചിന്തിക്കണം.

വർത്തി അങ്ങോട്ടുമിങ്ങോട്ടും നടത്തിക്കുന്നു എന്നൊരു പരാതിയും കേൾക്കാറുണ്ട്. തുല്യനീതി ഉറപ്പുവരുത്താൻ ശ്രമിക്കുന്നതോടൊപ്പം പാവപ്പെട്ടവരെ സംരക്ഷിക്കുന്ന ദൈവനീതികൂടി കണക്കിലെടുക്കേണ്ടവരല്ലേ ഇടയൻമാർ എന്ന കാഴ്ചപ്പാട് വളരണം.

ഉപസംഹാരം

രണ്ടുപാപ്പമാർ രണ്ടുസാഹചര്യങ്ങളിൽ ഉപയോഗിച്ച വാക്ക് ഇന്നും ഉള്ളിൽ ഒരു ജ്വാലയായി പടരുന്നു. ജോൺ 23-ാമൻ പാപ്പ വി. പത്രോസിന്റെ ബസലിക്കായുടെ കിളിവാതിൽ മലർക്കെ തുറന്നിട്ടുകൊണ്ട് പറഞ്ഞു, "സഭയ്ക്കുള്ളിലേക്ക് ശുദ്ധവായു പ്രവേശിക്കട്ടെ" കരുണയുടെ വർഷാവസാനം അതേ ബസലിക്കായുടെ വാതിലുകൾ വലിച്ചടച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പറഞ്ഞു, 'മരം കൊണ്ട് നിർമ്മിച്ച ഈ വാതിലുകൾ ഞാൻ വലിച്ചടയ്ക്കുന്നു, ഹൃദയം കൊണ്ട് നിർമിച്ച കരുണയുടെ കവാടങ്ങൾ തുറക്കാനായി". ഇവിടെ ഒരു തുറവി ആവശ്യമാണ്. വീടുവിട്ടിറങ്ങിയ മകൻ തിരിച്ചുവരുവോളം വഴിക്കണ്ണുമായി നോക്കിയിരിക്കുന്ന പിതാവിന്റെ തുറവി നമ്മളും സ്വന്തമാക്കണം. പിരിഞ്ഞുപോയവർ സമയമെടുത്താണ് പിരിഞ്ഞുപോയത്. അതുകൊണ്ടു തിരിച്ചുവരവിനും സമയമെടുക്കും. ക്ഷമയോടെ കാത്തിരിക്കണം. തിരിച്ചുവരവിനായുള്ള സാഹചര്യമൊരുക്കണം. ■

കവിത

ഫാ. പോൾ സണ്ണി

കട്ടമരം

എന്റെ തിരയിലൊരു കടലുണ്ട്
എന്റെ കട്ടമരത്തിലൊരു
കടൽ വേട്ടപ്പാച്ചിലുണ്ട്
കാറ്ററിയും കടലറിയുമെന്റെ
തുഴവീശിയ മീൻ തിരിച്ചിലുകൾ
ഏഴാം കടലിലെന്റെ വേട്ടചൂണ്ടകൾ
മീൻചൂണ്ടുകൾ കൊളുത്തി
ചാകരകളെനിക്കന്യമാകുമ്പോൾ
കർക്കിടപ്പേത്തിരയായലച്ച്
നീയെന്റെ ജീവനെമാടുന്നു
എന്റെ കട്ടമരം!
നിങ്ങൾ കട്ടമരം!
കരയിലുണങ്ങാനിട്ട മീനുകൾ
തിരയെടുത്തുപോയി!
സ്രാവുകടിച്ചെന്റെ യുടപ്പിറന്നോൻ
കടലിൽ മറഞ്ഞുപോയി!
മീൻപിണങ്ങിയ കടലിൽ
ജഢമണയുന്നതും കാത്തി-
രുന്നമ്മയുടെ ഒപ്പാരി
ചാവിൻ ഒപ്പീസുപാടി
സങ്കടങ്ങളുടെ മീൻകുട്ടയേറ്റി
മീൻപള്ളുമായ് വിധവകൾ!
കടൽ ശവച്ചൊരുക്കിൽ
പണം തീരമണയവേ, യെന്റെ
ജലജീവിതവുമൊടുങ്ങുന്നു.

ലേഖനം

ഡീക്കൻ ഇമ്മാനുവേൽ

നിധി കാത്തുസൂക്ഷിക്കുന്ന കളിമൺപാത്രങ്ങൾ

നിധി കാത്തുസൂക്ഷിക്കുന്ന കളിമൺപാത്രങ്ങളാണ് സഭാ ശുശ്രൂഷകർ. വലിയ തീച്ചൂളയിൽ നിന്നും ഉരുവായവർ. വെന്തുവെണ്ണീറാകാത്ത ഉൾക്കരുത്ത് ഈ കളിമൺപാത്രങ്ങൾ കൈവരിച്ചത് ചുട്ടുപൊള്ളുന്ന അഗ്നികുണ്ഠത്തിൽ നിന്നാണെന്ന് ഓർക്കുക. തീപിടുത്തത്തിൽ വീടും വിട്ടുപകരണങ്ങളുമെല്ലാം വെന്തെരിഞ്ഞാലും തുച്ഛമെന്ന് നിനയ്ക്കുന്ന ഈ കളിമൺപാത്രങ്ങൾക്ക് ഒന്നും സംഭവിക്കുന്നില്ല. കാരണം, കർത്താവാണ് ഇവരുടെ ഓഹരിയും പാനപാത്രവും.

ജനലഴികളിൽ പിടിച്ച് വിദൂരതയിലേക്ക് കണ്ണും നട്ടിരിക്കുന്ന പുരോഹിതനെ കണ്ടപ്പോൾ മനസ്സിലുടക്കിയത് എൻ.എൻ.കക്കാടിന്റെ 'സഫലമീയാത്ര'യെന്ന കവിതയിലെ ഏതാനും ചില വരികളായിരുന്നു -

"ആർദ്രമീ ധനുമാസരാവുകളിലൊന്നിൽ
ആതിര വരും പോകും അല്ലേ സഖീ
ഞാനീ ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ
നീയെന്നണിയത്തു തന്നെ നിൽക്കൂ
ഈ പഴങ്കുടൊരു ചുമയ്ക്കടിയിടറി വീഴാം..." ഒരിക്കൽ ഇയാളുടെ വചനങ്ങൾ തേനും തീയും കൊടുങ്കാറ്റുമായി പരന്നിരുന്നു.... പ്രവചനങ്ങൾ ചോരയും കനലുകളുമായി തെരുവുകളിൽ മറ്റൊലികൊണ്ടിരുന്നു... മിക്കവരും തങ്ങളുടെ ലോകത്തെ നാലു ചുമരുകൾക്കുള്ളിൽ ചുരുക്കുമ്പോൾ വീടിനുവെളിയിലാണ് തങ്ങളുടെ ലോകമെന്ന് തിരിച്ചറിഞ്ഞവരാണ് സഭാ ശുശ്രൂഷകർ!

സ്നേഹം കൊണ്ട് ലോകത്തെ സ്നാനപ്പെടുത്താൻ

വർഷങ്ങളോളം പൗരോഹിത്യത്തിന്റെ പവിത്രതയിൽ ജീവിക്കുന്ന ഒരു പുരോഹിതൻ പ്രസന്നവദനനായി മോണകാട്ടി ചിരിച്ചുകൊണ്ടുപറയുന്നു. 'ഇനിയൊരു ജന്മമുണ്ടെങ്കിൽ വീണ്ടും തനിക്കൊരു പുരോഹിതനാകണമെന്ന് ബാല്യകാലത്തെ കുസൃതികളിൽ നിന്നും കൗമാരത്തിന്റെ ആകാംഷകളിലേക്ക് ചുവടുന്നും മുൻപേയുള്ള തന്റെ ജീവിതത്തെ

സ്പർശിച്ച ആ പരമചൈതന്യത്തിന്റെ മുമ്പിൽ അയാൾ നഗ്നശിരസ്കനായി നിൽക്കുന്നു. സഭാശുശ്രൂഷയിലേക്കുള്ള വിളി സ്നേഹത്തിൽ നിന്നും ഓടിയൊളിക്കലല്ല; പിന്നെയോ പരിധികളില്ലാതെ സ്നേഹിക്കലാണ്. സ്നേഹത്തിന്റെ കുളിർനിലാവിൽ ലോകത്തെ ജ്ഞാനസ്നാനം ചെയ്യിക്കാൻ ഉടയോന്റെ പ്രത്യേക വിളി ലഭിക്കുക എത്ര മഹത്തരമാണ്. പ്രളയത്തിന്റെ കെടുതികൾക്കപ്പുറത്തെ ഒലിവില കൊത്തിക്കൊണ്ടുവരാൻ നോഹ നിയോഗിച്ച പ്രാവുപോലെ....

മഴയ്ക്കുമുകളിൽ പറക്കാനുള്ള കൃപ

മറ്റൊരു പുരോഹിതനോട് ചോദിക്കേണ്ടിവന്നു - വൈദികനാകാതെ തീവ്ര ആഗ്രഹത്തോടെ വീടു വിട്ടിറങ്ങിയപ്പോൾ അങ്ങയുടെ കുടുംബത്തെ ഓർക്കാത്തതെന്തേ? അധരത്തിൽ പുഞ്ചിരി സൂക്ഷിച്ചുകൊണ്ട് അയാൾ തിരുത്തി: "ദൈവത്തിന്റെ വയലിലേക്ക് ഞാൻ ഇറങ്ങിപ്പുറപ്പെട്ടെങ്കിൽ ദൈവം എന്റെ വീട്ടിലേക്ക് ഇറങ്ങിവരും. സഭാ ശുശ്രൂഷകളെ സ്നേഹിക്കുന്നവരുടെയും അതിലേക്കായി ആഗ്രഹിക്കുന്നവരുടെയും മിഴികളെ തുറക്കുന്ന വചനങ്ങൾ ദൈവത്തിനുവേണ്ടി ഇറങ്ങിപ്പുറപ്പെടാൻ തയ്യാറായാൽ ദൈവം തന്നെ നിങ്ങളുടെ ജീവിതത്തിലേക്ക് ഇറങ്ങിവരുമെന്ന്. മഴ പെയ്യുമ്പോൾ ചേക്കാറാൻ ഏവർക്കും വീടൊരുക്കിയ ഈശ്വരൻ വൈദികർക്ക് മഴയ്ക്കുമുകളിൽ പറക്കുവാനുള്ള കൃപ നൽകിയിട്ടുണ്ട്.

ഏറ് കൊള്ളേണ്ടിവരുന്ന ഫലമുള്ള മാവുകൾ

നഷ്ടപ്പെട്ടതിനെ... നഷ്ടപ്പെട്ടവരെ അന്വേഷിച്ചിറങ്ങിയതിന്റെ പേരിൽ നെഞ്ചിൽ കനൽപേറുന്ന പുരോഹിതർ അഥവാ സഭാ ശുശ്രൂഷകർ ഒന്നടങ്കം വിതുമ്പുന്നു - 'ആരൊക്കെ ബലിപീഠത്തെ സ്നേഹിക്കുന്നുവോ അവരൊക്കെ ബലിയായിത്തീരുമെന്ന്.' വിഷ്ണുപ്രസാദിന്റെ 'മാവ്' എന്ന കവിതപോലെ - "കായ്ച്ചു എന്ന ഒറ്റക്കുറ്റത്തിന് ഒരു മാവ് ഏറു കൊള്ളുകയാൽ ദയവുപാടില്ല. എത്ര ഏറുകൊണ്ടാലും പഠിക്കില്ല. എല്ലാ വർഷവും കായ്ക്കും മിണ്ടാതെ നിന്ന് ഏറും കൊള്ളും.'' രക്ഷിക്കാനുയർത്തുന്ന കൈകളിൽ എപ്പോഴും ആണിപ്പാടുകളുണ്ടാകും. കാലമിന്ന് പല അളവുകളിലെ ഇഷ്ടങ്ങൾ തേടുന്നു. സ്നേഹം ദൈവത്തിന്റെ സ്വഭാവമാകുമ്പോൾ മനുഷ്യരുടെ ഇഷ്ടങ്ങൾ പലപ്പോഴും വികാരങ്ങളായി പ്രതിധ്വനിക്കുന്നു. സ്നേഹിതാ! നിനക്ക് നിന്റെ മാത്രം ദുഃഖങ്ങളല്ലേയുള്ളൂ.... എന്നാൽ പുരോഹിതന്, അയാളുടെ ദുഃഖങ്ങളും അയാളോടു ദുഃഖങ്ങൾ പറയുന്നവരുടെ ദുഃഖങ്ങളുമില്ലേ...?

സഭാ ശുശ്രൂഷയുടെ ധർമം ഹൃദയത്തിന്റെ ധർമം

മഹർഷിയെ തേളിറുക്കി. ശിഷ്യൻ ചോദിച്ചു: തേള് കൊത്തുമെന്ന് അങ്ങേക്ക് അറിയാമായിരുന്നില്ലേ? മഹർഷി പറഞ്ഞു: തേളിന് കൊത്താനല്ലേ അറിയൂ... എനിക്ക് രക്ഷിക്കാനും! അഭിവന്ദ്യപിതാവ് ഒരു പ്രഭാഷണത്തിൽ പറഞ്ഞതായി ഓർക്കുന്നു - പുരോഹിതന്റെ ധർമം ഹൃദയത്തിന്റെ ധർമം പോലെയാണ്. ഹൃദയം ധമനികളിലൂടെ ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും ശുദ്ധരക്തം എത്തിക്കുന്നു. എന്നാൽ ഹൃദയത്തിന് തിരികെ ലഭിക്കുന്നതേ കാർബൺ ഡൈ ഓക്സൈഡ് കലർന്ന അശുദ്ധരക്തവും, എന്നിട്ടും ഹൃദയം അതിന്റെ ധർമ്മത്തിൽ നിന്നും വിരമിക്കുന്നില്ലത്രെ! കാലവും ഈ ലോകവും സഭാശുശ്രൂഷകരുടെ ആത്മാവിലേൽപ്പിച്ചുകൊണ്ടിരിക്കുന്ന മുറിവുകളോർത്ത് ദൈവം വിലപിക്കുന്നു - കാള അതിന്റെ ഉടമസ്ഥനേയും കഴുത അതിന്റെ യജമാനന്റെ തൊഴുത്തും അറിയുന്നു. എന്നാൽ ഞാൻ പോറ്റിവളർത്തിയ എന്റെ ജനം എന്നോട് കലഹിക്കുന്നു (ഏശ 1:2-3). എന്നിട്ടും ആ പരമചൈതന്യം ചോദിക്കുന്നു - ആരെയാണ് ഞാൻ അയക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ! എന്നെ അയച്ചാലും (ഏശ 6:8) എന്തൊരു നിയോഗമാണിത്.

ഹൃദയത്തിൽ സൂക്ഷിക്കാൻ

നിധി കാത്തുസൂക്ഷിക്കുന്ന കളിമൺപാത്രങ്ങളാണ് സഭാ ശുശ്രൂഷകർ. വലിയ തീച്ചൂളയിൽ നിന്നും ഉരുവായവർ. വെന്തുവെണ്ണീറാകാത്ത ഉൾക്കരുത്ത് ഈ കളിമൺപാത്രങ്ങൾ കൈവരിച്ചത് ചുട്ടുപൊള്ളുന്ന അഗ്നികുണ്ഠത്തിൽ നിന്നാണെന്ന് ഓർക്കുക. തീപിടുത്തത്തിൽ വീടും വീട്ടുപകരണങ്ങളുമെല്ലാം വെന്തെരിഞ്ഞാലും തുച്ഛമെന്ന് നിനയ്ക്കുന്ന ഈ കളിമൺപാത്രങ്ങൾക്ക് ഒന്നും സംഭവിക്കുന്നില്ല. കാരണം, കർത്താവാണ് ഇവരുടെ ഓഹരിയും പാനപാത്രവും..

വിശുദ്ധിയുടെ ബലിപീഠമേ സ്വസ്തി! ■

അഗസ്റ്റിൻ കണിപ്പിള്ളി

നല്ലതുദുഷിച്ചാൽ

തൊടിയിലെ പ്ലാവിന് മിന്നലേറ്റാൽ (ഇടിവെട്ടിയാൽ) പിന്നീട് അതിൽ ഉണ്ടാകുന്ന ചക്കകൾക്ക് കയ്പ് രുചിയായിരിക്കുമെന്നാണ് പഴമക്കാർ പറയുന്നത്. അത് എത്ര നല്ല ഫലം തന്നിരുന്ന വൃക്ഷമായാലും. അതിനാൽ പ്ലാവ്

വിവാദങ്ങൾ നല്ലൊരു പ്രചരണ തന്ത്രമാണ്. ഇകഴ്ത്താനും പുകഴ്ത്താനും വിവാദത്തിനുള്ള സ്വാധീനം ചെറുതൊന്നുമല്ല. അതുകൊണ്ടാണ് അത് യഥേഷ്ടം സ്ഥാനത്തും അസ്ഥാനത്തും ചിലർ പ്രയോജനപ്പെടുത്തുന്നത്. ഈ അടുത്തകാലത്ത് ക്രിസ്തുവിന്റെ അന്ത്യത്താഴവിരുന്നിനെ അവഹേളിച്ചുകൊണ്ട് കേരളത്തിലെ ഒരു പ്രമുഖ പ്രസിദ്ധീകരണം ഒരു ചിത്രം പുറത്തുവിടുകയുണ്ടായി. ക്രൈസ്തവ മതബോധത്തെയും മതചിഹ്നങ്ങളെയും ആഴത്തിൽ പരിഹസിക്കാനാണോ അതോ നിലവാരത്തകർച്ചമൂലം പ്രചാരം കുറഞ്ഞുപോയ പ്രസിദ്ധീകരണത്തെ വിവാദചിത്രത്തിലൂടെ കരകയറ്റാനുള്ള ശ്രമമായിരുന്നോ ഈ ഉദ്യമത്തിന്റെ പിന്നിലെ ചേതോവികാരമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ആവിഷ്കാരസ്വാതന്ത്ര്യവാദികളുടെ അഭിപ്രായത്തിൽ ഇത് അനുവദനീയമെങ്കിലും കുറേയേറെ ക്രിസ്തീയവിശ്വാസികളുടെ മനസ്സിനെ ഇത് വേദനിപ്പിച്ചിട്ടുണ്ട്. ആവിഷ്കാരസ്വാതന്ത്ര്യം മറ്റൊരുവന്റെ അവകാശത്തെയും വിശ്വാസത്തെയും മുറിപ്പെടുത്തുന്നതോ അവഹേളിക്കുന്നതോ അല്ല.

മനോരമ പ്രസിദ്ധീകരണമായ ഭാഷാപോഷിണിയുടെ ഡിസംബർ ലക്കത്തിലാണ് വിവാദമായ ഈ ചിത്രം അച്ചടിച്ചുവന്നത്. സി.ഗോപൻ എഴുതിയ "മൃദ്വംഗിയുടെ ദുർമൃത്യു' എന്ന നാടകത്തിന് ടോം വട്ടക്കുഴിയുടേതായി വന്ന ചിത്രീകരണമാണത്. പെസഹാവിരുന്നിന്റെ മാതൃകയിൽ വരച്ച ചിത്രത്തിൽ ക്രിസ്തുവിന്റെ സ്ഥാനത്ത് അർധനഗ്നയായ ഒരു സ്ത്രീയെയും ശിഷ്യരുടെ സ്ഥാനത്ത് കന്യാസ്ത്രീകളെയുമാണ് ചിത്രീകരിച്ചിരിക്കുന്നത്. ഈ ചിത്രം വേഗത്തിൽ മനസ്സിലെത്തിക്കുന്നത് ക്രൈസ്തവികതയും ജീവോച്ഛ്വാസമായ ദിവ്യകാരുണ്യത്തിനെതിരെ ഇന്നു നടക്കുന്ന നീചവും പൈശാചികവുമായ പ്രവർത്തനങ്ങളെയാണ്. ബ്ലാക്ക് മാസ് എന്ന പേരിൽ നടത്തുന്ന ഈ പൈശാചിക പ്രവൃത്തിയുടെ പ്രധാനവേദിസ്തീയുടെ നഗ്നശരീരമാകുന്നു. അതുകൊണ്ട് ഈ ചിത്രരചനയ്ക്ക് പിന്നിൽ ബ്ലാക്ക് മാസ്സിന്റെ സ്വാധീനം ആരെ

ങ്കിലും സംശയിച്ചാൽ അത് തിരസ്കരിക്കാനാകില്ല. ഈ നീച പ്രവൃത്തിക്കെതിരെ ശക്തമായ പ്രതിഷേധങ്ങളുണ്ടായി. ഒരുവേള ഈ നിന്ദ മറ്റുമതങ്ങളോട് ആയിരുന്നെങ്കിൽ ഉണ്ടാകാമായിരുന്ന ഭവിഷ്യത്തുകളെയും പ്രതികാര നടപടികളെയും ഓർത്തെടുക്കാനും, സംയമനം ക്രൈസ്തവ സഭയുടെ ദൗർബല്യമല്ല അത് ക്രിസ്തുവിന്റെ ആഹ്വാനമാണെന്ന് ബോധ്യപ്പെടുത്താനും ഇവിടെ കഴിഞ്ഞു. എന്തായാലും വിശ്വാസികളിൽ നിന്ന് പ്രതിഷേധം ഉയർന്നതോടെ പ്രസ്തുത ലക്കം പിൻവലിച്ചെന്നും ഇക്കാര്യത്തിൽ മാനേജ്മെന്റ് മാപ്പുപറഞ്ഞെന്നുമൊക്കെ പ്രചരിക്കുന്നുണ്ട്. എങ്കിലും ആ മുറിവിന്റെ പേരിൽ രൂപപ്പെട്ട വടുക്കൾ ചരിത്രമു

അതിന് ദുർഗന്ധമേറും

മുറിച്ച് ഫർണീച്ചർ ഉണ്ടാക്കാമെന്നുവച്ചാലോ ആ പ്ലാവിന്റെ തടി കൊള്ളില്ലെന്നാണ് ശാസ്ത്രം. പിന്നെയോ അത് മുറിച്ച് വിറകു കത്തിക്കാം. ഏതാണ്ട് ഇതേ അവസ്ഥയാണ് ഭാഷാ പോഷിണിക്കും.

ള്ളിടത്തോളം കാലം മായാതെ കിടക്കും.

ക്രിസ്തുവിനെയും ക്രിസ്തീയതയെയും അവഹേളിക്കാനുള്ള ശ്രമം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന് ക്രിസ്തുവിനോളം തന്നെ പഴക്കമുണ്ട്. അന്നുതുടങ്ങിയ ഈ കുത്സിത ശ്രമത്തിന്റെ പിൻതുടർച്ചകൾ ഇന്നും നിലച്ചിട്ടില്ലെന്നാണ് ഇത്തരം ശ്രമങ്ങൾ സൂചിപ്പിക്കുന്നത്. വർത്തമാനകാല തലമുറ ഓർത്തുവയ്ക്കുന്ന ഒട്ടേറെ അവഹേളന ശ്രമങ്ങൾ മനസ്സിലുണ്ട്. ആറാം തിരുമുറിവ് നാടകം, ഡാവിഞ്ചി കോഡ് സിനിമ തുടങ്ങിയവ അവയിൽ ചിലത് മാത്രം. ഇവയ്ക്കൊന്നും ഒരുവന്റെ ക്രിസ്തീയ വിശ്വാസത്തെ ഇളക്കാനോ തളർത്താനോ കഴിയില്ല, കഴിഞ്ഞിട്ടുമില്ല. ഒരു ചിത്രമോ സിനിമയോ കണ്ടാൽ ആ മാത്രയിൽ ശോഷണം സംഭവിക്കുന്നതാണ് വിശ്വാസമെങ്കിൽ അത് ബൈബിളിലെ വിതക്കാരന്റെ ഉപമയിൽ പറയുന്ന പാറപ്പുറത്തുവീണതോ മുൾച്ചെടികൾക്കിടയിൽ വീണതോ ആയ വിശ്വാസ വിത്താണ്. അതേസമയം മനസ്സിൽ ആഴത്തിൽ വേരോടിയിട്ടുള്ള ക്രൈസ്തവ വിശ്വാസത്തിന് ഏതൊരു കൊടുങ്കാറ്റിലും പിടിച്ചുനിൽക്കാനുള്ള കരുത്തും ആർജ്ജവവും ഉണ്ടാകും. പക്ഷേ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ തെറ്റായ പ്രയോഗം, അത് സൃഷ്ടിക്കുന്ന പ്രതിഷേധം മറച്ചുവയ്ക്കാൻ കഴിയില്ല. അതുമാത്രമേ ഇവിടെ വിഷയമാകുന്നുള്ളൂ.

മൂന്നുവർഷത്തെ മാത്രം പരസ്യജീവിതത്തിലൂടെ ലോകം മുഴുവൻ പിടിച്ചെടുക്കുകയും അയൽക്കാരനെ സ്നേഹിക്കുവാനും പാപിയോട് ക്ഷമിക്കുവാനും പഠിപ്പിച്ച യേശുവിന്റെ സുവിശേഷം ഇന്ന് കോടാനുകോടി ജനങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുകയാണ്. വിശക്കുന്നവന് ഭക്ഷണം കൊടുക്കാൻ യേശു ഫുഡ് ഫാക്ടറികളൊന്നും സ്ഥാപിച്ചില്ല. സുവിശേഷ പ്രസംഗകരെ സൃഷ്ടിക്കാനും അവിടുന്ന് യൂണിവേഴ്സിറ്റികൾ സ്ഥാപിച്ചില്ല. ആർക്കും ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തില്ല. തന്റെ അയൽക്കാരൻ അവൻ ദരിദ്രനോ, പണക്കാരനോ, പാപിയോ, നീതിമാനോ ആരായിരുന്നാലും അവനെ തന്നെപ്പോലെ തന്നെ സ്നേഹിക്കാൻ പഠിപ്പിച്ചതാണ് യേശു ലോകത്തിന് നൽകിയ സന്ദേശം. അന്നേ യേശുവിന് ശത്രുക്കളുണ്ടായിരുന്നു. അതുകൊണ്ടാണ് അവിടുന്ന് ക്രൂശിക്കപ്പെടേണ്ടിവന്നത്. അതിന്റെ പിൻതുടർച്ചയായി ഇന്നും യേശു ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആ ക്രൂശിക്കപ്പെടലിന്റെ വേദന ഇന്ന് ഏറ്റുവാങ്ങുന്നത് ക്രിസ്തുവിനോട് ആഴത്തിൽ അടുത്തു നിൽക്കുന്നവരാണ്. അത്തരം നിന്ദനങ്ങൾ അടിക്കടി അനുഭവിക്കേണ്ടിവരുന്നത് വേദനാജനകവും ഉത്കണ്ഠാകുലവുമാണ്. അത് ഏറെ നീതിബോധത്തോടെയും ജാഗ്രതയോടും കൂടി പ്രവർത്തിക്കേണ്ട മാധ്യമങ്ങളിൽ നിന്ന് ഉണ്ടാകുമ്പോൾ അസഹനീയം തന്നെയാണ്. ■

ചർച്ച

സ്വന്തം ലേഖകൻ

ഇന്നിന്റെ മതബോധന സംവിധാനം കുറ്റമറ്റതോ

മതബോധനത്തിന്റെ അനിവാര്യതയെക്കുറിച്ച് സംശയത്തിന് സ്ഥാനമില്ല. കത്തോലിക്കാ സഭ മാത്രമല്ല ഏതൊരു മതവും തങ്ങളുടെ വിശ്വാസത്തിനടിസ്ഥാനമായ വിശ്വാസസത്യങ്ങളെ കുറിച്ച് ആഴത്തിൽ പഠിക്കുന്നുണ്ട്. ഇത് വിശ്വാസ ജീവിതത്തിന്റെ അർത്ഥ പൂർണമായ നിലനില്പിന് അനിവാര്യവുമാണ്. മതങ്ങളിൽ മാത്രമല്ല, സംഘടനാപരമായ സംവിധാനങ്ങളുള്ള എല്ലാ പ്രസ്ഥാനങ്ങളിലും ഇത്തരം പഠനങ്ങളും പ്രബോധനങ്ങളും യഥേഷ്ടം നടക്കാറുമുണ്ട്.

കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം മതബോധനമെന്നത് ക്രിസ്തീയ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ജീവിത പരിശീലന സപര്യയാണ്. മാമ്മോദിസായിലൂടെ സഭയിൽ അംഗമായ വ്യക്തി ഇത്തരം ഒരു പരിശീലനത്തിന് അർഹനും കടമപ്പെട്ടവനുമാണ്. അതേ സമയം സഭ നടത്തുന്ന ക്രിസ്തീയ ജീവിത പരിശീലനത്തിന് അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയുന്നുണ്ടോയെന്നുള്ള ഒരന്വേഷണം അനിവാര്യമായി തീർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്.

ഇന്ന് സഭ പ്രഥമ പരിഗണന നൽകുന്ന വിഷയങ്ങളിൽ ഒന്നാണ് വചനാധിഷ്ഠിത ജീവിതത്തിന് വിശ്വാസികളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ നടക്കുന്ന ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന പരിപാടി. തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന പരിപാടിക്ക് ഭാഗിക ലക്ഷ്യം കൈവരിക്കാൻ മാത്രമേ കഴിഞ്ഞുള്ളുവെന്നാണ് ഇതുസംബന്ധിച്ച് മതബോധന അധ്യാപകർക്കും അല്മായ - സന്യസ്ത ശുശ്രൂഷകർക്കും ഇടയിൽ നടത്തിയ ഒരു പഠനം വ്യക്തമാക്കുന്നത്. ക്രിസ്തീയ ജീവിത പരിശീലനം അതിന്റെ ലക്ഷ്യത്തിലെത്താത്തതിന് ഒട്ടേറെ കാരണങ്ങളും അവർ ചൂണ്ടിക്കാട്ടുന്നുണ്ട്. മതബോധനത്തെ ഗൗരവ വിഷയമായി ആരും പരിഗണിക്കുന്നില്ലെന്നതാണ് പ്രധാന ആക്ഷേപം. ഇക്കാര്യത്തിൽ മാതാപിതാക്കളും, മതബോധന അധ്യാപകരും എന്തിനേറെ സന്യസ്ഥരും തുല്യ ഉത്തരവാദികളാണ്. സ്കൂൾ പഠനവുമായി ബന്ധപ്പെട്ട ട്യൂഷന് നൽകുന്ന പ്രാധാന്യം പോലും മതബോധനത്തിനില്ലന്നാണ് പൊതുവേയുള്ള അഭിപ്രായം. ഈ വിഷയത്തിൽ പ്രതികരിച്ചവർ ഒരു സുപ്രധാന കാര്യം കൂടി ചൂണ്ടിക്കാട്ടുന്നുണ്ട്. മതബോധനം വചനാധിഷ്ഠിതവും അറിവിന്റെ വളർച്ചയെക്കാൾ വിശ്വാസവളർച്ചയ്ക്ക് പ്രാധാന്യം നൽകുന്നതും ജീവിതമൂല്യങ്ങൾ വളർത്താൻ കഴിയുന്നതുമാകണം. മതബോധനം നിർബന്ധത്തിന് വഴങ്ങിയാകരുത്. അതുപോലെ തന്നെ അധ്യാപനത്തിന്റെ അപര്യാപ്തത വലിയൊരു അപാകതയായി അവർ വിമർശിക്കുന്നു. വിശ്വാസാധിഷ്ഠിത

ജീവിതചര്യയും, അർപ്പണബോധവും അനുഭവ സാക്ഷ്യവും സഭാപരമായ കാര്യങ്ങളിൽ പ്രായോഗിക ജ്ഞാനവും ഉള്ള അധ്യാപകരുടെ അഭാവം ക്രിസ്തീയ ജീവിത പരിശീലനത്തിന് ഒരു കുറവുതന്നെയാണ്. വിശ്വാസ ജീവിത പരിശീലനം ഇന്ന് കരിന്തിരികത്തുന്ന അവസ്ഥയിലാണെന്നാണ് വിലയിരുത്തൽ. അതേസമയം സഭയിൽ നടക്കുന്ന നവസുവിശേഷവൽക്കരണ പ്രവർത്തനങ്ങളും 1979 ഒക്ടോബർ 16 ന് ജോൺ പോൾ രണ്ടാമൻ പാപ്പ പുറപ്പെടുവിച്ച "മതബോധനം ഇന്ന്" എന്ന ശ്ലൈഹിക പ്രബോധനത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് സഭയിൽ നടക്കുന്ന പ്രവർത്തനങ്ങളും പ്രതീക്ഷയ്ക്കു വകനൽകുന്നവയാണ്.

അതോടൊപ്പം യാതൊരു പ്രതിഫലവും വാങ്ങാതെ തീഷ്ണതയോടെ മതബോധനത്തിനുവരുന്ന ഒരുകൂട്ടം അധ്യാപകരുടെ സേവനസന്നദ്ധത വിസ്മരിക്കപ്പെടുന്നില്ല.

മതബോധനരംഗം മാത്സര്യവും ബുദ്ധികുർമതയും പ്രകടിപ്പിക്കേണ്ട ഒരു പരീക്ഷാ കേന്ദ്രീകൃത പരിശീലനമല്ലെന്ന കാര്യം നാം ഓർക്കണം. അത് ഭൗതികതലത്തിൽ നിന്നും അനുഭവത്തിലേക്ക് കടക്കണം. ആയതിനുതക്കവിധം മതബോധന അധ്യാപകർ പരിശീലിപ്പിക്കപ്പെടണം. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചു മനസ്സിലാക്കി അവയെ വ്യാഖ്യാനിക്കാനും, ജീവിതത്തിൽ പകർത്താനും പര്യാപ്തമാകുംവിധം മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനക്ലാസുകൾ അനവരതം നടക്കണം. അതോടൊപ്പം മതബോധനം വെറും തീയറി ക്ലാസുകൾ മാത്രമാകാതെ പ്രാക്ടിക്കൽ ആക്കാൻ കഴിയണം. ഞായറാഴ്ചകളിൽ ഒന്നോ ഒന്നരയോ മണിക്കൂർ മാത്രം നടക്കുന്ന മതബോധനമല്ല, ഇന്നിന്റെ ആവശ്യം. മറിച്ച് ആർജ്ജിത ദൈവവചനത്തിനനുസൃതമായ, പ്രായോഗികപ്രവർത്തനങ്ങൾക്ക് അവസരമുള്ള ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനമാണ് ഉണ്ടാകേണ്ടത്. സ്നേഹത്തിലും കരുണയിലും അധിഷ്ഠിതമായ സത്കർമങ്ങൾ അനുഷ്ഠിക്കാൻ മതബോധന വിദ്യാർത്ഥികളെ പ്രാപ്തരാക്കണം. ആയതിന് ഇന്നു നടക്കുന്ന പരീക്ഷകളോടൊപ്പം പ്രാക്ടിക്കൽ ടെസ്റ്റും നിർബന്ധമാക്കാം.

ഇലക്ട്രോണിക് - സോഷ്യൽ മീഡിയാകളുടെ കടന്നുവരവിനെ ഏറെ ഭയാശങ്കകളോടെ വീക്ഷിക്കുന്ന ഒരു കാലഘട്ടമാണിത്. ഇത്തരം മാധ്യമങ്ങൾ സമൂഹത്തിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാക്കിയിട്ടുള്ള സ്വാധീനം ഭീതിദായകവുമാണ്. എന്നാൽ ഈ മാധ്യമങ്ങളെ എന്തുകൊണ്ട് ഗുണകരവും ക്രിയാത്മകവുമായി നമുക്ക് ഉപയോഗിച്ചുകൂടാ. ഇതുസംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിച്ചവരിൽ ഏറെപ്പേരും നവമാധ്യമങ്ങളെ മതബോധനത്തിന് സഹായകമായരീതിയിൽ പ്രയോജനപ്പെടുത്തണമെന്ന അഭിപ്രായക്കാരാണ്. ആയതിന് തക്കവിധം നമ്മുടെ സഭാപഠനം സംബന്ധിച്ച വിഷയങ്ങൾ ക്രമപ്പെടുത്താനും, സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചെടുത്ത് വ്യാപകമായി മതബോധന ക്ലാസിൽ ഉപയോഗിക്കാനും കഴിയണം. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ച നമ്മുടെ കൂടി ഉന്നതിക്ക് വേണ്ടിയാണെന്ന ഒരു ചിന്തയുണ്ടാകുകയും അത് ഉപയോഗിക്കാൻ നാം തയ്യാറാവുകയും ചെയ്താൽ മാത്രമേ അതിലെ തിന്മയെ മാറ്റി നിർത്താൻ നമുക്ക് കഴിയൂ.

മറ്റൊരു സുപ്രധാനവിഷയം കൂടി ഇവിടെ പരാമർശവിധേയമായിട്ടുണ്ട്. അത് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനത്തോടൊപ്പം നൽകപ്പെടേണ്ട ഭൗതിക ജീവിതചര്യയെക്കുറിച്ചാണ്. അച്ചടക്കം, മുതിർന്നവരോടും മാതാപിതാക്കളോടുമുള്ള ബഹുമാനവും പെരുമാറ്റവും വസ്ത്രധാരണം, ശരീരശുദ്ധി തുടങ്ങിയ വിഷയങ്ങൾ കൂടി പരിശീലിപ്പിക്കുന്ന കളരികൂടിയാകണം മതബോധനക്ലാസുകൾ. ദേവാലയത്തിലും അതുപോലുള്ള വിശുദ്ധ സ്ഥലങ്ങളിലും വസ്ത്രധാരണത്തിന് നിബന്ധന ഉള്ളത് നല്ലതാണെന്ന ചിന്തയാണ് പലരും പങ്കുവച്ചത്. ചുരുക്കിപ്പറഞ്ഞാൽ മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്ന തരത്തിലുള്ള വസ്ത്രധാരണത്തെ നിരുത്സാഹപ്പെടുത്തണമെന്ന് സാരം.

മതബോധനം യുവത്വത്തിനു മുൻപേ അവസാനിപ്പിക്കേണ്ട ഒന്നല്ല. അത് ജീവിതാവസാനം വരെ തുടരേണ്ട ഒരു സപര്യയാണ്. ദൈവവചനാനുഭവത്തിലൂടെ ദൈവത്തിങ്കലേക്കുള്ള ഒരു യാത്രയാണ് മതബോധനം. അത് ആത്മീയ ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതോടൊപ്പം ഭൗതിക ജീവിതത്തെ തിളക്കമുള്ളതാക്കും. അത്തരത്തിലുള്ള ഒരു ജീവിത സാക്ഷ്യമാണ് ക്രൈസ്തവികതയുടെ മുഖമുദ്ര.

ക്രിസ്തീയ വിശ്വാസ ജീവിതപരിശീലനവുമായി ബന്ധപ്പെട്ടു നടത്തിയ ചർച്ചയിൽ സിസ്റ്റർ ജൂലിയറ്റ്, എഫ്. സെൽവദാസ്, സെലിൻ വർഗീസ്, ലിയോണിപോൾ, വിനു വർഗീസ്, ബിനു വർഗീസ് എന്നിവർ പങ്കാളികളായി. ■

വാർത്തകൾ

മാർപാപ്പ ഈവർഷം കേരളത്തിൽ എത്തുമെന്ന് പ്രതീക്ഷ

കൊച്ചി: ഫ്രാൻസിസ് മാർപാപ്പ ഈ വർഷം ഇന്ത്യ സന്ദർശിക്കുമെന്നും ആ സമയത്ത് കേരളത്തിലും എത്തുമെന്നാണ് കരുതുന്നതെന്നും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു.

മുമ്പുള്ള മാർപാപ്പമാർ ഔദ്യോഗികമായി തീരുമാനിച്ചതിനുശേഷമാണ് സന്ദർശനവിവരങ്ങൾ അറിഞ്ഞിരുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ ശൈലി വ്യത്യസ്തമാണ്. ഈയിടെ കേരളത്തിൽ നിന്നുള്ള അല്മായ സംഘത്തിനൊപ്പം മാർപാപ്പയെ സന്ദർശിച്ചപ്പോഴാണ് ഇന്ത്യസന്ദർശിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചതെന്ന് മാർ ആലഞ്ചേരി പറഞ്ഞു.

ദേശീയ ഊർജ്ജ സംരക്ഷണദിനം ആചരിച്ചു

തിരുവനന്തപുരം അതിരൂപത സാമൂഹ്യശുശ്രൂഷാ വിഭാഗമായ ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി എനർജി മാനേജ്മെന്റ് സെന്റർ-കേരള എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി വലിയതുറ ഇടവകയിൽ വച്ച് നടത്തിയ ഊർജ്ജ സംരക്ഷണ സന്ദേശ റാലി വലിയതുറ വാർഡ് കൗസിലർ ഷീബാ പാട്രിക് ഫ്ളാഗ് ഓഫ് ചെയ്തു. സാമൂഹ്യശുശ്രൂഷ വിഭാഗം ഡയറക്ടർ ഫാ.ലെനിൻ രാജ് ഇടവക സഹവികാരി ഫാ. ആന്റോ ബൈജു വെട്ടുകാട് വാർഡ് കൗസിലർ ലില്ലിരാജ്, സുധീഷ് എന്നിവർ റാലിയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു.

ഹരിതകേരളം: ലത്തീൻ അതിരൂപതയും അണിചേർന്നു

തിരുവനന്തപുരം ലത്തീൻ അതിരൂപത ഹരിതകേരളം പദ്ധതിയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് ബിഷപ്സ്ഹൗസ് കോംപൗണ്ടിൽ ആർച്ച്ബിഷപ് ഡോ. സൂസപാക്യം ഫലവൃക്ഷതൈ നടുന്നു.

തിരുവനന്തപുരം: കേരളത്തിന്റെ ഹരിതാഭ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഹരിതകേരളം പ്രവർത്തനങ്ങളിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയും പങ്കാളികളാകുകയാണെന്ന് കെ.സി.ബി.സി. പ്രസിഡന്റും അതിരൂപതാദ്ധ്യക്ഷനുമായ ആർച്ച്ബിഷപ് ഡോ. സൂസപാക്യം പറഞ്ഞു. വികസനപ്രവർത്തനങ്ങളോട് ലത്തീൻസഭ ഒരിക്കലും എതിരല്ല. ജനക്ഷേമകരവും പ്രകൃതിസംരക്ഷണവും ലക്ഷ്യംവച്ചുനടത്തുന്ന വികസന പ്രവർത്തനങ്ങളോട് സഹകരിക്കാൻ ലത്തീൻ സമുദായം എന്നും സന്നദ്ധമാണെന്നും ആർച്ച്ബിഷപ് പറഞ്ഞു. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അതിരൂപതയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു ഡോ. സൂസപാക്യം.

ഓരോ കുടുംബവും മാലിന്യം അതിന്റെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാൻ തയ്യാറാകണം. അതോടൊപ്പം ജലസ്രോതസ്സുകൾ സംരക്ഷിച്ചും വീട്ടുവളപ്പിൽ വിഷരഹിത പച്ചക്കറി ഉല്പാദനം ഉറപ്പാക്കിയും മുന്നോട്ടുപോകാൻ നാം തയ്യാറായാൽ മാലിന്യനിർമാർജ്ജനം ഒരുപരിധിവരെ ഉറപ്പാക്കാനാവുമെന്നും ഈ ലക്ഷ്യത്തോടെ അതിരൂപത, സ്കൂൾ കുട്ടികൾക്ക് പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുമെന്നും അതിരൂപതയിലെ 25 ഇടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുമെന്നും ആർച്ച്ബിഷപ് പറഞ്ഞു.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ബിഷപ്സ്ഹൗസ് കോംപൗണ്ടിൽ ആർച്ച്ബിഷപ് ഫലവൃക്ഷതൈ നട്ടു. പച്ചക്കറിതൈകളുടെയും ബയോഗ്യാസ് പ്ലാന്റിന്റെ വിതരണവും അദ്ദേഹം നിർവഹിച്ചു. ചടങ്ങിൽ പങ്കെടുത്തവർ ഹരിതകേരള പ്രതിജ്ഞയുമെടുത്തു. റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ലെനിൻ രാജ് സ്വാഗതവും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബർഗുമെൻസ് നന്ദിയും പറഞ്ഞു.

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം സാധ്യമാക്കണം - കെ.സി.ബി.സി.

തിരുവനന്തപുരം: ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിന് കൃത്യമായി എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിൽക്കു ഇന്നത്തെ സ്ഥിതിവിശേഷം അവസാനിപ്പിച്ച് അതിനായുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാൻ ഉത്തരവാദിത്വപ്പെട്ടവർക്ക് കഴിയണമെന്ന് കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസ് പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. സൂസപാക്യം ആവശ്യപ്പെട്ടു. കഴിഞ്ഞ മാർച്ച് നാലാം തീയതി യെമനിലെ ഏഡനിലുള്ള മിഷണറീസ് ഓഫ് ചാരിറ്റീസിന്റെ വൃദ്ധസദനത്തിൽ നിന്നും അക്രമികൾ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിലിന്റേതായി കഴിഞ്ഞ ദിവസം മാധ്യമങ്ങളിലൂടെ പുറത്തുവന്ന കരളലിയിപ്പിക്കുന്ന വീഡിയോ സന്ദേശം അങ്ങേയറ്റം വേദനയോടുകൂടിയാണ് നാം എവരും ശ്രവിച്ചത് അദ്ദേഹം പറഞ്ഞു.

ഇതിനകംതന്നെ ടോമച്ചന്റെ മോചനത്തിനായി കുറെയൊക്കെ കാര്യങ്ങൾ ചെയ്യുവാൻ എല്ലാതലത്തിലുള്ളവരും ശ്രമിക്കുകയായിരുന്നു. അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയി ന്ന വാർത്ത അറിഞ്ഞയുടൻ തന്നെ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ഭാരവാഹികൾ വിദേശകാര്യവകുപ്പുമായി നടത്തിയ കൂടിക്കാഴ്ചയിൽ അദ്ദേഹത്തിന്റെ മോചനത്തിന് എല്ലാവിധ നടപടികളും സ്വീകരിക്കാമെന്ന് കേന്ദ്രമന്ത്രി സുഷമ സ്വരാജ് ഉറപ്പ് നല്കുകയുണ്ടായി. ഏറെ താമസിക്കാതെതന്നെ സി.ബി.സി.ഐ അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസിന്റെ നേതൃത്വത്തിൽ സി.ബി.സി.ഐ. ഭാരവാഹികൾ പ്രധാനമന്ത്രിയെ കണ്ടപ്പോഴും സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും മോചനത്തിനായുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നുവെന്ന മറുപടിയുമാണ് ലഭിച്ചത്. തികഞ്ഞ ആത്മാർഥതയോടുകൂടിതന്നെയാണ് ഇവരെല്ലാം ഈ ഉറപ്പുകൾ നൽകിയിട്ടുള്ളത്. സാഹചര്യങ്ങളുടെ സങ്കീർണത ഞങ്ങൾ മനസിലാക്കുന്നു. എങ്കിലും ഇത്രയേറെ മാസങ്ങൾ കഴിഞ്ഞിട്ടും മോചനത്തിനുള്ള നടപടി ഒരുപടിപോലും മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്തതിലുള്ള വേദനയും ദുഃഖവുമാണ് ഫാ. ടോം തന്റെ വീഡിയോ സന്ദേശത്തിൽ പ്രകടിപ്പിച്ചത്. പൊതുജനങ്ങളും ഇതിനെ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായിട്ടാണ് കാണുന്നത്.

യെമനിലെ ആഭ്യന്തര യുദ്ധവും സ്ഥിരതയുള്ള ഒരു സർക്കാരിന്റെ അഭാവവുമാണ് മോചന ചർച്ചകൾക്ക് തടസ്സം നിൽക്കുന്നതെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. അന്താരാഷ്ട്ര തലത്തിൽതന്നെ ആവശ്യമായ ഇടപെടലുകൾ നടത്തി ഇങ്ങനെയുള്ള തടസ്സങ്ങൾ നീക്കാൻ ഭാരത സർക്കാരിനുമാത്രമേ സാധിക്കുകയുള്ളൂ. ഫ്രഞ്ച്സർക്കാർ ഇടപെട്ടതിന്റെ ഫലമായി അവരുടെ ഒരു മാധ്യമപ്രവർത്തകയെ മോചിപ്പിച്ച കാര്യം ഫാ. ടോം ഉഴുന്നാലിലിന്റെ വീഡിയോ സന്ദേശത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

പ്രധാനമായും കേന്ദ്രസർക്കാർ മുൻകൈയെടുത്ത് പരിഹാരം കാണേണ്ട ഒരു വിഷയമാണിത്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ സംസ്ഥാനസർക്കാർവഴി സ്വാധീനം ചെലുത്താൻ കെ.സി.ബി.സി. ശ്രമിക്കുന്നുണ്ട്. രാഷ്ട്രപതിയെയും പ്രധാനമന്ത്രിയെയും നേരിൽകണ്ട് മോചന നടപടികൾ ത്വരിതപ്പെടുത്താനും അഭ്യർഥിക്കും.

വത്തിക്കാൻ നയതന്ത്രകാര്യാലയവും ഫാ. ടോമിന്റെ മോചനകാര്യത്തിൽ സജീവമാണ്. ആഴ്ചതോറും നടത്താറുള്ള പൊതുസമ്മേളനത്തിൽ ഫാ. ടോമിന്റെ പേരെടുത്തുപറഞ്ഞ് എത്രയുംവേഗം അദ്ദേഹത്തെ മോചിപ്പിക്കണമെന്നും അതിനായി പ്രാർഥിക്കണമെന്നും മാർപാപ്പ അഭ്യർഥിച്ചത് നമുക്കറിയാവുന്നതാണ്. പരിശുദ്ധ പിതാവിന്റെ ആത്മാർഥമായ സഹായസഹകരണങ്ങൾ എപ്പോഴും നമ്മോടൊപ്പം ഉണ്ടാകുമെന്നതിന് ആർക്കും സംശയംവേണ്ട. ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും സ്വാധീനിക്കാനുള്ള നിരന്തര പരിശ്രമം കെ.സി.ബി.സി.യുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നും ഫാ. ടോമിന്റെ മോചനം എത്രയുംവേഗം സാധ്യമാക്കുന്നതിനുവേണ്ടിയും ഫാ. ടോം ഇന്നനുഭവിക്കുന്ന തിക്തതാനുഭവങ്ങളെ ആത്മധൈര്യത്തോടെ അതിജീവിക്കാനുള്ള കൃപ അദ്ദേഹത്തിനു ലഭിക്കുന്നതിനുംവേണ്ടിയും പ്രാർഥിക്കണമെന്നും കെ.സി.ബി.സി പ്രസിഡന്റ് പറഞ്ഞു.

കെസിഎസ്എൽ സാഹിത്യമത്സര വിജയികൾക്ക് അനുമോദനങ്ങൾ

തിരുവനന്തപുരം: കെസിഎസ്എൽ സംസ്ഥാനതല സാഹിത്യോത്സവത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്ന് പങ്കെടുത്ത ആര്യ.എംഎസ്, ജൂലിയ യൂജിൻ (ലൂർദ്ദുപുരം), അമീഷ്-ഗിൽബർട്ട് (ജ്യോതിനിലയം) എന്നിവർ വിജയികളായി. വിജയികൾക്കുള്ള സമ്മാനങ്ങൾ എറണാകുളം പി.ഒ.സിയിൽ വച്ചുനടന്ന ചടങ്ങിൽ വിതരണം ചെയ്തു. കെ.സി.എസ്.എൽ അതിരൂപതാ ഡയറക്ടർ ഫാ. രജീഷ് ബാബു വിജയികളെ അഭിനന്ദിച്ചു.

ജൂലിയ യൂജിൻ അമീഷ്-ഗിൽബർട്ട് ആര്യ.എം.എസ്

വാർത്തകൾ

യേശുവിന്റെ തൊട്ടരികിൽ ഇരുന്ന് മലയിലെ പ്രസംഗം കേൾക്കാം!

യേശുവിന്റെ തൊട്ടരികിൽ ഇരുന്ന് മലയിലെ പ്രസംഗം കേൾക്കാം! പുതിയ സാങ്കേതികതയിലൂടെ. ഇനി വെറുതേ തീയറ്ററിലിരുന്ന് യേശുവിന്റെ ചിത്രം കാണുക മാത്രമല്ല, അവിടുത്തെ ദിവ്യവചസ്സുകൾ കാതോർത്തു കൊണ്ട് സുവിശേഷ ഭാഗ്യങ്ങളുടെ ആ മലയിൽ ചെന്നിരിക്കുന്ന അനുഭവം ആസ്വദിക്കാം.

പുതിയ സാങ്കേതികതയുടെ വിസ്മയങ്ങളിലൂടെ യേശുവിന്റെ ജീവിതം എത്തിക്കുന്നത് ഓട്ടം പ്രൊഡക്ഷൻസും വി ആർവെർക്സും ചേർന്നാണ്. ആധുനിക സാങ്കേതികതയായ വിർച്ചൽ റിയാലിറ്റിയിലൂടെ അപൂർവ അനുഭവം സമ്മാനിക്കുന്ന കലാരൂപത്തിന്റെ ദൈർഘ്യം ഒന്നര മണിക്കൂറാണ്. പുതിയ നിയമത്തിലെ സംഭവങ്ങൾ ആവിഷ്കരിക്കുന്ന ചിത്രത്തിൽ യേശുവിന്റെ ജനനം, മലയിലെ പ്രസംഗം, ക്രൂശീകരണം തുടങ്ങിയ പ്രധാന സംഭവങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്.

ഡേബിഡ് ഹാൻസെൻ ആണ് ചിത്രം സംവിധാനം ചെയ്യുന്നതും നിർമിക്കുന്നതു. മെൽ ഗിബ്സന്റെ ദ പാഷൻ ഓഫ് ദ ക്രൈസ്റ്റിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ആയിരുന്ന എൻസോ സിസ്ടിയാണ് ജീസസ് വീആറിന്റെയും എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ.

360 ഡിഗ്രി 4കെ വീഡിയോയിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള ജീസസ് വീആർ കാണുമ്പോൾ രംഗങ്ങൾ എല്ലാ ആംഗിളുകളിൽ നിന്നും പ്രേക്ഷകർക്ക് കാണാൻ കഴിയും എന്നതാണ് സവിശേഷത. ഉദാഹരണത്തിന് വെള്ളം വീഞ്ഞാക്കുന്ന രംഗമാണെങ്കിൽ നാം ആ വിവാഹത്തിന്റെ ഭാഗമാകുന്നു അനുഭവം ലഭിക്കും.

യേശുവിന്റെ ശിഷ്യൻമാരിലൊരാളായി യേശുവിനൊപ്പം നടക്കുന്ന അനുഭവം കാണുന്നവർക്കുണ്ടാകുമെന്ന് ചിത്രത്തിന്റെ ഡയറക്ടർ പറയുന്നു. ജീസസ് വീആർ ക്രിസ്മസ് കാലത്ത് പ്രേക്ഷകരിലെത്തും.

സാംസങ് ഗീയർ, ഒക്കുലസ് റിഫ്ട്, എച്ടിസി വൈവ്, ഗൂഗിൾ കാർഡ് ബോർഡ് പിഎസ് വിആർ തുടങ്ങിയ സാങ്കേതികമാർഗമങ്ങളിലൂടെ ജീസസ് വീആർ കണ്ടനുഭവിക്കാനാകും.

ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി അനന്യ എന്ന വിദ്യാർത്ഥിക്ക് സ്ക്കൂളിന്റെ പങ്കാളിത്തത്തോടെ നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ കല്ലിടൽ കർമ്മം അതിരൂപത വികാരി ജനറൽ മോൺ യൂജിൻ എച്ച്. പെരേര നിർവ്വഹിക്കുന്നു

ഭവനം ഒരു സമ്മാനം പദ്ധതിയുടെ കല്ലിടൽ കർമ്മം

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഭവന രഹിതരായ 6000 ത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി അനന്യ എന്ന വിദ്യാർത്ഥിക്ക് പുതുക്കുറിച്ചി ഔവർ ലേഡി ഓഫ് മേഴ്സി സ്കൂളിന്റെ പങ്കാളിത്തത്തോടെ നിർമിച്ചു നൽകുന്ന ഭവനത്തിന്റെ കല്ലിടൽ കർമ്മം അതിരൂപത വികാരി ജനറൽ മോൺ യൂജിൻ എച്ച്. പെരേര നിർവഹിച്ചു. റ്റി.എസ്. എസ്.എസ് ഡയറക്ടർ, ഫാ. ലെനിൻ രാജ് റ്റി, നോഡൽ ഓഫീസർ ക്ലമന്റ് റൊസാരിയോ, സ്ക്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ റോസി, മദർ സുപ്പീരിയർ, സിസ്റ്റേഴ്സ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. തിരുവനന്തപുരം അതിരൂപത ഈ പദ്ധതി പ്രകാരം ഇതിനോടകം 25 വീടുകളുടെ താക്കോൽ ദാനം നടത്തി കഴിഞ്ഞു. 3 വീടുകളുടെ നിർമാണം നടന്നുകൊണ്ടിരിക്കുന്നു. 5 ലക്ഷം രൂപയാണ് ഓരോ വീടിനും കണക്കാക്കിയിട്ടുള്ള നിർമാണ ചെലവ്.

കെസിവൈഎം വലിയതുറ ഫൊറോനാ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ തോപ്പ് ഇടവക കയർ ടീം

അഞ്ചുതെങ്ങ് ബൈബിൾ എക്സിബിഷൻ കാണാനെത്തിയവരുടെ തിരക്ക്

അഞ്ചുതെങ്ങ് ബൈബിൾ എക്സിബിഷൻ

അഞ്ചുതെങ്ങ്: തിരുവനന്തപുരം ലത്തീൻ അതിരൂപത ബൈബിൾ കമ്മിഷൻ അഞ്ചുതെങ്ങിൽ ബൈബിൾ എക്സിബിഷൻ സംഘടിപ്പിച്ചു. ബൈബിൾ പാരായണ മാസത്തോടനുബന്ധിച്ചാണ് അഞ്ചുതെങ്ങ് വി.പത്രോസ് ശ്ലീഹാ ദേവാലയത്തിൽ നടന്ന എക്സിബിഷൻ അതിരൂപത അജപാലന ശുശ്രൂഷാ ഡയറക്ടർ ഡോ. ലോറൻസ് കുലാസ് ഉദ്ഘാടനം ചെയ്തത്. ഇടവക വികാരി ഫാ. പ്രദീപ് ജോസഫ് അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ ഫാ. ജേക്കബ് സ്റ്റെല്ലസ് ഫാ. മനേഷ്.എസ്.ജെ, ഫാ. സനീഷ് എന്നിവർ പ്രസംഗിച്ചു.

ബൈബിൾ എക്സിബിഷനോടനുബന്ധിച്ച് ബൈബിൾ റാലിയും നടന്നു. ലോഗോസ് ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ഉദ്ഘാടന ചടങ്ങിൽ വച്ചുസമ്മാനങ്ങളും നൽകി.

മത്സ്യത്തൊഴിലാളി പ്രശ്നം പരിഹരിക്കും–മന്ത്രി

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, മത്സ്യക്കച്ചവട സ്ത്രീകളുടെ യാത്രാസൗകര്യം, ചന്തകളിലെ ശോച്യാവസ്ഥ തുടങ്ങിയ വിവിധ പ്രശ്നങ്ങൾക്ക് അടിയന്തിര പ്രാധാന്യം നൽകി പരിഹാരം കാണുന്നതാണ് എന്നും ഇതിന്റെ ഭാഗമായി വലിയതുറ ഫിഷറീസ് സ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനും പാളയം മാർക്കറ്റ് നവീകരിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് ഉടൻ തുടക്കംകുറിക്കുമെന്നും സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. തിരുവനന്തപുരം അതിരൂപതയുടെ സാമൂഹ്യശുശ്രൂഷാവിഭാഗമായ ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ നടന്ന മത്സ്യത്തൊഴിലാളി ദിനാചരണ സമ്മേളനം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. സമ്മേളനത്തിൽ ആർച്ച്ബിഷപ്പ് ഡോ.എം.സൂസപാക്യം അദ്ധ്യക്ഷതവഹിച്ചു.

കാരുണ്യ പ്രവൃത്തികളുമായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ക്രിസ്മസ് ആഘോഷം

പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ പാരിഷ് ഹാളിൽ നടന്ന ആഘോഷപരിപാടികൾ ഡോ. ജോർജ് ജെ.ഗോമസ് ക്രിസ്മസ് കിറ്റുകൾ വിതരണം ചെയ്യുന്നു

പേട്ട സെന്റ് ആൻസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടന്ന ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണം ഇടവക വികാരി ഫാ. ആന്റോ ഡിക്സൻ നിർവഹിക്കുന്നു

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാളയം സെന്റ് ജോസഫ്സ് കോൺഫറൻസും വഞ്ചിയൂർ ഇമ്മാക്കുലേറ്റ് കോൺഫറൻസും സംയുക്തമായി ക്രിസ്മസ് ആഘോഷിച്ചു. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ പാരിഷ് ഹാളിൽ നടന്ന ആഘോഷപരിപാടികൾ സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ ആത്മീയ ഗുരുവും, കത്തീഡ്രൽ ഇടവക വികാരിയുമായ ഡോ. ജോർജ് ജെ.ഗോമസ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വച്ച് 700 രൂപ വിലവരുന്ന ക്രിസ്മസ് കിറ്റുകൾ 125 നിർധനർക്ക് വിതരണം ചെയ്തു. രൂപതാ സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, ഏരിയാ കൗൺസിൽ പ്രസിഡന്റ് റോളിൻ ഫെർണാണ്ടസ്, സെന്റ് ജോസഫ്സ് കോൺഫറൻസ് പ്രസിഡന്റ് തോമസ് ജെ.ആർ, വഞ്ചിയൂർ കോൺഫറൻസ് പ്രസിഡന്റ് അലിസ്റ്റർ ഫെർണാണ്ടസ് എന്നിവർ പ്രസംഗിച്ചു.

അഭിനന്ദനങ്ങൾ

കേരള യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ ഡോക്ടറേറ്റ് നേടിയ അരുൺ ലോറൻസ് വെട്ടുകാട് ഇടവകയിൽ ലോറൻസ് ജോസഫിന്റെയും ഐറിൻ ലോറൻസിന്റെയും മകനായ അരുൺ നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിൽ അസി. പ്രൊഫസറാണ്.

വാർത്തകൾ

സംരംഭകത്വ വികസന സെമിനാർ

തിരുവനന്തപുരം: ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സ്പെയിൻ കേന്ദ്രമായി പ്രവർത്തിക്കുന്ന 'കൽക്ക' ഓഡോ' എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് സംരംഭകത്വ വികസന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിന്റെ ഉത്ഘാടനം സാമൂഹ്യ ശുശ്രൂഷ വിഭാഗം ഡയറക്ടർ ഫാ. ലെനിൻ രാജ് നിർവ്വഹിച്ചു. സ്പെയിനിൽ നിന്ന് എത്തിയ കുമാരി അനാ മെയ്ററി, കുമാരി മയ്‌ലാൻ എന്നിവർ ക്ലാസ്സ് നയിച്ചു. ക്രിസ്റ്റീന പരിപാടികൾക്ക് നേതൃത്വം നൽകി.

ബൈബിൾ ക്വിസ് മത്സര വിജയികൾ

തിരുവനന്തപുരം: ബൈബിൾ പാരായണ മാസത്തോടനുബന്ധിച്ച് ജീവനും വെളിച്ചത്തിൽ പ്രസിദ്ധീകരിച്ച ബൈബിൾ ക്വിസ് മത്സരത്തിലെ 15 ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവരിൽ നിന്നും വിജയികളായി തിരഞ്ഞെടുക്കപ്പെട്ടവർ. ഒന്നാം സമ്മാനത്തിന് പ്രേമ അലക്സാണ്ടർ (തൈക്കാട് ഇടവക) അർഹയായി. മറ്റ് സമ്മാനങ്ങൾ ജോർജ്ജ് വർഗ്ഗീസ്, ബിബി ജോസഫ്, വർഗ്ഗീസ് ലോപ്പസ് (തൈക്കാട് ഇടവക), കാൽവിനോ കാർണറ്റ്, റോസി കാർണറ്റ് (പൂന്തുറ ഇടവക) എന്നിവർ അർഹരായി.

ക്രിസ്മസ് ആഘോഷം

തിരുവനന്തപുരം: അതിരൂപത വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ഹെഡ്മാസ്റ്റർമാരുടെയും പ്രിൻസിപ്പൽമാരുടെയും ക്രിസ്മസ് ആഘോഷം വെള്ളയമ്പലത്ത് നടന്നു. റിച്ചാർഡ് ഹേ എം.പി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കോ-ഓപ്പറേറ്റീവ് മാനേജർ ഫാ. ശാന്തപ്പൻ അധ്യക്ഷനായിരുന്നു.

പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ഫാ. ജെറോം നെറ്റോ, ഫാ. ഡേവിഡ്സൺ, ഫാ. ലാസർ ബനഡിക്ട് എന്നിവർക്ക് ബിഷപ്പ് ഡോ. ആർ. ക്രിസ്തുദാസ് ആശംസകളർപ്പിക്കുന്നു

പൗരോഹിത്യ രജത ജൂബിലി നിറവിൽ

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗങ്ങളായ ഫാ. ജെറോം നെറ്റോ, ഫാ. ഡേവിഡ്സൺ, ഫാ. ലാസർ ബനഡിക്ട് എന്നിവർ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന വൈദിക സമ്മേളനത്തിൽവച്ച് പൗരോഹിത്യരജത ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ടവൈദികരെ അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് എന്നിവർ അനുമോദിച്ചു.

പാളയം ഫൊറോന എസ്.എച്ച്.ജി അംഗങ്ങളുടെ ക്രിസ്മസ് ആഘോഷം ടിഎസ്എസ്എസ് ഫൊറോന കോർഡിനേറ്റർ ഫാ. ക്ലീറ്റസ് വിൻസെന്റ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു

പാപ്പനംകോട് സത്യംനഗർ സെന്റ് ആന്റണീസ് ഇടവകയും ടിഎസ്എസ്എസ് യൂണിറ്റും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ ക്യാൻസർ പരിശോധനാക്യാമ്പ് ഇടവക വികാരി ഫാ. ആന്റണി സിൽവസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

പ്രധാന അധ്യാപകരുടെ ക്രിസ്തുമസ് ആഘോഷം

തിരുവനന്തപുരം: ലത്തീൻ അതിരൂപത ക്രിസ്തീയവിശ്വാസജീവിത പരിശീലന സമിതിയുടെ ക്രിസ്തുമസ് ആഘോഷം പാളയം കത്തീഡ്രൽ ഹാളിൽ അതിരൂപത സഹായ മെത്രാൻ ഉദ്ഘാടനം ചെയ്തു. ഇമ്മാനുവേൽ അനുഭവമാണ് ക്രിസ്തുമസ് ആഘോഷമെന്ന് ബിഷപ്പ് ഡോ. ക്രിസ്തുദാസ് പറഞ്ഞു. അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ.ലോറൻസ് കുലാസ്ചടങ്ങിൽ അധ്യക്ഷനായിരുന്നു. തൃത്തൂർ ഫെറോനയിലെ മേരിഗ്രീന, അഞ്ചുതെങ്ങ് ഫെറോനയിലെ സോഫിയാ അധ്യാപകർക്ക് ആശംസകൾ നേർന്നു. വചനം-2017 (ബൈബിൾ ഡയറി) ബിഷപ്പ് ക്രിസ്തുദാസ് അധ്യാപകർക്ക് നൽകി. സെക്രട്ടറി ക്ലാറൻസ് സ്വാഗതവും സിൽവദാസ് കൃതജ്ഞതയും പറഞ്ഞു.

പ്രധാനാധ്യാപകരുടെ ക്രിസ്മസ് ആഘോഷം ബിഷപ്പ് ഡോ. ആർക്രിസ്തുദാസ് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു.

ലത്തീൻ കത്തോലിക്ക സമുദായ ദിനം ആചരിച്ചു

തിരുവനന്തപുരം: തീരദേശ വികസനവും സാമൂഹ്യനീതിയും എന്ന വിഷയത്തെ ആസ്പദമാക്കി തിരുവനന്തപുരം അതിരൂപത കെഎൽസിഎയുടെ ആഭിമുഖ്യത്തിൽ ലത്തീൻ കത്തോലിക്ക സമുദായദിനം ആചരിച്ചു. വെള്ളയമ്പലത്തുനടന്ന സമ്മേളനം നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്തു. കെഎൽസിഎ പ്രസിഡന്റ് ആന്റണി ആൽബർട്ടിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം അനുഗ്രഹ പ്രഭാഷണം നടത്തി. കെപിസിസി പ്രസിഡന്റ് വിഎം. സുധീരൻ, ലത്തീൻ സമുദായ വക്താവ് ഷാജി ജോർജ്ജ്, വികാരി ജനറൽ മോൺ യൂജിൻ എച്ച്പെരേര, അല്മായ ശുശ്രൂഷ ഡയറക്ടർ എം.ആർക്കാഞ്ചലോ എന്നിവർ സന്ദേശങ്ങൾ നൽകി. കെഎൽസിഎ സംസ്ഥാന ട്രഷറർ ജോസഫ് പെരേര, സെക്രട്ടറി ജോസഫ് ജോൺസൺ, അഡോൾഫ് മൊറായിസ്, കെഎൽസിഡബ്ല്യുഎ ജനറൽ സെക്രട്ടറി മേരി പുഷ്പം, എം.സ്റ്റീഫൻ, ബിഷപ്പ് പെരേര എഡ്യൂക്കേഷൻ ട്രസ്റ്റ് സെക്രട്ടറി ഇഗ്നേഷ്യസ് തോമസ്, ഡിസിഎംഎസ് പ്രസിഡന്റ് ജോർജ്ജ് പള്ളിത്തറ, കെഎൽസി ഡബ്ല്യുഎ പ്രസിഡന്റ് ഷേർളി ജോണി എന്നിവർ പ്രസംഗിച്ചു.

പാളയം ഫെറോന സാമൂഹ്യശുശ്രൂഷാ സമിതി ജനറൽ ബോഡിയിൽ വച്ച് ഫെറോനയിലെ ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള സമ്മാനം കുടപ്പനക്കുന്ന് ഇടവകയ്ക്ക് ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് സമ്മാനിക്കുന്നു

കിള്ളിപ്പാലം സെന്റ് ജൂഡ് ഇടവകയിലെ ബൈബിൾ ദിനാചരണത്തോടനുബന്ധിച്ച് നടന്ന ബൈബിൾ റാലി ഫാ. റോഷൻ റാലിക്ക് നേതൃത്വം നൽകുന്നു

നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. മൈക്കൽ തോമസ്

പ്രത്യക്ഷീകരണത്തിരുനാൾ (ജനുവരി 8)

ദൈവാന്വേഷണം തുറവിയോടുകൂടി

ഏശ. 60:1-6 | എഫേ 3:2-3a, 5-6 | മത്താ 2:1-12

ജീവിതത്തിൽ എന്നും നാമും അന്വേഷകരാകണം. എന്നാൽ എന്റെ അന്വേഷണത്തിന്റെ ലക്ഷ്യമെന്താണ് എന്ന് നാം ഓരോരുത്തരും ആത്മപരിശോധന ചെയ്യണം.

വിജാതിയർക്ക് ദൈവം സ്വയം വെളിപ്പെടുത്തിക്കൊണ്ട് അവരെ രക്ഷാകര പദ്ധതിയുടെ ഭാഗമാക്കുന്ന ദൈവീക ഇടപെടലാണ് പ്രത്യക്ഷീകരണ തിരുനാളിൽ നാം അനുസ്മരിക്കുക. ഈ ദൈവീക വെളിപാട് ആരംഭിക്കുന്നത് പൗരസ്ത്യദേശത്തു നിന്നുള്ള ജ്ഞാനികൾ നവജാതനായ യഹൂദരുടെ രാജാവിനെ, ദിവ്യഉണ്ണിയെ അന്വേഷിച്ചിറങ്ങുന്നതിലൂടെയും തുടർന്ന് ദിവ്യഉണ്ണിയുടെ മുമ്പിലെത്തി സമ്മാനങ്ങളേകി ആദരവർപ്പിക്കുന്നതിലൂടെയാണ്.

ഇന്നത്തെ ആദ്യവായനയിൽ നാം ശ്രവിച്ച ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള സംഭവം പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ശ്രോതാക്കൾക്ക് എന്തിനെക്കുറിച്ചായിരുന്നുവെന്ന് മനസ്സിലായില്ലായിരുന്നു. കാരണം, രക്ഷകനായ യേശുവിന്റെ ജനനത്തെയും പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികളുടെ അന്വേഷണത്തെയും നവജാതനായ യഹൂദരുടെ രാജാവിനേകുന്ന ആദരവിനേയും മുൻകൂട്ടി പ്രവചിക്കുകയായിരുന്നു ഏശയ്യ. സ്വന്തമെന്നു കരുതി അഹങ്കരിച്ചത് എല്ലാം നഷ്ടപ്പെട്ട് ബാബിലോണിൽ പ്രവാസികളായി നിരാശയിലാണ്ടു കഴിയുന്ന യഹൂദർക്ക് ആശ്വാസവും പ്രത്യാശയുമേകുകയാണ് നവജറുസലേമിനെ കുറിച്ചുള്ള മുന്നറിയിപ്പിലൂടെ ഏശയ്യ പ്രവാചകൻ. "ജറുസലേമെ ഉണർന്നു പ്രശോഭിക്കുക, നിന്റെ പ്രകാശം വന്നു ചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജനതകളെയും മൂടും. എന്നാൽ കർത്താവ് നിന്റെ മേൽ ഉദിക്കുകയും അവിടുത്തെ മഹത്വം നിന്നിൽ ദൃശ്യമാവുകയും ചെയ്യും. ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും."

രക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തിലൂടെ ജറുസലേമിനും ലോകം മുഴുവന്റെ മേലും വരാനിരിക്കുന്ന ദിവ്യപ്രകാശത്തെക്കുറിച്ചുള്ള പ്രത്യാശയുടെ പ്രവചനമാണ് ഏശയ്യായിലൂടെ ദൈവം നൽകുന്നത്. ഇന്നത്തെ സ്വാർത്ഥതയുടെയും സുഖലോലുപതയുടെയും അലസതയുടെയും വിപ്രവാസത്തിൽപ്പെട്ട് നിരാശയിലാണ്ടു കഴിയുന്ന ആധുനിക മനുഷ്യന്റെ ജീവിതാവസ്ഥയിൽ പ്രത്യാശയുടെ ഈ ദൈവീകവെളിപാടിന്, പ്രത്യക്ഷീകരണത്തിന് ഏറെ പ്രസക്തിയുണ്ട്.

ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെ, യേശുവിന്റെ വെളിപാടിലൂടെയും പ്രത്യക്ഷീകരണത്തിലൂടെയും ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന സാവൂളിനെ മാന

സാന്തരപ്പെടുത്തി പൗലോസ് ആക്കി മാറ്റി. യേശുവിനെ പ്രതി റോമിലെ ജയിലിൽ കഴിയുന്ന പൗലോസ് എഫേസോസിലെ താൻ മാനസാന്തരപ്പെടുത്തിയ ക്രിസ്തുവിശ്വാസികൾക്ക് "വിജാതിയരുടെ അപ്പോസ്തലൻ" എന്ന പേരിൽ പ്രത്യാശ നൽകുകയാണ്; അവർ ഇന്ന് അനുഭവിക്കുന്ന സഹനങ്ങളിൽ പിടിച്ചു നിൽക്കുവാനായി.

പൗലോസിന്റെ ഈ വെളിപ്പെടുത്തലിന്റെ സന്ദേശം, യേശുവിന്റെ പ്രകാശവും അതിൽ നിന്നും നിർഗളിക്കുന്ന പ്രത്യാശയുടെ കിരണവും തെരഞ്ഞെടുക്കപ്പെട്ട "ദൈവത്തിന്റെ സ്വന്തം ജനത്തിനു" മാത്രമല്ല, മറിച്ച് വിശ്വാസത്തോടെ ദൈവത്തെ അന്വേഷിക്കുന്ന എല്ലാ മനുഷ്യമക്കൾക്കും കൂടി സ്വന്തമാണത്. നമ്മുടെ തന്നെ പല ദൈവാലയങ്ങളിലെയും തീർത്ഥാടന കേന്ദ്രങ്ങളിലെയും അനുഭവവും വ്യത്യസ്തമല്ല. അക്രൈസ്തവരായ പല സഹോദരങ്ങളും യേശുവിന്റെ പ്രകാശരശ്മി ആവോളം ആസ്വദിച്ച് രക്ഷസ്വന്തമാക്കുന്ന അനുഭവം പ്രതീക്ഷക്കുവകയേകുന്നവയാണ്.

ഇന്നത്തെ സുവിശേഷവായനയിലൂടെ കണ്ണോടിക്കുമ്പോൾ നാം മനസ്സിലാക്കുക രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലിനെ തുടർന്ന് നടക്കുന്ന അന്വേഷണമാണ്. ഈ സുവിശേഷ ഭാഗത്ത് രണ്ട് തരത്തിലുള്ള അന്വേഷണം നമുക്കു ദർശിക്കുവാനാകും. പൗരസ്ത്യദേശത്തുനിന്നും വന്ന ജ്ഞാനികകളുടെ അന്വേഷണവും ഹേറോദേസിന്റെ രാജകൊട്ടാരത്തിൽ നടക്കുന്ന അന്വേഷണവും.

രക്ഷകന്റെ ഉദയ നക്ഷത്രം കാണാൻ സാധിച്ചത് ആകാശങ്ങളിലേക്ക് ശ്രദ്ധാപൂർവ്വം നോക്കിയിരുന്ന ജ്ഞാനികൾക്കാണ്. പൗരസ്ത്യദേശത്തുനിന്നുമുള്ള ഈ ജ്ഞാനികൾ ജ്യോതിശാസ്ത്രത്തിൽ പ്രാവിണ്യവും അനുഭവസമ്പത്തുമുള്ളവരാണ്. ഇനി അവർക്ക് ഒന്നും നേടാനും അന്വേഷിക്കുവാനുമില്ല എന്ന നിലപാട് അവർക്ക് വേണമെങ്കിൽ സ്വീകരിക്കാമായിരുന്നു. എന്നാൽ യഥാർത്ഥ ജ്ഞാനികൾ അവരുടെ അന്വേഷണം തുടർന്നുകൊണ്ടേയിരിക്കും. വിശിഷ്യാ ദൈവീകമായൊരു വെളിപാടിന്റെ പശ്ചാത്തലത്തിൽ ജ്ഞാനത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിനെ അന്വേഷിക്കുന്നു. അന്വേഷിക്കും തോറും അവർക്ക് കൂടുതൽ അറിവു ലഭിക്കുകയും യഥാർത്ഥമായിതിനെ, സത്യത്തെ കണ്ടെത്തുകയും ചെയ്യുന്നു.

ജ്ഞാനികളുടെ അന്വേഷണത്തിന്റെ സവിശേഷത തുറവിയുള്ളവരാണവർ. പുത്തൻ ആശയങ്ങൾ ഉൾക്കൊള്ളുവാൻ തുറവിയും താല്പര്യമുള്ളവർ. അഗാതപാണ്ഡിത്യത്തിന് ഉടമകളാണെങ്കിലും വിനയം കൈമുതലായി സൂക്ഷിക്കുന്നവർ. ദൈവത്തിന്റെ മുമ്പിൽ വിധേയത്വവും ആദരവും പ്രകടിപ്പിക്കുന്നവർ. അവരുടെ അന്വേഷണഫലമാകട്ടെ യഥാർത്ഥ്യത്തെ, സത്യത്തെ കണ്ടുമുട്ടുന്നു. സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നു.

ഹേറോദേസിന്റെ അന്വേഷണം അസ്വസ്ഥതയിൽ നിന്നും, സ്വാർത്ഥ താല്പര്യത്തിൽ നിന്നും ഉരുത്തിരിയുന്നതാണ്. തന്നെക്കാൾ അധികാരവും അംഗീകാരവും ശക്തിയുമുള്ള രാജാവിന്റെ ജനനം തനിക്കും തന്റെ സാമ്രാജ്യത്തിനും വെല്ലുവിളിയാകും എന്ന ഉൽകണ്ഠയിൽ നിന്നുമാണ് ഹേറോദേസ് യേശുവിനെക്കുറിച്ച് അന്വേഷിക്കുന്നത്. ഹേറോദേസിന്റെ അന്വേഷണം ദിവ്യ ഉണ്ണിയെ നിഷ്കാസനം ചെയ്യുവാനായിരുന്നു. നാശത്തിന്റെ പരിഭ്രാന്തിയും ഭീകരതയും സൃഷ്ടിക്കുന്ന അന്വേഷണമായിരുന്നു അത്. ഒരുദേശത്തെ പിഞ്ചുപൈതങ്ങളെ നിഷ്ഠുരമായി അരും കൊലയിലേക്ക് നയിച്ചൊരു അന്വേഷണം.

ജീവിതത്തിൽ എന്നും നാമും അന്വേഷകരാകണം. എന്നാൽ എന്റെ അന്വേഷണത്തിന്റെ ലക്ഷ്യമെന്താണ് എന്ന് നാം ഓരോരുത്തരും ആത്മപരിശോധന ചെയ്യണം. പ്രധാനചോദ്യം. എനിക്ക് സന്തോഷവും സംതൃപ്തിയും, ചുറ്റുമുള്ളവർക്ക് സമാധാനവും നൽകുന്ന അന്വേഷണമാണോ? അതോ, എന്റെ സ്വാർത്ഥതാല്പര്യത്തിനായ് എനിക്കും എന്റെ ഇഷ്ടാനുവർത്തികളായി കൂടെ നിൽക്കുന്നവർക്കും ലാഭം ലാക്കാക്കിയുള്ള അന്വേഷണമാണോ? എന്നോട് വിയോജിക്കുന്നവരുടെ സൽപ്പേര് കളയാനും അവരെ നശിപ്പിക്കാനുമാണോ എന്റെ അന്വേഷണം.

ദൈവം നമുക്കു സമ്മാനിച്ച ഈ പുത്തനാണ്ടിൽ നമുക്കും അന്വേഷകരാകാം. സ്വപ്നം കാണാം.. സ്വാർത്ഥതവെടിഞ്ഞ് ദൈവീകവെളിപാടിന് നമ്മെ വിട്ടുകൊടുക്കാം. എന്റെ ഇടവകയുടെ, കുടുംബകൂട്ടായ്മയുടെ, സഭയുടെ, സമൂഹത്തിന്റെ വളർച്ചക്കു തകുന്ന പുത്തൻ ആശയങ്ങളും അനുഭവങ്ങളും സ്വന്തമാക്കാൻ ദൈവത്തിന്റെ ജീവിക്കുന്ന വചനത്തിന്റെ പിൻബലത്തോടെ അന്വേഷണം തുടരാം. സമാധാനവും സന്തോഷവുമേകുന്ന ദൈവീക വെളിപാടുകൾ നമുക്കുമുണ്ടാകും നിശ്ചയം. ■

നീർച്ചാലുകൾ

ഫാ. ജൂഡിത് പയസ്

ദൈവത്തിന് സ്വീകാര്യമായ ബലി

ഏശയ്യ. 49 : 3, 5-6 | 1 കൊറി. 1: 1-3 | യോഹ. 1 : 29-34

ഒന്നാം വായന: ഏശയ്യ 49: 3, 5-6 : നിരാശയിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തിന് പ്രത്യാശ പകർന്നുകൊണ്ട്, സഹനദാസനെപറ്റിയുള്ള രണ്ടാം പ്രവചനമാണ് ഇന്നത്തെ ഒന്നാം വായന. അന്ധകാരത്തിലായിരിക്കുന്നവരെ മോചിപ്പിക്കുന്ന യഥാർത്ഥ പ്രകാശമായാണ് സഹനദാസനെ ഏശയ്യ ചിത്രീകരിക്കുന്നത്. രണ്ട് ദൗത്യങ്ങളാണ് ഈ ദാസനിൽ നിക്ഷിപ്തമായിരിക്കുന്നത്. ഒന്നാമതായി ദൈവസ്നേഹം അനുഭവിച്ചിട്ടും, ആ സ്നേഹം പരിത്യജിച്ചുപോയതിനെ കണ്ടെത്തി തിരികെ കൊണ്ടുവരിക. രണ്ടാമതായി, ഈ രക്ഷയുടെ അനുഭവം ലോകം മുഴുവനും വ്യാപിപ്പിക്കുക. ഇസ്രായേലിൽ ആരംഭിക്കുന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതി ലോകം മുഴുവനും ഉള്ളതാണെന്ന് ഏശയ്യയിലൂടെ വ്യക്തമാക്കുന്നു.

സുവിശേഷം: യോഹ: 1:29-34

ജർമനിയിലെ വെർഡർ എന്ന പ്രദേശത്തുള്ള കത്തോലിക്കാ ദേവാലയമാണ് വി. പത്രോസിന്റെ ദേവാലയം. ഈ ദേവാലയത്തിൽ ഏറ്റവും മുകളിലായി ഒരു കുഞ്ഞാടിന്റെ രൂപം സ്ഥാപിച്ചിട്ടുണ്ട്. അതിന് പിന്നിൽ ഒരു കാരണമുണ്ട്. ഈ ദേവാലയത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന സമയം ഒരു തൊഴിലാളി കാൽതെന്നി തറയിലേക്ക് പതിച്ചു. പക്ഷേ തൊഴിലാളി ചെന്നുപതിച്ചത് അവിടെ മേഞ്ഞുകൊണ്ടിരുന്ന ആട്ടിൻകുട്ടിയുടെ പുറത്തായതിനാൽ തൊഴിലാളി രക്ഷപെട്ടു. ആട്ടിൻകുട്ടി ചത്തുപോയി. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന യഥാർത്ഥ കുഞ്ഞാടായ യേശുവിനെ ചൂണ്ടിക്കാണിക്കുന്നു. യോഹന്നാനെയും നാം സുവിശേഷത്തിൽ ദർശിക്കുന്നുണ്ട്. ഏറ്റവും മഹത്തായ സാക്ഷ്യമായിരുന്നു യോഹന്നാന്റേത്. യേശു ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാടാണെന്നും പരിശുദ്ധാത്മാവിനാൽ സ്നാനം നൽകുന്നവനാണെന്നും, ദൈവപുത്രനാണെന്നുമുള്ള സാക്ഷ്യം യോഹന്നാൻ ഇന്നത്തെ വചനത്തിലൂടെ നൽകുകയാണ്. ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലം വളരെ പ്രധാനപ്പെട്ടതാണ്. നീ ആരാണ് എന്ന് ചോദിക്കാൻ യൂഹൂദർ ജെറുസലേമിൽ നിന്ന് പുരോഹിതരേയും, ലേവ്യരേയും അയച്ച സാഹചര്യത്തിലാണ് യോഹന്നാൻ ഈ സാക്ഷ്യം നൽകുന്നത്.

യഹൂദ പാരമ്പര്യം കുഞ്ഞാടിന് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. കാരണം,

* ദൈവം സ്വീകരിച്ച ആദ്യബലി കുഞ്ഞാടിന്റെ ബലിയായിരുന്നു. ഉൽപ്പത്തി നാലാം അധ്യായം കായേന്റെയും ആബേലിന്റെയും കാഴ്ചവസ്തുക്കളെപ്പറ്റി വിവരിക്കുന്നുണ്ട്. ഇതിൽ ആബേൽ നൽകിയ കുഞ്ഞാടിന്റെ ബലിയാണ് ദൈവം സ്വീകരിച്ചത്.

പ്രധാന ഉടമ്പടിക്കുമുൻപ് ദൈവം സ്വീകരിച്ചതും ആടിന്റെ ബലിയായിരുന്നു. ഉൽപ്പത്തി.22 ൽ അബ്രഹാമിന്റെ ബലി വിവരിക്കുന്നുണ്ട്. ഏക പുത്രനെ നൽകാൻ സന്നദ്ധനായ അബ്രഹാമിൽ നിന്നും, പുത്രന് പകരം ദൈവം സ്വീകരിച്ചത് ആടിനെയായിരുന്നു. ഈ ബലിയിലൂടെ മാനവവംശത്തിന് വലിയൊരു വാഗ്ദാനം ദൈവം നൽകി, "നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും."

ഇസ്രായേൽ ജനത്തിന് രക്ഷ പ്രധാനം ചെയ്തത് കുഞ്ഞാടിന്റെ രക്തമായിരുന്നു. പുറപ്പാട് 12 ൽ നാം വായിക്കുന്നത്, കുഞ്ഞാടിന്റെ രക്തത്താൽ മുദ്രണം ചെയ്യപ്പെട്ട യഹൂദരുടെ ഭവനങ്ങളെ സംഹാരദൂതനിൽ നിന്നും ദൈവം സംരക്ഷിച്ചു.

ജനങ്ങളുടെ പാപപരിഹാരത്തിനായി തിരഞ്ഞെടുത്തതും ആടിനെയായിരുന്നു. ലേവ്യർ: 16. രണ്ട് ആടുകളിൽ ഒന്ന് പാപം വഹിച്ച് മരുഭൂമിയിലേക്ക് വിടാനും; രണ്ടാ

ദൈവപിതാവ് സ്വീകരിച്ച മഹത്തായ ബലി യേശുവിന്റെ ബലിയായിരുന്നു. ലോകത്തിന്റെ മുഴുവൻ പാപങ്ങളും നീക്കം ചെയ്യാൻ ഉതകുന്ന ബലി. നാം എല്ലാപേരും പാപികളായിരിക്കെ നമുക്കായി അർപ്പിച്ച ബലി.

മതിനെ ബലി അർപ്പിക്കാനും.

യേശുവാണ് യഥാർത്ഥ കുഞ്ഞാടെന്ന് യോഹന്നാൻ സാക്ഷ്യം നൽകുന്നു. കാരണം,

* ദൈവപിതാവ് സ്വീകരിച്ച മഹത്തായ ബലി യേശുവിന്റെ ബലിയായിരുന്നു. ലോകത്തിന്റെ മുഴുവൻ പാപങ്ങളും നീക്കം ചെയ്യാൻ ഉതകുന്ന ബലി. നാം എല്ലാപേരും പാപികളായിരിക്കെ നമുക്കായി അർപ്പിച്ച ബലി.

*അബ്രഹാത്തിന്റെ അനുസരണത്തേയും അതിലംഘിക്കുന്ന അനുസരണത്തിന്റെ മഹത്തായ ബലിയും, ഉടമ്പടിയുമായിരുന്നു യഥാർത്ഥ കുഞ്ഞാടായ ക്രിസ്തു. സ്വന്തം പുത്രനുപകരം അബ്രഹാം അർപ്പിച്ച ബലിയിൽ പ്രസാദിച്ച് ദൈവം ഇസ്രായേൽ ജനവുമായി ഉടമ്പടിയിൽ ഏർപ്പെട്ടുവെങ്കിൽ, സ്വയം സമർപ്പിച്ച യേശുവിലൂടെ ദൈവം ഒരു പുതിയ ഉടമ്പടിക്ക് തുടക്കം കുറിക്കുകയാണ്. കുഞ്ഞാടിന്റെ രക്തം ഇസ്രായേലിന് ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് മോചനം നൽകിയെങ്കിൽ, യഥാർത്ഥ കുഞ്ഞാടായ ക്രിസ്തുവിന്റെ രക്തം നമുക്ക് പാപമോചനവും രക്ഷയും പ്രധാനം ചെയ്യുന്നു. യേശു എന്ന കുഞ്ഞാടിന്റെ ഏറ്റവും വലിയ പ്രത്യേകതയായി യോഹന്നാൻ അവതരിപ്പിക്കുന്നത്, യേശു നമുക്ക് ആത്മാവിനാൽ സ്നാനം നൽകി എന്നതാണ്. യേശുവിന്റെ സ്നാനം സ്വീകരിച്ച് നമുക്ക്, നമ്മിലെ ആത്മാവിനെ ജ്വലിപ്പിക്കുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. ■

ആണ്ടുവട്ടം 3-ാം ഞായർ (ജനുവരി 22)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

പുഴയെന്നും പുതിയതാണ്

ഏശ. 9 : 1-4 | 1 കൊറ. 1: 10-13 | മത്താ. 4 : 12-23

ദിവസവും ആളുകളെ പുഴയുടെ അക്കരെയിക്കരെ കടത്തുന്ന ജോലിയായിരുന്നു അയാൾക്ക്. നിത്യവും ഒരേ ജോലി. പരിചയമുള്ള ആളുകൾ. ആഴ്ചകൾ കഴിയും തോറും അയാൾക്കു ജോലിയിൽ വിരസത അനുഭവപ്പെട്ടുതുടങ്ങി. ഒരു മാറ്റം അനുഭവപ്പെടുന്നില്ല. എന്നും ഇങ്ങനെ ഒരേ ജോലി ചെയ്താൽ ആർക്കാണ് മടുപ്പ് അനുഭവപ്പെടാത്തത്?

അങ്ങനെയിരിക്കെ അയാൾ ഒരു ദിവസം ഒരു ഗുരുവിനെ പരിചയപ്പെട്ടു. താൻ നേരിടുന്ന പ്രശ്നം അയാൾ അവതരിപ്പിച്ചു. എല്ലാം കേട്ടതിനുശേഷം ഗുരു പറഞ്ഞു:

"നീ എന്നും ഒരേ ജോലിയാണ് ചെയ്യുന്നതെന്ന് ആരുപറഞ്ഞു? നീ സഞ്ചരിക്കുന്ന പുഴ ഓരോ നിമിഷവും ഒഴുകിക്കൊണ്ടിരിക്കുകയാണ്. അതോരോ നിമിഷവും പുതിയതാണ്. നിന്നെ കടന്നുപോകുന്ന കാറ്റിന്റെ കാര്യം നോക്കൂ... ഓരോ നിമിഷവും വീശുന്ന കാറ്റ് എത്ര വ്യത്യസ്തമായ സുഗന്ധമാണ് കൊണ്ടുവരുക... പുഴയിലൂടെ ഒഴുകിവരുന്ന പൂക്കൾ എത്ര വ്യത്യസ്തമാണ്..."

ഗുരുവിന്റെ വാക്കുകൾ അയാളുടെ മനസ്സിൽ പുതിയൊരു വെളിച്ചത്തിനു കാരണമായി. പിന്നീട് അയാൾ ഗുരുവിനേക്കാൾ വലിയ ആളായി എന്നാണ് ഹെർമ്മൻ ഹെസയുടെ 'സിദ്ധാർത്ഥ' നോവൽ പറയുക.

നിന്റെ ഒന്നുമില്ലായ്മയിലും വല്ലായ്മകളിലും അല്ലലുകളിലും നീ അദ്ധ്യാനശീലം വളർത്തിയെടുക്കണം. ക്രിസ്തു ശിഷ്യനാകാനുള്ള ഒന്നാമത്തെ പടി അദ്ധ്യാനമെന്ന ശീലം വളർത്തിയെടുക്കുകയാണ്.

ജീവിതത്തെ എന്നും പുതിയ കാഴ്ചപ്പാടോടെ കാണുകയെന്നതാണ് മുഖ്യം. ഈ കാഴ്ചപ്പാടുള്ള വ്യക്തികൾക്ക് ജീവിതത്തെ സ്നേഹിക്കാതിരിക്കാനാകില്ല. ഒരു വ്യക്തിയെ സൽക്കർമങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതും മറ്റുള്ളവരെ അംഗീകരിക്കാൻ സാധിക്കുന്നതും ഇത്തരമൊരു ചിന്തയാണ്.

ഇന്നത്തെ സുവിശേഷത്തിൽ കടലിൽ വലയെറിയുന്ന - ശിമയോൻ, അന്ത്രയോസിനെയും, വലയുടെ കേടുപാടുകൾ തീർക്കുന്ന സെബദീപുത്രരെയും നാം കാണുന്നു. കഥയിലെ കടത്തുകാരനെപ്പോലെ വിരസത അനുഭവിക്കുന്നവരാണോ അല്ലയോ എന്ന് നമുക്കറിയില്ല. പക്ഷേ, ഗലീലി കടൽത്തീരത്തിരിക്കുന്ന ഈ നാലുപേരെയും യേശു വിളിക്കുകയും അവർ അവിടുത്തെ അനുഗമിക്കുകയും ചെയ്യുന്നു.

മീൻ പിടിച്ചുകൊണ്ടിരുന്ന പ്രഥമശിഷ്യരെ മനുഷ്യരെ പിടിക്കുന്നവരാക്കുന്ന ഈശോയുടെ ഈ നടപടി നമ്മെ പലപല ചിന്തകളിലൂടെ നയിക്കും. ആ തീരത്ത് ഇവർ നാലുപേരും മാത്രമേ ഉണ്ടായിരുന്നുള്ളോ? അതല്ലെങ്കിൽ ഈ നാലുപേർക്കും ക്രിസ്തു ശിഷ്യരായിത്തീരാനുള്ള എന്ത് യോഗ്യതകളാണ് ഉണ്ടായിരു

ന്നത്? അതിനെക്കുറിച്ച് നമുക്കൊന്ന് ധ്യാനിക്കാം.

(1) വലയെറിഞ്ഞുകൊണ്ടിരുന്നവരെ അവൻ വിളിച്ചു: (V. 18)

അദ്ധ്വാനിക്കുന്നവരെയാണ് അവന് ആവശ്യം.

മത്തായി 11:28 "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെയടുക്കൽ വരുവിൻ..."

യോഹ. 6:27 - "നിത്യജീവനു വേണ്ടി അദ്ധ്വാനിക്കുക...."

നിന്റെ ഒന്നുമില്ലായ്മയിലും വല്ലായ്മകളിലും അല്ലലുകളിലും നീ അദ്ധ്വാനശീലം വളർത്തിയെടുക്കണം. ക്രിസ്തു ശിഷ്യനാകാനുള്ള ഒന്നാമത്തെ പടി അദ്ധ്വാനമെന്ന ശീലം വളർത്തിയെടുക്കുകയാണ്.

(2) അവരുടെ അനുദിന കർത്തവ്യങ്ങൾക്കിടയിൽ നിന്നാണ് അവരെ വിളിക്കുക (V. 18 & 21)

നിന്റെ ജീവിത സാഹചര്യം ഏതായിരുന്നാലും അവന് നിന്നെ വിളിക്കാൻ സാധിക്കും എന്നൊരു അവബോധം നിനക്ക് എപ്പോഴും ഉണ്ടാകണം. ഒന്നിനെയും നിസാരമായി തള്ളരുത്. വഴിയെപോകുന്ന ഭിക്ഷക്കാരനു പോലും നിന്നോടുപറയാൻ ഏറെയുണ്ടെന്ന് നീ തിരിച്ചറിയണം, കേൾക്കുവാൻ നീ നിന്നില്ലെങ്കിൽ പോലും.

(3) വലയുടെ കേടുപോക്കുന്നവരെ അവൻ വിളിച്ചു (V.21)

കേടുപാടുകൾ എന്താണെന്നറിയുന്നവരും അത് തിരുത്താൻ തയ്യാറാകുന്നവരെയുമാണ് അവൻ വിളിക്കുക.

നിനക്കും അവന്റെ ശിഷ്യനാകണമെങ്കിൽ വല്ലപ്പോഴുമെങ്കിലും മറ്റുള്ളവരുടെ നേരെ കുറ്റക്കാരനായി ചൂണ്ടുന്ന നിന്റെ ചൂണ്ടുവിരൽ നിന്റെ നേരെയും നീട്ടി സ്വയം തിരുത്തുക. അതല്ലെ നല്ലത്?

(4) ഉടൻ പ്രത്യുത്തരം നൽകുന്നവരെ അവൻ വിളിച്ചു (V.22).

അലസന്മാരെ അവിടുന്ന് പരിഗണിക്കുന്നില്ല. ഗലീലിതീരത്ത് ഒത്തിരിപേർ ഉണ്ടായിരുന്നെങ്കിലും ഇവർ അലസന്മാരല്ലായെന്ന് യേശുവിന് തോന്നിയതുകൊണ്ടാകും ഇവരെ വിളിച്ചത്.

വൈദിക വെളിപാടുകളോട് നീ ഉടൻ പ്രത്യുത്തരിക്കണം. നാളെ നാളെയെന്ന് ഒന്നും നീട്ടിവയ്ക്കരുത്. അടുത്ത നിമിഷം നീ ഉണ്ടാകുമോ എന്ന് നിനക്ക് ഉറപ്പുണ്ടോ? നേർച്ചകൾ, വാഗ്ദാനങ്ങൾ, കടങ്ങൾ ഇവ കാലതാമസമില്ലാതെ പൂർത്തിയാക്കുക.

(5) ഉപേക്ഷിക്കാൻ മനസ്സുള്ളവരെ അവൻ വിളിച്ചു (V.22):

നാലുപേരും വലകൾ ഉപേക്ഷിച്ചു. അവരുടെ ഉപജീവനമാർഗ്ഗമാണ് അവർ കളയുക. മറ്റൊരു വാക്കിൽ പറഞ്ഞാൽ ജീവിക്കേണ്ട സംരക്ഷണം. നമുക്കൊക്കെ ജീവിക്കാൻ സംരക്ഷണം ആവശ്യമാണ്. ആഹാരം, വസ്ത്രം, വീട്... പക്ഷേ, ഇതുമാത്രമാണോ ജീവിതം? വസ്ത്രത്തെക്കാൾ വലുതല്ലേ ശരീരം? അപ്പോൾ ദൈവമുമ്പിൽ ഏറ്റവും പ്രധാനപ്പെട്ടത് അടിസ്ഥാന ആവശ്യങ്ങളുടെ നിറവേറ്റലല്ല; അതിനുമപ്പുറം മറ്റുപലതുമുണ്ട്. ഈ സുവിശേഷത്തിന്റെ ഭാഷയിൽ പറഞ്ഞാൽ മത്സ്യത്തെ പിടിക്കലല്ല മനുഷ്യരെ പിടിക്കലാണത്. അത് തിരിച്ചറിഞ്ഞതുകൊണ്ടാണ് അവർ വല, വെള്ളം, സേവകർ, പിതാവ്, കുടുംബം ഇവയൊക്കെ ഉപേക്ഷിക്കാൻ തയ്യാറായത്. ശിമയോനും കൂട്ടരും വലകൾ ഉപേക്ഷിക്കുന്നു, സെബദീ പുത്രർ പിതാവിനെയും ഉപേക്ഷിക്കുന്നു. പക്ഷേ, ക്രിസ്തുവിനെ നേടി.

ധ്യാനം കൂടിവന്ന മനുഷ്യനോട് ഒരാൾ ചോദിച്ചു: ധ്യാനത്തിന് മുൻപ് നീ ആരായിരുന്നു? അയാൾ പറഞ്ഞു; ഒരു പാപിയായിരുന്നു. അപ്പോൾ അടുത്ത ചോദ്യം: 'ധ്യാനത്തിനു ശേഷം?' ഉടനെ ഉത്തരവും വന്നു, "വീണ്ടുമൊരി പാപി". അപ്പോൾ ധ്യാനം കൂടിയതുകൊണ്ടുള്ള വ്യത്യാസം?" ഉത്തരം: ധ്യാനത്തിനു മുൻപ് ഞാൻ ക്രിസ്തുവിൽ നിന്ന് ഓടി അകലുന്ന പാപിയായിരുന്നു. ധ്യാനത്തിനുശേഷം ഞാൻ ക്രിസ്തുവിലേക്ക് ഓടുന്ന പാപിയാണ്."

നിന്റെ ഇന്നലെകളെയും പിന്നിലുള്ളവയെയും നോക്കാതെ അവൻ നിന്നെ വിളിക്കും കരുതിയിരിക്കുക. ഒപ്പം ഓർക്കണം 'പുഴയെന്നും പുതിയതാണ്' അനുദിന കാഴ്ചകൾക്ക് പിന്നിലെ പുതുമയെ നീ തിരിച്ചറിഞ്ഞാൽ അവൻ നിന്നെയും വിളിക്കും. ■

ആണ്ടുവട്ടം നാലാം ഞായർ (ജനുവരി 29)

നീർച്ചാലുകൾ

ഫാ. ജെറോം നെറ്റോ

ദൈവകൃപയുടെ പ്രഭാവം

സെഫ. 2 : 3, 3:12-13 | 1 കൊറി. 1: 26-31 | മത്താ. 5 : 1-12 a

ഒന്നാം വായന

യഹോവായുടെ ദിനങ്ങളിൽ ജെറുസലേമിന്റെയും അവരുടെ നേതാക്കന്മാരുടെയും മേലുള്ള അകൃത്യങ്ങളാൽ ശിക്ഷിക്കപ്പെടും. എന്നാൽ കർത്താവിന്റെ ക്രോധത്തിൽ നിന്നും രക്ഷനേടുവാനുള്ള മാർഗ്ഗങ്ങൾ അവിടുത്തെ കല്പനകൾ അനുസരിക്കലും നീതിയോടും വിനയത്തോടും വ്യാപരിക്കലുമാണ്.

രണ്ടാം വായന

ദൈവകൃപയുടെ പ്രഭാവം പ്രകടമാക്കുവാൻ ദൈവം ഭോഷന്മാരായവരെ, അശക്തരായവയെ, നിസാരങ്ങളായവയേയും, ഇല്ലായ്മ ചെയ്തവയേയും ദൈവം തെരെഞ്ഞെടുത്തു. ദൈവസ

ന്നിധിയിൽ ആരും അഹങ്കരിക്കാതിരിക്കാനാണ് അപ്രകാരം ചെയ്തത്. ദൈവം, ക്രിസ്തുവിലൂടെ നമുക്ക് ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും നൽകിയിരിക്കുന്നു.

സുവിശേഷം:

സാധാരണ മനുഷ്യന് ദൈവം കനിഞ്ഞു നൽകുന്ന സന്തോഷത്തിന്റെ എട്ട് വ്യത്യസ്ത മനോഭാവങ്ങളാണ് സുവിശേഷത്തിൽ പ്രതിപാദിക്കുന്നത്. ആധുനിക ലോകത്തിന് മനസ്സിലാകാത്തതും, ദൈവീക മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതുമായ ദൈവീകാനുഗ്രഹവും ആനന്ദവും സന്തോഷവും അഷ്ട സൗഭാഗ്യങ്ങൾ ഉറപ്പുവരുത്തുന്നു. വരുവാനിരിക്കുന്ന ജീവിതത്തിന് അനുഗ്രഹവും വാഗ്ദാനവും കൂടിയാണിത്.

കരുണ വറ്റിപ്പോകാത്ത, ഹൃദയവിശുദ്ധിയിലും, ലാളിത്യവും ശാന്തതയും നീതിബോധവും ഉള്ളവർക്ക് അഷ്ട സൗഭാഗ്യങ്ങൾ എന്നും ജീവിതത്തിൽ സൗഭാഗ്യങ്ങൾ മാത്രമാണ്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ ഏറെ സ്വാനീധിച്ച ബൈബിൾ ഭാഗമാണ് മലയിലെ പ്രസംഗം അഥവാ സുവിശേഷ സൗഭാഗ്യങ്ങൾ. 'സുവിശേഷ സൗഭാഗ്യം' എന്ന വാക്കിന്റെ വാച്യാർത്ഥം സാധാരണ മനുഷ്യന് സൗഭാഗ്യം നൽകുന്ന കർത്താവിന്റെ സദ്വാർത്തയെന്നതാണ്. ഫ്രാൻസിസ് പാപ്പ തന്റെ 80-ാം ജന്മദിനത്തിൽ പ്രാതൽ കഴിക്കുവാനിരുന്നത് ഭവനരഹിതരോടൊപ്പമാണ്. വിശുദ്ധവാരത്തിൽ അദ്ദേഹം പാദങ്ങൾ കഴുകി ചുംബിക്കുന്നത് ജയിലുകളിൽ ജീവിക്കുന്ന ജയിൽപ്പുള്ളിയുടേതാണ്. ജാതി, മത, വർഗ, വർണ വിവേചനത്തിനുള്ള മറുപടികൂടിയായിട്ടാണ് മഹാത്മജി ക്രിസ്ത്യാനികളുടെ വിശ്വാസ പ്രമാണം തന്നെയായ അഷ്ടസൗഭാഗ്യങ്ങളെ കാണുന്നതും വിലയിരുത്തുന്നതും. അത് അദ്ദേഹത്തിന്റെ ബോധ്യവുമാണ്. ഫ്രാൻസിസ് പാപ്പ കരുണയുടെ അസാധാരണ ജൂബിലി വർഷം പ്രഖ്യാപിച്ചതും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും കണ്ണുമിഴിച്ചുനിൽക്കുന്നതും പുറംപോക്കിൽ ജീവിക്കുന്ന വിലാസമില്ലാത്തവന്റെ മേൽ അലിവും കരുണയും കാണിക്കുന്നവനാണ്. ചിലപ്പോൾ പരിശുദ്ധ പിതാവിന് പ്രേരണയായത് മലയിലെ പ്രസംഗം തന്നെ ആകാം.

ദരിദ്രരോട് പക്ഷം ചേർന്നവൻ, വിലപിച്ചവരോടൊത്ത് കണ്ണുനീർ പൊഴിച്ചവൻ, നീതിക്കുവേണ്ടി നിലകൊണ്ടവൻ, ശാന്തനായവൻ - ശാന്തമാക്കിയവൻ, കരുണയുടെ മുഖമായവൻ - ദിവ്യകാരുണ്യമായവൻ, എല്ലാവരേയും ഹൃദയത്തോടുചേർത്തുവച്ചവൻ - തന്റെ ഹൃദയമാണ് സ്നേഹത്തിന്റെ ഇരിപ്പിടമെന്ന് ഉറക്കെ പറഞ്ഞവൻ, ലോകം തരുന്നതിനപ്പുറമുള്ള സമാധാനം നൽകിയവൻ - ശാന്തമാകുക ഞാൻ ദൈവമാണെന്നറിയുക - അവനാണ് യേശു.

വി. മദർ തെരേസയുടെ ഓർമപ്പെടുത്തൽ എന്താണ് എന്നിലും നിന്നിലും പൂവിലും പുഴുവിലും തൂണിലും തുരുമ്പിലും എന്തേ ഈശോയുടെ തിരുമുഖം ദർശിക്കുന്നു? അത് പുഴുവരിക്കുന്ന കുഷ്ഠം ബാധിച്ച മനുഷ്യനാകട്ടെ, ചേരിയിൽ എറിയപ്പെട്ട ജീവിതങ്ങളാകട്ടെ, എച്ചിൽ/കുപ്പത്തൊട്ടിയിൽ എറിയപ്പെട്ട പൈതലാകട്ടെ - അവിടെ ജാതിമതവർഗവർണ വിവേചനമില്ലാതെ എന്റെ യേശുവിന്റെ തിരുമുഖം കാണാൻ കഴിയുന്നു. പലരും പലപ്പോഴും എന്നോട് (സെന്റ് മദർ തെരേസ) ചോദിച്ചിട്ടുണ്ട് "അമ്മയാണോ ദൈവം?" ഞാൻ പറയും 'അല്ല'. 'ഞാൻ ദൈവത്തിന്റെ ഒരു മകളാണ്. അവിടെയാണ് സൗഭാഗ്യങ്ങളുടെ നിറവ് നാം അനുഭവിക്കുന്നത്.

കരുണ വറ്റിപ്പോകാത്ത, ഹൃദയവിശുദ്ധിയിലും, ലാളിത്യവും ശാന്തതയും നീതിബോധവും ഉള്ളവർക്ക് അഷ്ടസൗഭാഗ്യങ്ങൾ എന്നും ജീവിതത്തിൽ സൗഭാഗ്യങ്ങൾ മാത്രമാണ്. ദൈവത്തിന്റെ അനന്തകരുണയാണ്. അതേ, സന്തോഷത്തിന്റെ ഉറവിടം ദൈവവും കണ്ടെത്തലിന്റെ വഴി ദൈവാശ്രയത്വവുമാണ്. ആയതിനാൽ 'നിങ്ങൾ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (മത്താ. 5:12). ■

പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് ദൈവം തന്നെ

പ്രമുഖ ഭൗതിക ശാസ്ത്രജ്ഞൻ മിഷിയാ കാക്കു

ന്യൂയോർക്ക്: ബുദ്ധിമാനായ ഒരു ശാസ്ത്രജ്ഞന്റെ കരവിരുതിലാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ആ ശാസ്ത്രജ്ഞൻ ദൈവം തന്നെയാണെന്നും പ്രമുഖ ഭൗതിക ശാസ്ത്രജ്ഞൻ മിഷിയാ കാക്കു. ന്യൂയോർക്ക് സിറ്റി കോളേജിലെ തിയററ്റിക്കൽ ഫിസിക്സ് പ്രഫസറാണ് ഇദ്ദേഹം. പ്രിമിറ്റീവ് സെമി റേഡിയസ് ടാക്കിയോൺസ് എന്ന പഠനത്തിലാണ് പ്രഫ മിഷിയാ കാക്കു ഇത്തരമൊരു നിഗമനത്തിലെത്തിച്ചേർന്നിരിക്കുന്നത്. ദൈവം മികച്ച ഒരു ഗണിതശാസ്ത്രജ്ഞനാണെന്നും അതുകൊണ്ടാണ് ഇത്രയും കൃത്യമായ മെട്രിക്സിൽ നാമെല്ലാവരും ജീവിക്കുന്നതെന്നും അദ്ദേഹം പറയുന്നു. ഇത്രയും കാലം ലോകക്രമത്തിൽ മാറ്റം വരാതെ നിലനിന്നുപോരുന്നതിന് കാരണവും ആ ഗണിതശാസ്ത്രജ്ഞന്റെ കരവിരുത് തന്നെ.

മിഷിയാ കാക്കുവിന്റെ ഈ കണ്ടെത്തൽ ഇപ്പോൾ സോഷ്യൽ മീഡിയ ഏറ്റെടുത്തിരിക്കുകയാണ്. പ്രപഞ്ച സൃഷ്ടിക്ക് കാരണമെന്ന് പറയുന്ന ബിഗ് ബാങ് തിയറിയെ നിരാകരിക്കുന്നതാണ് ഈ നിഗമനം.

വചനജ്വാല

2017 ഫെബ്രുവരി മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ കുടുംബ പ്രേഷിത ശുശ്രൂഷ തയ്യാറാക്കിയത്

കുടുംബം നന്നായാൽ സമൂഹം നന്നാകും

1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/ നാഥ
3. ആമുഖം

കുടുംബം ഒരുപാട് ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. കുടുംബം നന്നായാൽ സമൂഹം നന്നാകുമെന്നൊക്കെ പറഞ്ഞുപറഞ്ഞ് പഴഞ്ചൊല്ലായി. എന്നിട്ടും ആധുനികതയിലെ കുടുംബ പ്രശ്നങ്ങൾക്ക് യാതൊരു പഞ്ഞവുമില്ല.

ദമ്പതികളോട് ചെറുപ്പത്തിൽ തോന്നാതിരുന്ന ഒരാദരവ് ഇപ്പോൾ പലർക്കും ഉണ്ട്. പ്രത്യേകിച്ച് പ്രായം ചെന്ന ദമ്പതികളോട്. എന്തുമാത്രം ദുരിതപർവ്വങ്ങളിലൂടെ അവർ ഒരുമിച്ച് നടന്നിട്ടുണ്ടാകും. കൂടാതെ ഒരു ജന്മം മുഴുവൻ ഒരാളോടൊത്ത് ജീവിച്ചു തീർക്കുന്നതിനുള്ള ത്യാഗവും എത്രയായിരിക്കും. ദാമ്പത്യജീവിതത്തിന്റെ അതിസുന്ദരമായ വശം കാണാഞ്ഞിട്ടല്ല. ആലോചിച്ചുനോക്കിയാൽ ജീവിതത്തിലെ സുഖദുഃഖങ്ങളൊക്കെ പങ്കുവയ്ക്കാൻ മരണം വരെ ഒരാൾ കൂട്ടുണ്ടായിരിക്കുക എന്നതിനോളം സാന്ത്വനവും കരുത്തും പകരുന്നവേറെ എന്തുണ്ട്? പ്രിയപ്പെട്ട ഒരാളോടൊപ്പം ഏത് തീപ്പൊയ്കയിലൂടെ നടക്കാനും നമുക്കാകുമല്ലോ. പക്ഷേ, മിക്ക ദാമ്പത്യബന്ധങ്ങൾക്കിടയിലും കാര്യങ്ങൾ അങ്ങനെയൊന്നുമല്ലല്ലോ.

തിരുകുടുംബം എല്ലാകുടുംബങ്ങൾക്കും ഒരത്ഭുതമാണ്. ഈശോ വസിച്ച കുടുംബമാണ് തിരുകുടുംബം. അതാണ് അതിന്റെ സവിശേഷത. എന്നാൽ എല്ലാ കുടുംബങ്ങളിലും ഉള്ളതുപോലെ ദാരിദ്ര്യവും ആകുലതകളും അസ്വസ്ഥതകളും സംശയങ്ങളും കാർമേഘങ്ങൾ പോലെ വന്നുനിറഞ്ഞപ്പോഴും സ്നേഹവും കരുതലും ആ കുടുംബത്തിന്റെ സവിശേഷതകളായിരുന്നു. Our first and formost duty is to love, and love means to care. A home where members love and care for one another is happy home" ഇതിനായി നമുക്കും പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

4. യേശുവിനെ ക്ഷണിക്കൽ
5. വചനഗീതി
6. ദൈവവചന പാരായണം (1 കൊറി. 12:12 – 26)
8. വചനവിചിന്തനം

മനസ്സും ഹൃദയവും ശരീരവുമൊക്കെ പങ്കുവയ്ക്കുന്ന ദാമ്പത്യബന്ധത്തോളം ഗാഢമായ വ്യക്തി

ബന്ധം ഭൂമിയിൽ വേറെയില്ല. എന്നിട്ടും നാം തിരിച്ചറിയുന്നില്ല. കുടുംബത്തിലെ ഒട്ടുമിക്ക പ്രശ്നങ്ങളുടെയും അടിവേര് ഭാര്യാഭർതൃബന്ധത്തിലെ താളപ്പിഴകളാണെന്ന്. ദമ്പതികളിലൊരാൾ മറ്റേയാളോടുള്ള പരിപൂർണ്ണ സമർപ്പണത്തിന് തയ്യാറാകാതെ വന്നാൽ അതുമതി ദാമ്പത്യം കയ്പുനീരുപോലെയാകാൻ.

വീട്ടിലെ അപ്പനെപ്പോലെയാണ് സ്വർഗത്തിലെ ദൈവമെങ്കിൽ എനിക്ക് സ്വർഗത്തിൽ പോകണ്ടയെന്ന് വേദപാഠക്ലാസിലെ ടീച്ചറോട് പറയുന്ന കുഞ്ഞും, വീട്ടിലെ കാര്യം മാത്രം ചോദിക്കരുതെന്ന് സങ്കടത്തോടെ പറയുന്ന യുവാവും, സ്കൂൾ വിട്ടാൽ എനിക്ക് വീട്ടിൽ പോകേണ്ട, ടീച്ചറുടെ കൂടെ പോന്നോട്ടെ എന്നു ചോദിക്കുന്ന കുഞ്ഞുമൊക്കെ നൽകുന്ന സൂചനയെന്താണ്? കുടുംബത്തിൽ നിന്ന് ന്യായമായി ലഭിക്കാൻ അവകാശമുള്ള സുരക്ഷിതത്വവും സ്നേഹവും വേറെ എവിടെ നിന്ന് അവർക്ക് ലഭിക്കും?

എന്താണ് കുടുംബം. ലളിതമായ ഉത്തരം. കൂടുമ്പോൾ ഇമ്പം ഉള്ളതാണ് കുടുംബം. ഇമ്പം നഷ്ടപ്പെട്ടാൽ പിന്നെ ഭൂകമ്പമാണ് കുടുംബം. കുടുംബജീവിതത്തിന് മാതൃകയും മാധ്യസ്ഥ്യവും പരിശുദ്ധ ത്രിത്വമാണ്.

ത്രിത്വത്തിന്റെ പ്രത്യേകത: പരസ്പരം അറിയുന്നവർ, ബഹുമാനവും ആദരവും ഉണ്ടാകൽ. വേർപെടുത്തുവാൻ സാധിക്കാത്തവിധം അവർ ഐക്യപ്പെട്ടിരിക്കുന്നു. അവർക്കിടയിൽ സംഘർഷമോ തെറ്റിദ്ധാരണയോ ഇല്ല. ത്രിത്വൈക കുടുംബം അദൃശ്യമായതിനാൽ ദൃശ്യകുടുംബം - മാതൃകയും മാധ്യസ്ഥ്യവുമാകുന്നത് തിരുകുടുംബത്തിലാണ്. തിരുകുടുംബത്തിൽ നിശബ്ദനായ പിതാവും എളിമയുടേയും പ്രാർത്ഥനയുടെയും മൂർത്തീഭാവവുമായ മറിയവും അനുസരണവും ആകർഷണവുമുള്ള ഈശോയും.

യൗസേപ്പിതാവിനെപ്പോലെ കർത്താവിന്റെ ഭക്തൻ അനുഗ്രഹിക്കപ്പെടും - "നിന്റെ അദ്ധ്വാനഫലം നീ അനുഭവിക്കും. സന്തുഷ്ടനും നന്മയുള്ളവനുമായിരിക്കും. ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരിവള്ളി പോലെയും മക്കൾ മേശക്കു ചുറ്റും ഒലിവുതൈകൾ പോലെയും ആയിരിക്കും. (സങ്കീ. 128:1-3). ബൈബിളിൽ ഉൽപ്പത്തി മുതൽ പൗലോസ് അപ്പോസ്തലന്റെ ലേഖനങ്ങൾ വരെ നിരവധി കുടുംബങ്ങളെ വെളിപ്പെടുത്തുന്നു.

കുടുംബ ജീവിതത്തിന് അത് അർഹിക്കുന്ന ഗൗരവം ഇനിയും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ മൂന്നുദിവസത്തെ വിവാഹ ഒരുക്കസെമിനാർ ഒഴികെ മറ്റു കാര്യമായ തയ്യാറെടുപ്പുകൾ ഒന്നുമില്ലാതെയാണ് പലരും പ്രവേശിക്കുന്നത്. അതുതന്നെയാണ് കുടുംബത്തിലെ പല പ്രശ്നങ്ങൾക്കും കാരണം. ബ്രഹ്മചര്യജീവിതത്തിന് എന്നപോലെ വിവാഹജീവിതത്തിനും ചില യോഗ്യതകൾ വേണം. ആജീവാന്തം ഓരാളോടൊത്ത് വിശ്വസ്തത പുലർത്തി ജീവിക്കേണ്ടതുകൊണ്ട് ഏറെ സംയമനവും വിട്ടുവീഴ്ച ചെയ്യാനും പൊരുത്തപ്പെട്ടുപോകാനുമൊക്കെയുള്ള കഴിവും ഒരാൾക്കുവേണം. മാത്രമല്ല, കുടുംബം പോറ്റാനുള്ള മാനസിക ശാരീരിക കഴിവുകളും ഉത്തരവാദിത്വവും സ്വഭാവശുദ്ധിയുമൊക്കെ വിവാഹ ജീവിതത്തിനും അത്യാവശ്യംതന്നെ. മക്കൾക്ക് ഇതിനുള്ള പരിശീലനം മാതാപിതാക്കളിൽ നിന്നുതന്നെ കിട്ടണം. മാതാപിതാക്കൾ പരസ്പരം സ്നേഹത്തിൽ ജീവിക്കുന്നതുകണ്ട് വളരുന്ന മക്കൾ ഭാഗ്യം ചെയ്തവരാണ്. ഇതിലും വലിയ വേറെന്തു സമ്മാനമാണ് മാതാപിതാക്കൾക്ക് മക്കൾക്ക് നൽകാനാവുക?

കുടുംബജീവിതം എന്നെത്തേക്കാളും ഇന്ന് ധാരാളം പ്രതിസന്ധികളിലൂടെ കടന്നുപോകുന്നു. ക്രൈസ്തവരുടെ ഇടയിൽപ്പോലും വിവാഹമോചന കേസുകൾ പെരുകുന്നു. ആയതിനാൽ വിശുദ്ധിയും വിശ്വസ്തതയും ത്യാഗവും സമർപ്പണവും കടമയും എളിമയും ബോധ്യവും ക്രൈസ്തവ മൂല്യങ്ങളും അത്യന്താപേക്ഷിതമാണ്. ഉള്ളത് മുഴുവനും നൽകുന്നതിനല്ല, ഉള്ള് നൽകുന്നതാണ് വിശുദ്ധി. അതിന് കഴിയണമെന്നാണ് നമ്മുടെ ആഗ്രഹം. പ്രാർത്ഥന കൈവിടാതിരിക്കുവാൻ കഴിയട്ടെ.

9. ദൗത്യം ഏറ്റെടുക്കൽ

നാം ശ്രവിച്ച ദൈവവചനത്തിലൂടെയും, വചനവിചിന്തനത്തിലൂടെയും, നമുക്കു ലഭിച്ച വചനസന്ദേശത്തിന്റെയും പശ്ചാത്തലത്തിൽ നമുക്ക് നമ്മുടെ അനുദിന ജീവിതത്തിൽ അനുവർത്തിക്കേണ്ട ദൗത്യത്തെക്കുറിച്ച് ചിന്തിക്കാം.

1. മാതൃകാ ദാമ്പത്യജീവിതം നയിക്കുന്നവരെ ആദരിക്കുകയും മാതൃകയാകുകയും ചെയ്യുക.
2. കുടുംബ കൗൺസിലിംഗ് പ്രോത്സാഹിപ്പിക്കുക.
3. കുടുംബ യൂണിറ്റുകൾ തകർന്ന കുടുംബങ്ങൾക്ക് കൗൺസിലിംഗും മധ്യസ്ഥ പ്രാർത്ഥനയും നൽകുക.
4. ബൈബിളിലെ കുടുംബങ്ങളെ കണ്ടെത്തി ജീവിക്കുവാൻ ശ്രമിക്കുക.

10. റിപ്പോർട്ട്
11. ഹാജർ
12. ചർച്ച
13. വിശ്വാസികളുടെ പ്രാർത്ഥന
14. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ
15. സമാപനഗാനം
16. സ്നേഹവിരുന്ന്
17. നന്ദി



ഇളംതൂവൽ

കൂട്ടുകാരേ,

യേശുദേവന്റെ തിരുപിറവി ആഘോഷിച്ചുകഴിഞ്ഞ് പുതുവർഷത്തിലേക്ക് കടക്കുന്ന എല്ലാ പ്രിയകൂട്ടുകാർക്കും ഹൃദ്യമായ നവവത്സരാശംസകൾ.

ശുഭപ്രതീക്ഷകളുമായാണ് നാം പുതുവർഷത്തെ സമീപിക്കേണ്ടത്. പുത്തൻ ചിന്തകളും, പുതിയ തിരുമാനങ്ങളും പുതുവർഷം വിജയത്തിന്റേതാക്കി മാറ്റും. ജീവിതത്തെ സധൈര്യം മുന്നേറാൻ സഹായിക്കുന്നത് നമ്മുടെ സ്വപ്നങ്ങളാണ്. സ്വപ്നങ്ങൾ ഇല്ലാത്ത ജീവിതം ശൂന്യമാണ്. നമ്മുടെ ആത്മാവിൽ ഒളിപ്പിച്ചുവച്ച പ്രതീക്ഷയുടെ നാമ്പുകളാണ് സ്വപ്നങ്ങൾ. സ്വപ്നങ്ങൾ ഇല്ലാത്ത ജീവിതം ചിറകറ്റപക്ഷിയെപ്പോലെയാണ്.

മഹത്തായ സ്വപ്നങ്ങൾ ഉള്ള വ്യക്തി ഭൂമിയിലെ ഏറ്റവും സമ്പന്നനെക്കാൾ ശക്തനാണ്. നമ്മുടെ ജീവിതത്തെ ഉത്തേജിപ്പിക്കുന്ന, വിജയത്തിലെത്താൻ പ്രേരിപ്പിക്കുന്ന സ്വപ്നങ്ങൾ ഹൃദയത്തിന്റെയും, ആത്മാവിന്റെയും ജീവരക്തമാണ്. നേട്ടങ്ങൾക്കുമുൻപ് ജീവിതലക്ഷ്യത്തെക്കുറിച്ച് സ്വപ്നം കാണാത്ത ഒരു ജേതാവും ഉണ്ടായിരിക്കുകയില്ല. ഞാൻ ജയിക്കും എന്ന സ്വപ്നം അവരെ കർമോന്മുഖനാക്കുന്നു. വിജയസോപാനത്തിൽ താൻ അവരോധിതനാക്കപ്പെടുന്ന സുന്ദരമുഹൂർത്തം മനക്കണ്ണിൽ സ്വപ്നതുല്യമായി ദർശിക്കാൻ കഴിയുമ്പോൾ അത് നമ്മിൽ ഉത്തേജനം കുത്തിനിറയ്ക്കുന്നു. പിന്നെ ആ ലക്ഷ്യം നേടാനാവും നമ്മുടെ പ്രയത്നം.

അതിനാൽ കൂട്ടുകാരേ വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ജീവിതത്തിൽ ഏതെങ്കിലും ഒരു സ്വപ്നം രൂപപ്പെടുത്തണം. അതിനെ താലോലിച്ച് വളർത്തണം. അത് നേടിയെടുക്കാനായി പരിശ്രമിക്കണം. അത് സ്വായത്തമാക്കിയേ അടങ്ങു എന്ന ചിന്ത നമ്മുടെ പ്രവൃത്തികളുടെ ആക്കം കൂട്ടും.

ഈ പുതുവർഷത്തിൽ ഒരു സ്വപ്നം നമ്മുടെ മനസ്സിൽ ഉറപ്പിക്കാം. അത് അഭിലാഷമായി വളർത്തി അത് കൈവരിക്കാൻ പ്രയത്നിക്കാം... പ്രാർത്ഥിക്കാം.

– കൊച്ചേച്ചി

കണ്ണാടി അച്ചൻ

അനിഷ്മ തോമസ്

നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ ഏശ. 1:17

സാമൂഹിക യാഥാർത്ഥ്യങ്ങൾ ചൂടും ചൂരും പോകാതെ നിങ്ങളുടെ രചനകളിലേക്ക് പകർത്താൻ

നവമാധ്യമങ്ങളിലൂടെ മാറ്റത്തിന്റെ ചാലക ശക്തിയാകാൻ

സമൂഹത്തിന്റെ നേരെ പിടിച്ച കണ്ണാടിയാകുവാൻ

നിങ്ങളുടെ ഇടവകയ്ക്കും രൂപതയ്ക്കുമായി മാധ്യമങ്ങളിലൂടെ സംസാരിക്കുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ, നിങ്ങൾക്ക് കഴിവുണ്ടോ?

അതിരൂപത മാധ്യമ കമ്മിഷൻ സംഘടിപ്പിക്കുന്ന

സ്വരം-2017

മാധ്യമരംഗത്തെ പ്രമുഖർ നയിക്കുന്ന
മാധ്യമ-പഠന-പരിശീലന കളരി

തീയതി : ജനുവരി 14 ശനിയാഴ്ച
സമയം : രാവിലെ 10 മുതൽ വൈകിട്ട് 5 വരെ
സ്ഥലം : ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്റർ, വെള്ളയമ്പലം

For Registration : 9496930896, E-mail : jeevanumvelichavum@gmail.com. Registration Fee: Rs.100



ഭൂട്ടാനിൽ നിന്നൊരു സുവിശേഷം

ഭൂപടത്തിൽ ഇന്ത്യക്കും ചൈനക്കും ഇടയ്ക്ക് സ്ഥിതിചെയ്യുന്ന ഒരുചെറു രാജ്യമാണ് ഭൂട്ടാൻ. വിസ്തൃതിയിൽ കേരളത്തിനടുത്തുവരും. ജനസംഖ്യ 8 ലക്ഷ്യത്തിൽ താഴെയും. 75 ശതമാനം വനഭൂമി. പച്ചപ്പ് നിറഞ്ഞ പ്രദേശം. പാരമ്പര്യത്തിൽ മുറുകെ പിടിക്കുകയും, അതേസമയം ആധുനികതയെ സ്വീകരിക്കുന്ന ഒരു ജീവിതശൈലിയുമാണ് ജനങ്ങൾ പിന്തുടരുന്നത്. ഭൂട്ടാനിലെ ജനത്തിന് രാജകുടുംബത്തോട് വലിയ ആദരവും സ്നേഹവുമാണ്. ഭൗതിക വളർച്ചയിൽ മാത്രം ഊന്നൽ നൽകുന്ന സാമ്പത്തിക മാതൃകയിൽ നിന്നു വ്യത്യസ്തമായി മൂല്യങ്ങളിലും സംസ്കാരത്തിലും അധിഷ്ഠിതമായ ജനക്ഷേമത്തിനും അവരുടെ സംതൃപ്തിക്കും ഊന്നൽകൊടുക്കുന്ന സാമ്പത്തിക മാതൃക സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഭൂട്ടാനിലെ നാലാമത്തെ രാജാവായ ജിഗ്മേസിംഗ്ലേയാണ് ദേശീയ ആനന്ദം എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത്. 1972 ൽ ഗ്രോസ് നാഷണൽ ഹാപ്പിനസ് (ജിഎൻഎച്ച്) എന്ന ആശയം അവതരിപ്പിച്ചുകൊണ്ട് പഞ്ചവത്സരപദ്ധതികൾ ആസൂത്രണം ചെയ്തു. ഭാരതത്തിൽ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട് (ജിഡിപി) എന്നിടത്താണ് ഇതുനാം കാണേണ്ടത്.

ദേശീയ ആനന്ദം എന്ന ആശയം നല്ലതായിരുന്നുവെങ്കിലും അതിനെ ജഡിപി പോലെ ദേശീയസൂചികയാക്കി കണക്കുകളിലെത്തിക്കുക എളുപ്പമായിരുന്നില്ല. എങ്കിലും നാല് അടിസ്ഥാന തത്ത്വങ്ങൾ ഭൂട്ടാൻ നിശ്ചയിച്ചു. സുസ്ഥിരവും സമത്വാധിഷ്ഠിതവുമായ സാമൂഹ്യസാമ്പത്തിക വികസനം, സാംസ്കാരിക തനിമയിലൂടെ സാമൂഹ്യസാമ്പത്തിക വികസനം, സാംസ്കാരിക തനിമയുടെ സംരക്ഷണവും വികസനവും, പ്രകൃതി സംരക്ഷണം, സൽഭരണം. ഈ നാല് ഘടകങ്ങളും ഉറപ്പുവരുത്തുന്നതിലൂടെ ജനങ്ങളുടെ ജീവിതത്തിൽ സന്തോഷം കൊണ്ടുവരികയും നിലനിറുത്തുകയും ചെയ്യുക എന്നതാണ്. സെന്റർ ഫോർ ഭൂട്ടാൻ സ്റ്റഡീസിന്റെ നേതൃത്വത്തിലാണ് പഠനങ്ങൾ നടത്തുന്നത്.

കള്ളന്മാർ ഇല്ലാത്ത നാടാണ് ഭൂട്ടാൻ. വീട് തുറന്നിട്ട് പുറത്തുപോയാലും ആരും കയറി മോഷ്ടിക്കില്ല. കൊലപാതകം, പീഡനം, പിടിച്ചുപറി, ഭീകരപ്രവർത്തനങ്ങൾ ഇവ തീരെ കുറവ്. അഴിമതിയില്ലാത്ത സർക്കാർ ഓഫീസ് സംവിധാനം, സൽഭരണം ഇവ ഭൂട്ടാന്റെ പ്രത്യേകതകളാണ്. ചെറുപ്പക്കാരുടെ ഇടയിൽ വർധിച്ചുവരുന്ന മദ്യവും ലഹരിമരുന്ന് ഉപയോഗവുമാണ് വലിയൊരു പ്രശ്നം. സമ്പൂർണ്ണ പുകവലി നിരോധിതരാജ്യമാണ്. ലംഘിക്കുന്നവർക്ക് വൻതുക പിഴനൽകേണ്ടിവരും.

ഒൻപത് മണ്ഡലങ്ങളിലാണ് പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നത്. ജീവിതനിലവാരം, വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരിക വൈവിധ്യം, സമൂഹത്തിന്റെ ഉണർവ്, സമയവിനിയോഗം, മാനസികസൗഖ്യം, പ്രകൃതിവൈവിധ്യം 9 മണ്ഡലങ്ങളിലായി 124 ഉപസൂചകങ്ങളുണ്ട്. ഈ ചട്ടക്കൂടിലാണ് ജനങ്ങളുടെ ആനന്ദം വിലയിരുത്തുന്നത്. 45 ശതമാനം ജനങ്ങൾ അതിസന്തുഷ്ടരും 47 ശതമാനം ചെറിയതോതിൽ സന്തുഷ്ടരും 8 ശതമാനം തീർത്തും സന്തോഷമില്ലാത്തവരുമാണ് എന്നാണ് ഇപ്പോഴത്തെ കണക്ക്. അഞ്ചുവർഷത്തിനുള്ളിൽ 4 ശതമാനം വർധനവ്. കുറഞ്ഞ മേഖല കണ്ടെത്തി മെച്ചപ്പെടുത്താൻ സർക്കാർ ശ്രമിക്കും.

ഭൂട്ടാന്റെ വികസന മാതൃക ഇന്ന് അന്തർദേശീയമായി ശ്രദ്ധനേടുകയാണ്. ഒരു രാജ്യത്തെ ജനങ്ങളുടെ സന്തോഷത്തെ അടിസ്ഥാനമാക്കിയുള്ള വികസന മാതൃകകളാണ് ഇന്ന് ആവശ്യം. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച നിർണയിക്കുന്ന ഇന്നത്തെ മാനദണ്ഡങ്ങൾ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയോ അവരുടെ സുസ്ഥിതിയെ ലക്ഷ്യമാക്കിയോ അല്ല. ഭൂട്ടാൻ നമുക്ക് നൽകുന്ന സന്ദേശം, നടപടി പുസ്തകത്തിലെ ആദിമ ക്രൈസ്തവരുടെ ജീവിതത്തെയാണ് ഓർമിപ്പിക്കുന്നത്.

പരമകാരുണികനായ ദൈവത്തിന്റെ അനന്തമായ കാരുണ്യ പ്രവാഹത്തിനു തടസ്സമായ ലഹരി ആസക്തി കാരണം തകർച്ച നേരിടുന്ന വ്യക്തികൾക്കും ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കും ***ഒരു സദ്വാർത്ത.*** തിരുവനന്തപുരം ലത്തീൻ അതിരൂപതാ സാമൂഹ്യ ശുശ്രൂഷ സമിതിയും, പ്രതീക്ഷ IRCAയും സംയുക്തമായി കേരള കാത്തലിക് റിന്യൂവൽ സർവ്വീസ് തിരുവനന്തപുരം സോണിന്റെ സഹകരണത്തോടെ **9-ാമത് മുക്തി ലഹരി ആസക്തി വിമോചന കുടുംബ നവീകരണ ധ്യാനം** നടത്തുന്നു.

തീയതികളിൽ അനുഗ്രഹഭവനിൽ നടക്കുന്ന **മുക്തി 9-ാമത്** ധ്യാനത്തിൽ എല്ലാ ദിവസവും ദിവ്യബലി, ദിവ്യകാരുണ്യ ആരാധന, അഭിഷേക ശുശ്രൂഷകൾ, അനുഭവ സാക്ഷ്യങ്ങൾ, പ്രമുഖ ധ്യാനഗുരുക്കന്മാരുടേയും അൽമായശുശ്രൂഷകരുടേയും വചനപ്രഘോഷണം, വിദഗ്ദ ഡോക്ടർമാരുടെ ക്ലാസ്സുകൾ, ഫാമിലി കൗൺസിലിംഗ്, വിനോദ പരിപാടികൾ എന്നിവ ഉണ്ടായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കായിരിക്കും പ്രവേശനം. വിവാഹിതർ ദമ്പതികളായി തന്നെ പങ്കെടുക്കുക. അല്ലാത്തവർ അടുത്ത ബന്ധുവുമൊത്തു പങ്കെടുക്കുക.

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി

തിരുവനന്തപുരം ലത്തീൻ അതിരൂപത മദ്യവിരുദ്ധ സമിതി

ലഹരി ആസക്തിയിൽ നിന്ന് വിടുതലും വിമോചനവും നേടി സൗഖ്യവും രക്ഷയും പ്രാപിക്കുവാൻ മുക്തി 9-ാമത് ധ്യാനത്തിൽ പങ്കെടുക്കുക.
പ്രാർത്ഥനയ്ക്കും, രജിസ്ട്രേഷനും, മറ്റു വിവരങ്ങൾക്കും വിളിക്കുക.

9400820818 **9495591783** **9446945333**

ഫാ. ലെനിൻ രാജ്, സെക്രട്ടറി T.S.S.S., Ph: 9495627990

Total Page 44 Pub. Date : 01.01.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.